തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

# ജീവനും വെളിച്ചവും

ജൂൺ 2026





CELEBRATING OUR
30TH ANNIVERSARY
Chavara
Matrimony.com
Connecting Hearts
since 1996
ലത്തീൻ ക്രിസ്ത്യൻ
കല്യാണാലോചനകൾ ചാവറ മാട്രിമണിയിൽ
ഹൃദയങ്ങൾ
ഒന്നായ
30
വർഷങ്ങൾ
2 ലക്ഷം
വിവാഹങ്ങൾ
4 ലക്ഷം
കുടുംബങ്ങൾ
Get it on Google Play
Download on the App Store
Fr. Anil Philip CMI, Director
Johnson C Abraham, Executive Director
Chavara Family Welfare Centre
സി.എം.ഐ വൈദികർ നേതൃത്വം നൽകുന്നു
H.O Chavara Cultural Centre, Kochi
32 Branches in Kerala,
Bangalore, Chennai,
Mumbai, Delhi & USA
99617 44444
0484 40 80 333
1800 103 4080
TRIVANDRUM
Call us 92402 91743

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം
2026 ജൂൺ | പുസ്തകം 70 | ലക്കം 6

**രക്ഷാധികാരി:**
മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ

**സഹരക്ഷാധികാരി:**
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
മോൺ. യൂജിൻ എച്ച്. പെരേര

**ഉപദേശക സമിതി:**
റവ. ഡോ. ലോറൻസ് കുലാസ്
റവ. ഡോ. ഗ്ലാഡിൻ അലക്സ്
ഫാ. സനീഷ് എസ്. എം.
ഫാ. സൈറസ് കളത്തിൽ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. ബീഡ് മനോജ്
ഫാ. ഡാർവിൻ ഫെർണാണ്ടസ്
ഫാ. റിച്ചാർഡ് സഖറിയാസ്
ഫാ. ലൂസിയാൻസ് തോമസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. നിജു അജിത്ത്
ഫാ. ഫ്രെഡി സോളമൻ

**പത്രാധിപർ:**
ഫാ. വിജിൽ ജോർജ്ജ്

**സഹ പത്രാധിപർ:**
ബർഗ്‌മാൻ തോമസ്

**പത്രാധിപ സമിതി:**
മോൺ. ജയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
സുനിൽ സി. ഇ.
ഡോ. ഐറിസ് കൊയ്‌ലിയോ
ജോൺസൺ റോച്ച്

**മാനേജർ** (പരസ്യ വിഭാഗം):
ഫാ. മനീഷ് പീറ്റർ

**കവർ & ലേ-ഔട്ട്:**
സതീഷ് ജി.

**വിലാസം**
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
0471- 2724001
jeevanumvelichavum@gmail.com
www.latinarchdiocesetrivandrum.org
www.archtvmnews.com

വില 30 രൂപ | വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
Editor, Jeevanum Velichavum
A/c No. 57027220934, IFSC- SBIN0070308
State Bank of India, Sasthamangalam

## മുഖവിചാരം

20-ാം നൂറ്റാണ്ടിലെ സോവിയറ്റ് യൂണിയന്റെ പരമോന്നത നേതാവായിരുന്നു ജോസഫ് സ്റ്റാലിൻ. സോവിയറ്റ് യൂണിയനെ മൂന്നു പതിറ്റാണ്ടിലേറെക്കാലം ഭരിച്ചു. ഏകാധിപതിയും വിപ്ലവകാരിയുമായിരുന്നു. ഉരുക്കു മനുഷ്യൻ എന്ന് സ്വയം നാമകരണം ചെയ്തു. സ്വന്തം ആരാധനയെ പ്രോത്സാഹിപ്പിച്ചു. ഭരണംപോലെ അദ്ദേഹത്തിന്റെ ജീവിതവും, ഭീകരതയും ക്രൂരതകളും ദുരൂഹതകളുംനിറഞ്ഞ കഥകളാൽ സമ്പന്നമായിരുന്നു. അദ്ദേഹത്തെക്കുറിച്ച് പ്രശസ്തമായ ഒരു കഥയുണ്ട്. 'പറിച്ചെടുത്ത തൂവലുകളുടെ പാഠം' എന്നാണ് കഥയുടെ ശീർഷകം. ഒരിക്കൽ സ്റ്റാലിൻ തന്റെ പ്രജകളെ ഒരു പാഠം പഠിപ്പിക്കാനായി, ജീവനുള്ള ഒരു കോഴിയുടെ എല്ലാ തൂവലുകളും ഒന്നൊഴിയാതെ പറിച്ചെടുത്തു. അതിനുശേഷം ആ കോഴിയെ വേദനയോടെ തറയിൽ കിടത്തി. പിന്നീട് അദ്ദേഹം കുറച്ച് ദൂരെ മാറിനിന്ന് കോഴിയുടെ അടുത്തേക്ക് ധാന്യമണികൾ എറിഞ്ഞു കൊടുക്കാൻ തുടങ്ങി. രക്തം പുരണ്ട്, അതികഠിനമായി വേദനിച്ച ആ കോഴി വിശപ്പുകൊണ്ട് സ്റ്റാലിന്റെ കാല്ക്കലേക്ക് ഓരോ ചുവടായി നടന്നു വന്നു. അപ്പോൾ സ്റ്റാലിൻ തന്റെ അനുയായികളോട് പറഞ്ഞു: "ജനങ്ങളെ ഭരിക്കാനും നിയന്ത്രിക്കാനും ഏറ്റവും എളുപ്പമുള്ള വഴി ഇതാണ്. നിങ്ങൾ അവരെ എത്രമാത്രം വേദനിപ്പിച്ചാലും, അവസാനം ഒരു പിടി ആഹാരം കൊടുത്ത് സഹായിച്ചാൽ അവർ എപ്പോഴും നിങ്ങളുടെ പിന്നാലെ തന്നെ നടക്കും." ഒരു ഭരണാധികാരിയും ഇവ്വിധമാകരുത് എന്നതിന്റെ ദൃഷ്ടാന്തമാണ് ഇക്കഥ.

കേരളത്തിലെ ഇടതുപക്ഷം ഭരിച്ച പത്തുവർഷക്കാലത്തെ ആദ്യ അഞ്ചുവർഷം സ്തുത്യർഹമായ സേവനം കാഴ്ച്ചവച്ചു. കോവിഡ് -പ്രളയം -ഉരുൾപൊട്ടൽ കാലത്തെ ഇടപെടൽ ഉദാഹരണങ്ങളായി എടുത്തുകാട്ടാനാവും. തുടർന്നങ്ങോട്ട് എന്തുകൊണ്ടോ ആ മെരിറ്റ് നിലനിർത്തനായില്ല. അഴിമതി, സ്വജനപക്ഷപാതം, ശബരിമല സ്വർണ്ണക്കൊള്ള, രക്തസാക്ഷി ഫണ്ട് വെട്ടിപ്പ് മുതലായ കാരണങ്ങളാൽ പാർട്ടിയും ഭരണകൂടവും വിമർശനത്തിന് വിധേയമായി. അതിന്റെ നിജസ്ഥിതി ബോധിപ്പിക്കാൻ അധികാരികൾക്കായില്ല അങ്ങനെ ജനങ്ങൾക്ക് ഭരണകൂടത്തോടുള്ള വിശ്വാസം നഷ്ടമായി.

അടിത്തട്ടിലെ ജനത അനീതികൾക്കും അവഗണനകൾക്കും വിധേയമായതായി സാമൂഹിക നിരീക്ഷകർ കണ്ടെത്തുന്നു. വിഴിഞ്ഞത്തെ അശാസ്ത്രീയമായ തുറമുഖനിർമ്മിതിക്കെതിരെ നടത്തിയ പ്രതിഷേധസമരത്തെ ഭീകരാക്രമണമെന്നു പ്രചരിപ്പിച്ച് ആയിരത്തോളം മത്സ്യത്തൊഴിലാളികൾക്കെതിരെ കേസെടുത്തതൊരുദാഹരണമായി അവർ പറയുന്നു.

പത്തുവർഷങ്ങൾക്കിപ്പുറം സ്വാഭാവികമായും ജനം മാറ്റം കൊതിച്ചു. പുതിയ ഭരണകൂടം അധികാരമേറ്റു. ശക്തമായ മതേതര വിലപാടുള്ള, കേരളത്തിന്റെ ഭാവിയെക്കുറിച്ച് നല്ല കാഴ്ചപ്പാടുള്ള, പുതുതലമുറയോട് നന്നായി സംവദിക്കാൻ അറിയാവുന്ന ഒരു ജനപ്രതിനിധിയാണ് ഇപ്പോഴത്തെ മുഖ്യമന്ത്രി എന്ന് പരക്കെ അഭിപ്രായം ഉയർന്നു. വലിയ പ്രതീക്ഷയാണ് പുതിയ മുഖ്യമന്ത്രിയുടെയും ഭരണകൂടത്തിന്റെയുംമേൽ ജനങ്ങൾക്കുള്ളത്.

മാനുഷിക മൂല്യങ്ങളും മനുഷ്യാന്തസ്സും മാനിക്കാൻ പുതിയ ഭരണകൂടത്തിനു കഴിയട്ടെ! •




## യൗസേപ്പിതാവിന്റെ ജീവിതം

മേരി ജോസഫ്, പുല്ലുവിള

വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ചുള്ള ഇമ്മാനുവേൽ അച്ചന്റെ ലേഖനം ഉൾക്കാഴ്ച നൽകുന്ന ഒന്നായിരുന്നു. വേറിട്ട ചിന്തകളും കാഴ്ചപ്പാടും മനോഹരമായ ഭാഷയും കാച്ചിക്കുറുക്കിയ ശൈലിയും അച്ചന്റെ ലേഖനങ്ങളുടെ സവിശേഷതയാണ്. യൗസേപ്പിതാവിന്റെ ജീവിതവും വൈവിധ്യങ്ങളുടെ മനോജ്ഞമായ ഒരു ജപമാലയായിരുന്നല്ലോ! ദൈവമാതാവിനെയും ദൈവപുത്രനെയും പോറ്റിയ യൗസേപ്പിതാവിന്റെ മാതൃക ഉന്നതമാണ്.

പ്രിയംനിറഞ്ഞ ഇമ്മാനുവേലച്ചന് അഭിനന്ദനങ്ങൾ...

## എഫ് സി ആർ എ നിയമ ഭേദഗതി ബില്ലും ന്യൂനപക്ഷങ്ങളും

ഷാജു വില്യം, വലിയതുറ

എഫ് സി ആർ എ നിയമ ഭേദഗതി ബിൽ ഉയർത്തുന്ന ആശങ്കകളെക്കുറിച്ചുള്ള നേർക്കാഴ്ച വായിച്ചു. ന്യൂനപക്ഷങ്ങളെ ദ്രോഹിക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ് കേന്ദ്ര സർക്കാർ. ജനാധിപത്യ രാജ്യത്തിലെ മതേതര സർക്കാരിന് പറ്റിയ കാര്യങ്ങളല്ല ബി ജെ പി സർക്കാർ ചെയ്തു കൂട്ടുന്നത്. ന്യൂനപക്ഷങ്ങളെ അകറ്റി നിർത്താനല്ല, ചേർത്തണയ്ക്കാനുള്ള മനസ്സാണ് അനിവാര്യം.

## സുവിശേഷ പ്രഘോഷണത്തിന്റെ പുതുവഴികൾ

മോനിക്ക യോഹന്നാൻ, വെട്ടുകാട്

മേയ് ലക്കത്തിൽ സിസ്റ്റർ ലിസി മരുതനാക്കുഴിയുടെ ലേഖനം ഈടുറ്റതായിരുന്നു. ഡിജിറ്റൽ യുഗത്തിൽ ക്രിസ്തുവിനെ സാക്ഷ്യം വഹിക്കുക എന്നത് അത്യന്തം ക്ലേശഭരിതമായ കാര്യമാണ്. എങ്കിലും നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പറയുക എന്ന കർത്താവിന്റെ കൽപന അനുസരിക്കുകയും വേണമല്ലോ! സുവിശേഷ പ്രഘോഷണത്തിന് ഡിജിറ്റൽ മീഡിയകളെ സമർഥമായും ബുദ്ധിപരമായും ഉപയോഗിക്കുകയെന്നതാണ് പുതിയ കാലത്തിന്റെ പോംവഴി. ആധുനിക ലോകത്തിന്റെ ചടുലമായ മാറ്റങ്ങൾക്കൊത്ത് സുവിശേഷ പ്രഘോഷണദൗത്യങ്ങളും പുതുവഴികൾ താണ്ടുന്നത് പ്രശംസനീയം തന്നെ.

## വ്യത്യസ്ത വിഭവങ്ങൾ, എല്ലാംകൊണ്ടും മെച്ചം

ജിനു ജെറമിയാസ്, അഞ്ചുതെങ്ങ്


കഴിഞ്ഞ ലക്കം ജീവനും വെളിച്ചത്തിലും പ്രസിദ്ധീകരിച്ച ഭിക്ഷ, രക്തക്കുരിശ് എന്നീ കവിതകൾ ഉന്നത നിലവാരം പുലർത്തി. ജിജി അച്ചന്റെ 'സെൽഫി' എന്ന കഥ ഹൃദയത്തെ സ്പർശിച്ചു. വാഴ - 2 എന്ന സിനിമയുടെ വായന സുനിൽ അച്ചൻ ധന്യമാക്കി. ആത്മീയ ചിന്തകളെ ഉണർത്താൻ ഉപകരിക്കുന്ന മുഖവിചാരം ഉത്സാഹത്തോടെയാണ് വായിക്കുന്നത്. ധാരാളം ചിന്തോദ്ദീപക വിവരങ്ങൾ മുഖവിചാരത്തിന്റെ പ്രത്യേകതയാണ്. മണലിലെ രാജാവ് രോഹിത് യേശുദാസ് ഇന്ത്യയുടെ വരുംകാലത്തെ ത്രസിപ്പിക്കുന്ന പ്രതീക്ഷയാണ്. ചരിത്രപഥം ചരിത്രത്തിലേക്കുള്ള അറിവിന്റെ ജാലകമാണ്. ജൂബിലി ആശുപത്രിയുടെ സാന്ത്വനം ആരോഗ്യ സമൃദ്ധി പദ്ധതി ആരോഗ്യ രംഗത്തെ ശോഭനമാക്കും. വ്യത്യസ്ത വിഭവങ്ങളുമായി ജീവനും വെളിച്ചവും മാസിക നാൾക്കുനാൾ മികവിൽ നിന്നും മികവിലേക്കു പോകുന്നതിൽ അതിയായി സന്തോഷിക്കുന്നു. അഭിനന്ദങ്ങൾ..

## ദൈവവിളി

ജെറാൾഡ് ബി മിരാൻഡാ, തോന്നയ്ക്കൽ

മേയ് ലക്കത്തിൽ വൊക്കേഷനെക്കുറിച്ചുള്ള സമർപ്പിതരുടെ വിലയിരുത്തലുകളും കാഴ്ചപ്പാടും ദർശനവും നല്ലതായി തോന്നി. എന്താണ് ദൈവവിളി എന്നു ചോദിച്ചാൽ ദൈവം വിളിക്കുന്നതാണ് ദൈവവിളി എന്നാണ് ഏറ്റവും ലളിതമായ ഉത്തരം. ദൈവം എന്തിനെന്നെ വിളിച്ചു എന്നതും പ്രസക്തവും പ്രധാന്യവും പ്രത്യേകതയുള്ളതുമായ ചോദ്യമാണ്. ദൈവരാജ്യത്തിനു വേണ്ടി (നിത്യജീവനും സ്വർഗത്തിനും) ആത്മാക്കളെ നേടുകയാണ് ദൈവവിളിയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. ദൈവം വിളിക്കുന്നു, ആ വിളി നാം കേൾക്കുന്നു, പ്രത്യുത്തരം നൽകുന്നു എങ്കിലും ഭൗതികതയുടെ അതിപ്രസരമുള്ള ജീവിത സാഹചര്യങ്ങളിൽ സങ്കീർണ്ണ പ്രശ്നങ്ങളുടെ സമ്മർദ്ദവും ദൈവവിളിയിൽ ഉൾച്ചേർന്നിരിക്കുന്നു. വിളിച്ചവനോട് വിശ്വസ്തതയും വിശുദ്ധിയും വിവേകവുമുള്ളവനായിരിക്കുക എന്നതാണ് ദൈവവിളിയുടെ വിജയവാക്യം.

33 വയസ്സുമാത്രം ജീവിച്ചിരുന്ന ക്രിസ്തു സന്തോഷവാനായിരുന്നു. ദൈവപുത്രനായിരുന്നെങ്കിലും പ്രലോഭനങ്ങളും പ്രതിസന്ധികളുമെല്ലാം ക്രിസ്തു തരണം ചെയ്തത് പ്രാർഥനയിലൂടെയായിരുന്നു. ക്രിസ്തുവിന്റെ സന്തോഷപൂർണതയുടെ രഹസ്യം തന്നെ അയച്ച പിതാവിനെ വിധേയത്വത്തോടെ അനുസരിച്ചുവെന്നതാണ്. ആ അനുസരണയും വിട്ടുപിരിയാത്ത സ്നേഹവും വാത്സല്യവും സ്വായത്തമാക്കിയത് നിരന്തര പ്രാർഥനയിലൂടെയാണ്. നമ്മെ വിളിച്ചു വേർതിരിച്ച ദൈവത്തോട് ചേർന്നുനിന്നാൽ സമർപ്പിത ജീവിതങ്ങൾ സ്വർഗമാകും. സമർപ്പിതർ ആത്മാക്കളെ നേടുന്ന ഈശോയുടെ പ്രീയപ്പെട്ടവരാകും. അനുഗ്രഹീതമാണ്, ധന്യമാണ്, പരിശുദ്ധവും പരിപാവനവുമാണ് ഓരോദൈവവിളിയും. എല്ലാ സമർപ്പിതർക്കും വേണ്ടി ആത്മാർഥമായി പ്രാർഥിക്കുക എന്ന ശ്രേഷ്ഠമായ കർത്തവ്യം സഭാ മാതാവ് ഓരോ വിശ്വാസിയേയും ഭരമേൽപ്പിച്ചിരിക്കുന്നു. ഉത്തമവും ഉദാത്തവും ഉത്കൃഷ്ടവുമായ ദൈവവിളികൾക്കായി നമുക്ക് പ്രാർഥിക്കാം.



# താളുകളിൽ


## ആനുകാലികം

**06** ജനങ്ങൾ നടത്തിയ ഒരു രക്ഷാപ്രവർത്തനം
എം. ജോൺസൺ റോച്ച്

**10** പുതിയ ഭരണത്തിൽ നിന്ന് കേരളത്തിലെ സ്ത്രീകൾ പ്രതീക്ഷിക്കുന്നത്
റാണി പ്രദീപ്

## ലേഖനം

**12** കരയുന്ന കടലും കത്തുന്ന ഭൂമിയും
അജിത് വെണ്ണിയൂർ

**18** പുതിയ അധ്യയനവർഷം: ആശങ്കകളുടെയും പ്രതീക്ഷകളുടെയും
ഡോ. ആൻറണി ഡെയ്ൻ

**22** വായനയിലൂടെ ചേക്കേറുന്ന മറ്റുജീവിതങ്ങളെക്കുറിച്ച്
ഐറിസ്

**32** സാധന: തിരുവനന്തപുരം അതിരൂപതയുടെ കാരുണ്യത്തിന്റെ മുഖം
ശോഭ ഷിജു

## കവിത

**11** മരിയഗീതം
സിന്ധുമോൾ തോമസ്

**29** ആശുപത്രി വാർഡ്
അജി. എസ്

## വായന

**26** കടൽ കരകവിയുന്ന കഥകൾ
ഡോ. സോമൻ കടലൂർ

## ചരിത്രപഥം

**30** തിരുവനന്തപുരം അതിരൂപത നവതി ആഘോഷിക്കാനൊരുങ്ങുമ്പോൾ – 5
ഇഗ്നേഷ്യസ് തോമസ്

## കാനോൻ നിയമം

**17** മൃതസംസ്കാരാഘോഷം
ഫാ. ജോസ് ജി.

## നേർക്കാഴ്ച

**42** വനിതാ സംവരണവും ലോക്സഭാ നിയമസഭാ മണ്ഡലങ്ങളുടെ പുനർനിർണയവും
ജെ. സി.


**34** വചനജ്വാല

**38** നീർച്ചാൽ

**36** വാർത്തകൾ
















# ജനങ്ങൾ നടത്തിയ

•ആനുകാലികം


**എം. ജോൺസൺ റോച്ച്**






കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്റ്റാലിനിസം അതിന്റെ എല്ലാ ഭീകരതകളോടും കൂടി കേരളത്തിൽ നടമാടിയിരുന്നു. ഏകഛത്രപതിയായി പാർട്ടിയെ പിടിച്ചടക്കുക മാത്രമായിരുന്നില്ല. മാഫിയ സംവിധാനം കെട്ടിപ്പടുക്കുക കൂടി ചെയ്തിരുന്നു.
40 പോലീസ് വാഹനങ്ങളുടെ അകമ്പടിയോടുകൂടി ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി ഒരു മഹാരാജാവിനെപ്പോലെ പാഞ്ഞു പോവുകയായിരുന്നു.





# ഒരു രക്ഷാപ്രവർത്തനം


വാക്കൊന്നും പ്രവൃത്തി മറ്റൊന്നുമായി മാറുമ്പോൾ, പ്രസ്ഥാനങ്ങളെയും നേതാക്കളെയും ജനങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുമെന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് കേരളത്തിലെ ഇക്കഴിഞ്ഞ നിയമസഭ തിരഞ്ഞെടുപ്പ്. ഇടതുപക്ഷസർക്കാർ രാഷ്ട്രീയത്തിൽ പുലർത്തേണ്ട ധാർമികതയും ജനങ്ങളോട് നിലനിർത്തേണ്ട മര്യാദയുമൊക്കെ കാത്തുസൂക്ഷിക്കാത്തതിന്റെ ദുരന്തഫലമായിരുന്നു സംസ്ഥാന തിരഞ്ഞെടുപ്പ് ഫലം. ചോദ്യം ചോദിക്കുന്നവരോട് കടക്ക് പുറത്ത് എന്നോ, വീട്ടിൽ പോയി ചോദിക്ക് എന്നോ ആക്രോശിച്ച അധികാരികളോട് സാധാരണ ജനങ്ങൾ കണക്ക് ചോദിച്ചിരിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്റ്റാലിനിസം അതിന്റെ എല്ലാ  ഭീകരതകളോടും കൂടി കേരളത്തിൽ നടമാടിയിരുന്നു. പിണറായി കേരള മുഖ്യമന്ത്രിയായിരുന്നില്ല, കേരള രാജാവായിരുന്നു. ഏകഛത്രപതിയായി പാർട്ടിയെ പിടിച്ചടക്കുക മാത്രമായിരുന്നില്ല. മാഫിയ സംവിധാനം കെട്ടിപ്പടുക്കുക കൂടി ചെയ്തിരുന്നു. 40 പോലീസ് വാഹനങ്ങളുടെ അകമ്പടിയോടുകൂടി ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി ഒരു മഹാരാജാവിനെപ്പോലെ പാഞ്ഞു പോവുകയായിരുന്നു.

പിണറായിയുടെ ഇടതുപക്ഷ ഭരണത്തിൽ കടുത്ത ധിക്കാരവും ധാർഷ്ട്യവും അഹങ്കാരവുമാണ് കേരളം കണ്ടത്. സി.പി.എമ്മിന്റെ ദാസന്മാരായി മാറിയ സാംസ്കാരിക നായകൻമാർ അവരെ സ്തുതിച്ചുകൊണ്ടുള്ള പാട്ടും കവിതകളുമായി ആസ്ഥാന സാംസ്കാരിക നായകന്മാരായി വിരാചിച്ചു. പിണറായിസ്തുതി വാഴ്ത്തുപാട്ടായി പാടിനടന്ന് അവർ സ്വയം അധഃപതിച്ചു. സി.പി.എമ്മിന്റെ ചരിത്രപണ്ഡിതന്മാർ തങ്ങൾ ബുദ്ധിജീവികളാണെന്ന് നടിച്ച് പിണറായിസ്തുതിയും ചരിത്രവും തമ്മിൽ കൂട്ടിക്കെട്ടി പ്രസംഗിച്ചു.

ഏകാധിപതിയായ പിണറായിയെ കരുത്തനായ ഒരു പിണറായിയായി അവതരിപ്പിക്കാനായി, പി.ആർ. വർക്കെന്ന സകല കലാപരിപാടികളും അരങ്ങുതകർത്തു. പി.ആർ.വർക്കിനായി കിഫ്ബി ഫണ്ട് ധൂർത്തടിച്ചു. കിഫ്ബി ചെയർമാനായിരുന്ന കെ.എം.എബ്രഹാമിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥന്മാരുടെ ഒരു സംഘം, പിണറായി ഗാങ് ആയി പ്രവർത്തിച്ചു വന്നിരുന്നു. മോഹൻലാലുമായിട്ടുള്ള അഭിമുഖം പ്രസിദ്ധപ്പെടുത്താനായി മാത്രം പത്തുകോടി രൂപ ചെലവഴിച്ചതായി അറിയുന്നു. മനോരമയുടെയും മാതൃഭൂമിയുടെയും സർവേഫലങ്ങൾ തന്നെ ഒരു പ്രഹസനമായിരുന്നു. പിണറായി വിജയനെ താങ്ങി നിറുത്തുന്നതായിരുന്നു ഇരുവരുടെയും സർവേഫലങ്ങൾ! പരസ്യം നൽകുന്ന സർക്കാരിനെതിരെയുള്ള വാർത്തകൾ പലതും മാധ്യമങ്ങൾ തമസ്കരിച്ചിരുന്നത് എത്ര അപഹാസ്യമായ പത്രപ്രവർത്തനമാണ്.




പിണറായി വിജയന്റെ പഞ്ചനക്ഷത്ര സ്വകാര്യജീവിതത്തിനുവേണ്ടിമാത്രം, ഇക്കഴിഞ്ഞ പത്തുവർഷക്കാലം ചെലവഴിച്ചത് ഇരുന്നൂറിലധികം കോടി



ലത്തീൻ കത്തോലിക്കരിൽ ഭൂരിപക്ഷവും യു.ഡി.എഫിനാണ് വോട്ട് ചെയ്തത്. എന്നാൽ, അവർക്ക് മന്ത്രിസഭയിൽ അവർ അർഹിക്കുന്ന പരിഗണന കോൺഗ്രസ് കൊടുത്തില്ല. ഫിഷറീസ് വകുപ്പ് ലത്തിൻ കത്തോലിക്കനു നൽകിയതുമില്ല. ഇതെല്ലാം പരിഗണിച്ച് വരാൻ പോകുന്ന നിർണായക നിയമനങ്ങളിൽ ഈ സമുദായത്തിന് മുൻഗണന നൽകണം.

രൂപയാണ്. കുടുംബസമേതം കോട്ടും സ്യൂട്ടുമിട്ട് നടത്തിയ ഉലകംചുറ്റലിന് എത്രകോടികളാണ് തുലച്ചത്. ചരിത്രത്തിൽ ആദ്യമായാണ് സ്വർണക്കടത്ത് ആരോപണം ഒരു മുഖ്യമന്ത്രിക്ക് എതിരെ ഉയരുന്നത്. മാസപ്പടിക്കേസിൽ വ്യക്തമായ തെളിവുകൾ ഉണ്ടായിട്ടും ബി.ജെ.പി യുമായുള്ള ബാന്ധവത്താൽ, അതിൽനിന്ന് രക്ഷപ്പെടുകയായിരുന്നു. പാർട്ടി പിണറായി വിജയന്റെ കൈപ്പിടിയിലായി. പാർട്ടി, എന്നാൽ പിണറായി എന്നായി മാറി. പാർട്ടിയും വ്യക്തിയും ഒന്നാകുന്ന കാഴ്ചയാണ് കേരളം കണ്ടത്. പാർട്ടിയിൽ പിണറായി പറയുന്നത് ആപത്‌വാക്യമായി. പാർട്ടി സെക്രട്ടറി കോമാളി വേഷത്തിലേക്ക് മാറി. അദ്ദേഹം, ഭാര്യയ്ക്ക് സീറ്റ് ഒപ്പിച്ചെടുത്ത് സംതൃപ്തി അടഞ്ഞു.

കേരളത്തിൽ മദ്യവും മയക്കമരുന്ന് കച്ചവടവും ലഹരി ഉപയോഗവും സർവസാധാരണയായി മാറി. മദ്യവും മയക്കമരുന്നും ആരോഗ്യത്തിന് നന്നാണെന്നുവരെ പ്രചരിക്കപ്പെട്ടു. സകല സർക്കാർസംവിധാനങ്ങളും പാർട്ടിസെല്ലുകളുടെ നിയന്ത്രണത്തിലമർന്നു. പാർട്ടിക്കാർ ജനങ്ങളെ അടിമകളാക്കി ഭീതിയിലാഴ്ത്തിക്കൊണ്ടിരുന്നു. സി.പി.എമ്മിന്റെ പിൻബലമില്ലാത്തവർ ഭയന്നുവിറച്ചാണ് പോലീസ് സ്റ്റേഷനിലേക്കും സർക്കാർ ഓഫീസുകളിലേക്കും കയറിച്ചെന്നത്. സകല മേഖലകളിലും അഴിമതി കൊടികുത്തിവാണു. കമ്മ്യൂണിസത്തെ വെറും മേലങ്കിയാക്കി ജനങ്ങളെ ഭയപ്പെടുത്തി, ജനങ്ങളെ കവർന്ന് സർക്കാർ പരിപാടികളിലൂടെ സി.പി.എം നേതാക്കന്മാർ കേരളത്തിലെ ഏറ്റവും വലിയ സാമ്പത്തിക അധിപന്മാരായി മാറുകയായിരുന്നു. മതാതീതമായും സാംസ്കാരികമായും, സാമ്പത്തികമായും പരസ്പരാശ്രയത്തോടെ ജീവിച്ച മലയാളികളുടെ ജീവിതത്തിൽ മതേതരത്വം പറഞ്ഞുകൊണ്ട് സി.പി.എം മതസ്പർദ്ധ വളർത്തിയെടുക്കുകയായിരുന്നു. അങ്ങനെ സമത്വവും സാഹോദര്യവും പരസ്പരാദരവും പുലർത്തിയിരുന്ന ഒരു രാഷ്ട്രീയ സംസ്കാരത്തിൽനിന്ന് മലയാളികളെ വ്യതിചലിപ്പിക്കാൻ സി.പി.എം ശ്രമിച്ചു. നാല് വോട്ടിനുവേണ്ടി അഭിമന്യുവിനെ കൊലചെയ്ത എസ്.ഡി.പി.ഐയുമായി ചങ്ങാത്തം സ്ഥാപിച്ചു. ഇതോടെ സി.പി.എം കപട മതേതരത്വ പാർട്ടിയാണെന്ന് ജനം തിരിച്ചറിഞ്ഞു. മത്സ്യത്തൊഴിലാളികളുടെ തൊഴിലിനെയും കടലിന്റെ ആവാസവ്യവസ്ഥയെയും നശിപ്പിക്കാതെ മത്സ്യത്തൊഴിലാളികളുടെ കരുതൽ ഉറപ്പുവരുത്തിയാണ് അന്താരാഷ്ട്ര തുറമുഖപദ്ധതി നടപ്പിലാക്കേണ്ടതെന്ന് ആവശ്യപ്പെട്ട് സമരംചെയ്ത തിരുവനന്തപുരം ലത്തീൻരൂപതാധികൃതരുടെമേൽ ഒരു തത്വദീക്ഷയുമില്ലാതെ ക്രിമിനൽ കുറ്റം ചുമത്തിയാണ് കേസ് എടുത്തത്.

പിണറായി വിജയനും കൂട്ടരും ആവിഷ്കരിച്ചുകൊണ്ടിരുന്ന ധാർഷ്ട്യത്തിൽനിന്നും അഹങ്കാരത്തിൽനിന്നുമുള്ള വീണ്ടെടുക്കലിന്റെ പ്രതികരണമായിരുന്നു കേരള ജനതയുടെ തിരഞ്ഞെടുപ്പ് വിധി. അധികാര പ്രമത്തതയിൽ അഴിഞ്ഞാടിയവരോട് കേരളജനത കടക്ക് പുറത്തെന്ന് വിളിച്ച പറഞ്ഞു. അതുവരെ കേരള ജനത ഇവരുടെ ആശ്രിതരാണെന്ന് കരുതി മുന്നോട്ടു പോകുകയായിരുന്നു. ആ ധാരണ തിരുത്തി സി.പി.എമ്മിന്റെ അടിമസമ്പ്രദായത്തെ കേരളജനത നിലത്തിട്ട് വലിച്ചു കീറുകയായിരുന്നു. പാർട്ടി ഗ്രാമങ്ങളിലെ സഖാക്കളും സ്ത്രീകളും ചെറുപ്പക്കാരും അണിനിരന്ന് പാർട്ടി സ്ഥാനാർത്ഥിക്കെതിരെ ബാലറ്റ്‌യന്ത്രത്തിൽ വിരൽ അമർത്തുകയായിരുന്നു. അങ്ങനെയാണ് പയ്യന്നൂരും തളിപ്പറമ്പും തൃക്കരിപ്പൂരും ഉദുമയും അമ്പലപ്പുഴയും യുഡിഎഫ് പിടിച്ചെടുത്തത്. പി.ആർ വർക്കിലൂടെ വീണ്ടും ഭരണത്തിൽ വരാമെന്ന പിണറായിസത്തിന്റെ വ്യാമോഹത്തിനുള്ള നിരാകരണം കൂടിയായിരുന്നു തിരഞ്ഞെടുപ്പ് ഫലം. ഈ ഫലത്തോടെ കേരളമെന്ന ഇന്ത്യയിലെ കമ്മ്യൂണിസത്തിന്റെ അവസാനത്തെ തുരുത്തും തകർന്നുവീണു. പിണറായിയിൽ പിറന്നുവീണ കമ്മ്യൂണിസത്തിനു ഒരു പിണറായിക്കാരന്റെ കൈകൊണ്ടുതന്നെ അന്ത്യം കുറിച്ചിരിക്കുന്നു. ഇത് കേരളമാണെന്ന് നാഴികയ്ക്ക് നാല്പതുവട്ടം വിളിച്ചു കൂവുന്ന സഖാക്കൾക്കുള്ള കേരള ജനതയുടെ മറുപടിയായിരുന്നു തിരഞ്ഞെടുപ്പ് വിധി. ഒരു ഏകാധിപതിയിൽനിന്നും കേരളം സ്വാതന്ത്ര്യം നേടിയിരിക്കുന്നു. ആ ഏകാധിപതിയോട് ജനങ്ങൾ ആജ്ഞാപിച്ചു, "കടക്ക് പുറത്ത്."

ഓരോ തിരഞ്ഞെടുപ്പ് ഫലവും വിജയിക്കുന്നവർക്കും പരാജയപ്പെടുന്നവർക്കും ഒരു പാഠമായി മാറണം. പരാജയപ്പെടുന്നവർക്ക് പരാജയകാരണങ്ങൾ ഒരു പാഠമാകണം. വിജയികൾക്ക് ജനസേവനത്തിലുള്ള ഉത്തേജനമായി മാറണം.





ആ കാഴ്ചപ്പാടിൽ യുഡിഎഫ് സർക്കാരിന്റെ തുടക്കം ആവേശം പകരുന്നതാണ്. ഇതൊരു ആരംഭശൂരത്വമായി പരിണമിക്കരുത്. വേതനവ്യവസ്ഥയിൽ അവഗണന അനുഭവിച്ചുവരുന്ന ആശാവർക്കർമാർക്ക് 3000 രൂപയും പ്രീ-പ്രൈമറി അധ്യാപകർക്കും അങ്കണവാടി ജീവനക്കാർക്കും ആയമാർക്കും അവരുടെ സേവനത്തെ മാനിച്ചുകൊണ്ട് 1000 രൂപ വർധിപ്പിച്ചുകൊടുത്തിരിക്കുകയാണ്. ആശാവർക്കർമാർക്ക് വിരമിക്കൽ ആനുകൂല്യം സംബന്ധിച്ച തീരുമാനം താമസിയാതെ പ്രഖ്യാപിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ പറഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയിൽ സ്ത്രീകൾക്ക് സൗജന്യയാത്ര ജൂൺ പതിനഞ്ചുമുതൽ പ്രാബല്യത്തിൽ വരും. വയോജനങ്ങളുടെ കരുതലിനായി വയോജനവകുപ്പ് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഉചിതമായ തീരുമാനമെന്ന് പ്രതിപക്ഷംപോലും സമ്മതിക്കും. രാഷ്ട്രീയ പ്രതിഷേധം നടത്തിയ യൂത്ത്കോൺഗ്രസ് പ്രവർത്തകരെ മർദിച്ച സംഭവത്തിൽ പുനരന്വേഷണത്തിന് ഉത്തരവിട്ടത്, നീതിനടപ്പിലാക്കേണ്ട പോലീസ് ഉദ്യോഗസ്ഥർ രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങൾ ആകരുതെന്ന സന്ദേശം പോലീസുകാർക്ക് നൽകുന്നുണ്ട്.

**യുഡിഎഫ് സർക്കാരിന്റെ തുടക്കം ആവേശം പകരുന്നതാണ്. വയോജനങ്ങളുടെ കരുതലിനായി വയോജനവകുപ്പ് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഉചിതമായ തീരുമാനമെന്ന് പ്രതിപക്ഷംപോലും സമ്മതിക്കും. ഇതൊരു ആരംഭശൂരത്വമായി പരിണമിക്കരുത്.**

മയക്കുമരുന്ന് പൂർണമായും മുക്തമാക്കേണ്ട ചുമതല ഈ സർക്കാരിൽ നിക്ഷിപ്തമാണ്. സ്കൂളുകളിൽ താഴ്ന്നനിലയിൽ നിലനില്ക്കുന്ന ബൗദ്ധിക നിലവാരവും പഠനമികവും ഉയർത്താനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടി യിരിക്കുന്നു. തകർച്ച നേരിടുന്ന ഉന്നത വിദ്യാഭ്യാസ മേഖലയെ തകർച്ചയിൽനിന്നും കരകയറ്റണം. അങ്ങനെ ഉന്നതവിദ്യാഭ്യാസത്തിനായുള്ള നമ്മുടെ കുട്ടികളുടെ പുറത്തേക്കുള്ള ഒഴുക്ക് കഴിവതും ഇല്ലാതാക്കണം. കഴിയുന്നതും കടംവാങ്ങി കേരളത്തെ ഇനിയും കൂടുതൽ കടക്കെണിയിലാക്കാതെ തനതുവരുമാനങ്ങൾകൊണ്ട് കാര്യങ്ങൾ നിർവഹിക്കാൻ പരമാവധി ശ്രമിക്കണം. തൊഴിൽ സാധ്യതകൾ വർധിപ്പിക്കാൻ അശ്രാന്ത പരിശ്രമം ആവശ്യമാണ്.

വി.ഡി. സതീശന്റെ നേതൃത്വത്തിലുള്ള മന്ത്രിടീം ജനാഭിലാഷങ്ങൾക്കും പുത്തൻ തലമുറയുടെ കാഴ്ചപ്പാടുകൾക്കും മുൻഗണന നൽകുന്ന ഒരു ഭരണം കാഴ്ചവെയ്ക്കുമെന്ന് നമുക്ക് കരുതാം. നമ്മുടെ ഭരണഘടനയെ മുൻനിർത്തി സത്യപ്രതിജ്ഞ ചെയ്തിട്ട് ഭരണഘടനയെ 'കുന്തവും കുടചക്രവു'മാക്കി ഭരണം നടത്തരുത്. വർഗീയതയും തീവ്രവാദവും തലപൊക്കാൻ ഒരു കാരണവശാലും അനുവദിച്ചുകൊടുക്കരുത്. ധാർഷ്ട്യവും അഹങ്കാരവും വെടിഞ്ഞ് മതേതരത്വത്തിനു പരമപ്രധാനം നൽകണം. ലത്തീൻ കത്തോലിക്കരിൽ ഭൂരിപക്ഷവും യു.ഡി.എഫിനാണ് വോട്ട് ചെയ്തത്. എന്നാൽ, അവർക്ക് മന്ത്രിസഭയിൽ അവർ അർഹിക്കുന്ന പരിഗണന കോൺഗ്രസ് കൊടുത്തില്ല. ഫിഷറീസ് വകുപ്പ് ആർ.എസ്.പിയിലെ ലത്തിൻകത്തോലിക്കനു നൽകിയതുമില്ല. ഇതെല്ലാം പരിഗണിച്ച് വരാൻ പോകുന്ന നിർണായ നിയമനങ്ങളിൽ ഈ സമുദായത്തിന് മുൻഗണന നൽകണം. വികസനരംഗത്തുള്ള വെല്ലുവിളികളെ നൂതന ആശയങ്ങൾകൊണ്ട് നേരിട്ട്, സംസ്ഥാനത്തെ ഉയർച്ചയിലേക്ക് എത്തിക്കാൻ യു.ഡി.എഫ് സർക്കാരിന് കഴിയുമെന്ന് പ്രത്യാശിക്കാം.




# പുതിയ ഭരണത്തിൽ നിന്ന് കേരളത്തിലെ സ്ത്രീകൾ പ്രതീക്ഷിക്കുന്നത്

റാണി പ്രദീപ്
(കേരള ലാറ്റിൻ കാത്തലിക് വിമൻസ്
അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ്)



സമൂഹത്തിലെ സമഗ്രമായ മാറ്റത്തെയും തുല്യതയെയും പിന്തുണയ്ക്കുന്നതാണ് പുതിയ മന്ത്രിസഭയിലെ നയങ്ങളെന്ന് പ്രതീക്ഷിക്കുന്നു. ഭരണതലത്തിലും സുരക്ഷയിലും സ്ത്രീയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ സ്ത്രീ ശക്തീകരണത്തിന് മുൻഗണന നൽകുന്നു എന്നത് ഏറെ സന്തോഷം നൽകുന്നു.

ഇന്നത്തെ സാഹചര്യത്തിൽ പെൺകുട്ടികൾക്കും സ്ത്രീകൾക്കും 100% സുരക്ഷ ഉറപ്പുവരുത്തണമെങ്കിൽ, ശക്തമായ ഇടപെടലുകൾ അനിവാര്യമാണ്. സ്ത്രീധനത്തിന്റെയും സാമ്പത്തിക ഏറ്റക്കുറച്ചിലുകളുടെയും പേരിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അക്രമങ്ങൾ കൊലപാതകങ്ങളിൽ എത്തി നിൽക്കുന്നു. അനേകം സ്ത്രീകൾ അകത്തളങ്ങളിൽ വിവേചനങ്ങളും പീഡനങ്ങളും അനുഭവിക്കുന്നു. അതിന്റെ പരിണതഫലം അനുഭവിക്കുന്നത് നിഷ്കളങ്കരായ കുഞ്ഞുങ്ങൾ കൂടിയാണെന്നത് നിർഭാഗ്യകരമായ യാഥാർത്ഥ്യമാണ്.

സമൂഹത്തിൽ അനുദിനം വർധിച്ചുവരുന്ന ലഹരിയുടെ ഉപയോഗം തടയാനുള്ള മാർഗങ്ങൾ കണ്ടെത്തി യുവതലമുറയെയും അതിന്റെ പരിണതഫലമായുണ്ടാകുന്ന വൻവിപത്തിനെയും രക്ഷിക്കേണ്ടത് അനിവാര്യമാണ്. ആരോഗ്യപരമായ തലമുറയേയും സമൂഹത്തെയും സൃഷ്ടിക്കുക എന്നത് ഏറ്റവും അത്യന്താപേക്ഷിതമാണ്.

വിദേശ വിദ്യാഭ്യാസമെന്നത് ഒരാസക്തിപോലെ പടർന്നു പിടിച്ചു കഴിഞ്ഞെന്ന യാഥാർഥ്യം തിരിച്ചറിയാതെ പോകരുത്. വിദേശത്ത് പോകുന്നവരിൽ ചെറിയൊരു ശതമാനമേ തിരികെ വരുന്നുള്ളൂ. പഠനശേഷം അവരിൽ ഭൂരിപക്ഷംപേരും അതാത് രാജ്യങ്ങളിലെ തൊഴിലിടങ്ങളിൽ ജീവിതം ഉറപ്പിക്കുന്നു. ദൂരവ്യാപകമായി രാജ്യത്തിന് അപകടകരമായ സാഹചര്യം സൃഷ്ടിക്കുന്ന ഒന്നാണിത്. അതുകൊണ്ട്, ഏതൊരു സാമൂഹ്യ വ്യവസ്ഥിയുടെയും രാജ്യത്തിന്റെ തന്നെയും പ്രത്യാശയും നട്ടെല്ലുമായ യുവജനങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ അവസരങ്ങൾ നാട്ടിൽതന്നെ ഒരുക്കണം. ശേഷം അവരവരുടെ വിദ്യാഭ്യാസത്തിനനുസരിച്ചുള്ള തൊഴിൽ മേഖലകൾ സൃഷ്ടിക്കുവാനും നല്ല നല്ല സ്റ്റാർട്ടപ്പുകൾ ആരംഭിക്കുവാനുള്ള സംവിധാനങ്ങൾ കൊണ്ടുവരാനും ശ്രമിക്കേണ്ടതുണ്ട്.

10 വർഷം കൊണ്ടാണ് ഇത്രയധികം മൈഗ്രേഷൻ നടന്നിട്ടുള്ളത് . നാട്ടിൽ നിന്ന് പഠനാർത്ഥം വിദേശങ്ങളിലേക്കുപോയ കുട്ടികൾ തിരിച്ചുവരാൻ ഇഷ്ടപ്പെടാത്തതുമൂലം നാട്ടിലെ അവരുടെ മാതാപിതാക്കൾ ഒറ്റപ്പെട്ടുപോകുന്ന സാഹചര്യമുള്ളതിനാൽ കുടുംബബന്ധങ്ങൾ ശിഥിലമാക്കപ്പെടുന്നത് ഇന്നൊരു വെല്ലുവിളിയാണ്.

സമൂഹത്തിൽ ഉണ്ടാകുന്ന ഏതൊരു അസന്തുലിതാവസ്ഥയ്ക്കും ഏറ്റവും കൂടുതൽ ഇരയാകുന്നത് സ്ത്രീകളാണ്. അതിനാൽ ഇക്കാര്യത്തിലും സമഗ്രമായ ഒരു മാറ്റം ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു. അത് സ്ത്രീകൾക്ക് മാത്രമല്ല, സമൂഹത്തിനാകെ നന്മ ഉളവാകുന്ന തരത്തിൽ പ്രവർത്തികമാക്കണം. നമ്മെ നോക്കി മറ്റുള്ളവർക്ക് അതിശയോക്തിയോടെ ഇങ്ങനെപറയാൻ സാധിക്കട്ടെ: ഈ കൊച്ചു കേരളത്തിൽ എന്തൊക്കെയാ സംഭവിക്കുന്നത്!?

•കവിത
സിന്ധുമോൾ തോമസ്



# മരിയഗീതം



അമ്മേ, മരിയേ
അമലോത്ഭവേ
അകതാരിൽ അലിവുള്ള കന്യേ
അണയുന്നു ഞങ്ങൾ
കണ്ണുനീർ തൂകി
അരികിൽ, വരദേ അഭയമേകൂ

സർപ്പത്തിൻ ചതിയിൽ വീണവരെ
സർപ്പത്തിൻ തല തകർത്തുകാത്തു
നിന്നുടെ സമ്മതം ദൈവത്തിൻ പുത്രനെ
ഞങ്ങൾക്കു രക്ഷയായ് നൽകി

അലിവാർന്നു ഞങ്ങൾക്കായി പ്രാർത്ഥിക്കണേ,
ദയയുള്ള കന്യകാമാതാവേ

ഓരോ ദിവസവും ഓരോ നിമിഷവും
നിൻ തിരുപുത്രൻറ മുമ്പിൽ
കുന്നിൻ ചെരുവിലെ
പനിനീർപ്പൂപോലെ
പരിമളമാകട്ടെ ഞങ്ങൾ

അമലേ, മരിയേ, കരുണാമയീ
അലിവാർന്നു
ഞങ്ങൾക്കായി പ്രാർഥിക്കണേ

ലേഖനം

അജിത് വെണ്ണിയൂർ



# കരയുന്ന കടലും കത്തുന്ന ഭൂമിയും

ഭൂമി നമുക്ക് അപായസൂചനകൾ തരുന്നു. പകരം നാം എന്ത് സന്ദേശമാണ് തിരികെ നൽകാൻ പോകുന്നത്? എന്ന ചോദ്യമാണ് ഈ വർഷം ലോകത്തിന് മുന്നിലുള്ളത്. ഓർക്കുക, പരിസ്ഥിതി സംരക്ഷണം എന്നത് ഒരു ദിവസത്തെ ഫാഷനല്ല, അത് നമ്മുടെ ജീവശ്വാസം നിലനിർത്താനുള്ള പോരാട്ടമാണ്.

ജൂൺ മാസം മാനവരാശിക്ക് ഒരു വലിയ ഓർമപ്പെടുത്തലാണ്. ജൂൺ 5-ന് ലോകമെമ്പാടും പരിസ്ഥിതിദിനം ആചരിക്കുന്നു, ജൂൺ 8-ന് ലോക സമുദ്രദിനവും. മുന്നിലുള്ളത് രണ്ട് വലിയ മുന്നറിയിപ്പുകൾ. ഒപ്പം നിലനിൽപ്പിനായുള്ള പ്രതീക്ഷയുടെ സന്ദേശവും.

നമ്മുടെ ഭൂമി ഇന്ന് നമ്മോട് സംസാരിക്കുകയാണ്. വാക്കുകളിലൂടെയല്ല, കഠിനമായ ചൂടിലൂടെ, പ്രവചനാതീതമായ പ്രളയങ്ങളിലൂടെ. കാടുകളെ വിഴുങ്ങുന്ന വനാഗ്നികളിലൂടെ. കൺമുന്നിൽ ഉരുകിത്തീരുന്ന മഞ്ഞുമലകളും കടൽത്തീരങ്ങളെ വിഴുങ്ങുന്ന രാക്ഷസത്തിരകളും ഭൂമിയുടെ വിലാപങ്ങളാണ്.

കർഷകന്റെ വിണ്ടുകീറിയ വയലുകളിൽ ആ മുറിവുകളുണ്ട്. കടലിലേക്ക് പോകുന്ന മത്സ്യത്തൊഴിലാളിയുടെ കണ്ണുകളിൽ ആ ഭയമുണ്ട്. ശ്വാസംമുട്ടുന്ന നഗരങ്ങളിലെ കരിപുരണ്ട വായുവിലും പ്രകൃതി അതിന്റെ അടയാളം വെച്ചിട്ടുണ്ട്.

കാലാവസ്ഥാവ്യതിയാനം ഇനി വരാൻ പോകുന്ന ഒരു വിപത്തല്ല; നമ്മുടെ വാതിൽക്കൽ എത്തിക്കഴിഞ്ഞ കയ്പേറിയ യാഥാർത്ഥ്യമാണ്. കേരളത്തിൽ മാറിമാറിവരുന്ന പ്രളയങ്ങളും ഉരുകിപ്പടരുന്ന വേനൽച്ചൂടും ഇതിന്റെ ജീവിക്കുന്ന തെളിവുകളാണ്.

## ഒന്നര ഡിഗ്രി സെൽഷ്യസ്: ജീവന്റെ അതിർവരമ്പ്

ആഗോള താപനത്തിന്റെ ഭീകരതയ്ക്ക് തടയിടാൻ ശാസ്ത്രലോകം വരച്ചൊരു അതിർവരമ്പുണ്ട്; ഭൂമിയുടെ ചൂട് വർധനവ് 1.5 ഡിഗ്രി സെൽഷ്യസിൽ താഴെയായി നിർത്തുക. നമ്മുടെ നിലനിൽപ്പിന് ആ അതിര് കാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ ഇന്ന് നാം ആ അപകടരേഖയ്ക്ക് തൊട്ടരികിലാണ്.

താപനിലയിലുണ്ടാകുന്ന ഓരോ ചെറിയ വർധനവും കോടിക്കണക്കിന് ജീവനുകളെയാണ് ഇല്ലായ്മ ചെയ്യുന്നത്. ഈ നൂറ്റാണ്ടിൽ ആ അതിര് ലംഘിക്കാതിരിക്കണമെങ്കിൽ 2030-ഓടെ ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ പകുതിയായി കുറയ്ക്കണം. സമയം മണൽത്തരികൾ പോലെ ചോർന്നുപോവുകയാണ്. പ്രകൃതി ഇപ്പോൾ ഒരപ്രഖ്യാപിത അടിയന്തരാവസ്ഥയിലാണ്!

## ഒരു ദിവസത്തെഘോഷനല്ല, പോരാട്ടം

1973 മുതൽ ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനമായി ആചരിക്കുന്നു. കോടിക്കണക്കിന് മനുഷ്യർ കൈകോർക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ജനകീയ കൂട്ടായ്മയാണിത്. 2026-ൽ ഈ ദിനത്തിന് ആതിഥേയത്വം വഹിക്കുന്നത് അസർബൈജാൻ (Republic of Azerbaijan) ആണ്.

“ഭൂമി നമുക്ക് അപായസൂചനകൾ തരുന്നു, പകരം നാം എന്ത് സന്ദേശമാണ് തിരികെ നൽകാൻ പോകുന്നത്?”എന്ന ചോദ്യമാണ് ഈ വർഷം ലോകത്തിന് മുന്നിലുള്ളത്. ഓർക്കുക, പരിസ്ഥിതി സംരക്ഷണം എന്നത് ഒരു ദിവസത്തെ ഘോഷനല്ല, അത് നമ്മുടെ ജീവശ്വാസം നിലനിർത്താനുള്ള പോരാട്ടമാണ്.



## വായുവിലെ വിഷവും കടലിലെ പ്ലാസ്റ്റിക്കും

നാം പ്രകൃതിയോട് കാട്ടുന്ന ക്രൂരതകൾ വരുംനാളുകളിൽ വലിയ ദുരന്തങ്ങളായി തിരികെവരും. അടിയന്തര നടപടികൾ ഉണ്ടായില്ലെങ്കിൽ, ഈ ദശാബ്ദത്തിനുള്ളിൽതന്നെ ശ്വസിക്കാൻ യോഗ്യമല്ലാത്ത വായുവിന്റെ അളവ് 50 ശതമാനമായി വർധിക്കും. അത് വിതയ്ക്കുക രോഗങ്ങളും മരണങ്ങളുമായിരിക്കും.

അതുപോലെതന്നെ ഭയപ്പെടുത്തുന്നതാണ് പ്ലാസ്റ്റിക് മഹാമാരി. 2040 ആകുമ്പോഴേക്കും നമ്മുടെ പുഴകളിലും കടലുകളിലും എത്തുന്ന പ്ലാസ്റ്റിക്കിന്റെ അളവ് മൂന്നിരട്ടിയാകും. അത് കരയിലെ ജീവനെയെന്നപോലെ ആഴക്കടലിലെ ജീവന്റെ തുടിപ്പുകളെയും പൂർണ്ണമായി ശ്വാസം മുട്ടിച്ചുകൊല്ലും.

## വായു മലിനീകരണവും പ്ലാസ്റ്റിക് ഭീഷണിയും

നാം പ്രകൃതിയോട് കാട്ടുന്ന ക്രൂരതകൾ വരുംനാളുകളിൽ വലിയ ദുരന്തങ്ങൾക്ക് കാരണമാകും. അടിയന്തരമായി നടപടികൾ സ്വീകരിച്ചില്ലെങ്കിൽ, ഈ ദശാബ്ദത്തിനുള്ളിൽതന്നെ സുരക്ഷിത പരിധിക്കപ്പുറമുള്ള വായു മലിനീകരണം 50 ശതമാനമായി വർധിക്കും. ഇത് ശ്വാസകോശ രോഗങ്ങളും മരണങ്ങളും വർധിപ്പിക്കും.

അതുപോലെ ഭയപ്പെടുത്തുന്നതാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ. 2040 ആകുമ്പോഴേക്കും നമ്മുടെ ജലാശയങ്ങളിലേക്ക് ഒഴുകിയെത്തുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് മൂന്നിരട്ടിയായി വർധിക്കും. ഇത് കരയിലെ ജീവനെയെന്നപോലെ കടലിലെ ജീവനെയും പൂർണ്ണമായി നശിപ്പിക്കും.

**2040 ആകുമ്പോഴേക്കും നമ്മുടെ പുഴകളിലും കടലുകളിലും എത്തുന്ന പ്ലാസ്റ്റിക്കിന്റെ അളവ് മൂന്നിരട്ടിയാകും. അത് കരയിലെ ജീവനെയെന്നപോലെ ആഴക്കടലിലെ ജീവന്റെ തുടിപ്പുകളെയും പൂർണമായി ശ്വാസം മുട്ടിച്ചുകൊല്ലും.**


കടലാക്രമണത്താൽ തകർന്ന വീടുകളും, അപകടകരമായ തിരയിൽ നിന്നും രക്ഷപ്പെട്ടോടുന്ന സ്ത്രീയും. പൊഴിയൂരിൽ നിന്നുള്ള കാഴ്ച

**വികസനത്തിന്റെ പേരിൽ തീരപ്രദേശങ്ങളിൽ നടത്തുന്ന അനധികൃത നിർമാണങ്ങൾ കടലിന്റെ സ്വാഭാവിക ഘടനയെ തകർക്കുന്നു.**

## ലോക സമുദ്രദിനവും കാവൽ മേഖലകളും

ഭൂമിയുടെ ഉപരിതലത്തിന്റെ വലിയൊരു ഭാഗവും സമുദ്രങ്ങളാണ്. ആ കടലിനെ ഓർക്കാൻ ജൂൺ 8-ന് നാം ലോക സമുദ്രദിനം ആചരിക്കുന്നു. "നമ്മുടെ നീലഗ്രഹത്തിനായി ശക്തമായ സമുദ്ര സംരക്ഷിത മേഖലകൾ"(Strong Marine Protected Areas for Our Blue Planet) എന്നതാണ് 2026-ലെ സന്ദേശം.

2030-ഓടെ ലോകത്തിലെ മുപ്പത് ശതമാനം കരയും കടലും സംരക്ഷിത മേഖലകളാക്കി മാറ്റുക എന്നതാണ് ഇന്ന് ലോകത്തിനു മുന്നിലുള്ള വെല്ലുവിളി, ലക്ഷ്യവും. അതിന്റെ ഭാഗമാണ് '30×30' ദൗത്യം. അന്താരാഷ്ട്ര സമുദ്ര കരാർ (High Seas Treaty) ഇതിന് വലിയ തോതിൽ കരുത്തേകുന്നു. ലോകനേതാക്കൾ ഇതിനായി ഒന്നിച്ചിരിക്കുകയാണ്. ഇനി അത് വാക്കുകളിൽനിന്ന് പ്രവൃത്തിയിലേക്ക് എത്തിക്കണം. ലോകം ഉറ്റുനോക്കുന്നു. ഭൂമിയുടെ ഉപരിതലത്തിന്റെ വലിയൊരു ഭാഗവും സമുദ്രങ്ങളാണ്.

## സമുദ്രം: ഭൂമിയുടെ ശ്വാസകോശം

സമുദ്രങ്ങൾ കേവലം ജലാശയങ്ങൾ മാത്രമല്ല, അവ ഭൂമിയുടെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. അന്തരീക്ഷത്തിലെ അധിക ചൂടിനെ ആഗിരണം ചെയ്യുന്നതും നമുക്ക് ശ്വസിക്കാനുള്ള ഓക്സിജന്റെ വലിയൊരു പങ്ക് ഉത്പാദിപ്പിക്കുന്നതും കടലുകളാണ്.

അപൂർവമായ ജൈവവൈവിധ്യത്തിന്റെ കലവറയാണ് കടൽ. കോടിക്കണക്കിന് മനുഷ്യരുടെ ഉപജീവനമാർഗവും ഭക്ഷണവും കടലിനെ ആശ്രയിച്ചാണിരിക്കുന്നത്. ശാസ്ത്ര സാങ്കേതിക രംഗത്തും വൈദ്യശാസ്ത്രത്തിലും ഇനിയും കണ്ടെത്താത്ത വലിയ സാധ്യതകൾ സമുദ്രത്തിന്റെ ആഴങ്ങളിലുണ്ട്. അതുകൊണ്ട്തന്നെ കടലിനെ സംരക്ഷിക്കുന്നത് മനുഷ്യന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. 7500 കിലോമീറ്ററിലധികം നീളമുള്ള തീരപ്രദേശമാണ് ഭാരതത്തിന്റേത്.

## ഭാരതീയ തീരങ്ങൾ നേരിടുന്ന ഭീഷണി

ഇന്ന് നമ്മുടെ കടലുകൾ വലിയ പാരിസ്ഥിതിക വെല്ലുവിളികൾ നേരിടുന്നു. വികസനത്തിന്റെ പേരിൽ തീരപ്രദേശങ്ങളിൽ നടത്തുന്ന അനധികൃത നിർമാണങ്ങൾ കടലിന്റെ സ്വാഭാവിക ഘടനയെ തകർക്കുന്നു. മംഗളവനങ്ങളുടെ നാശം തീരദേശത്തെ സുനാമിപോലുള്ള പ്രകൃതിക്ഷോഭങ്ങളിൽനിന്ന് സംരക്ഷിക്കാനുള്ള കവചം ഇല്ലാതാക്കുന്നു. അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും പ്ലാസ്റ്റിക് മലിനീകരണം ഭയാനകമായ രീതിയിൽ വർധിച്ചിരിക്കുകയാണ്. നഗരങ്ങളിലെ അഴുക്കുചാലുകളും വ്യവസായശാലകളിൽനിന്നുള്ള രാസമാലിന്യങ്ങളും നേരിട്ട് കടലിലേക്ക് ഒഴുകിയെത്തുന്നു. ഇത് കടലിലെ ഓക്സിജന്റെ അളവ് കുറയ്ക്കുകയും 'ഡെഡ് സോണുകൾ' (Dead Zones) രൂപപ്പെടാൻ കാരണമാവുകയും ചെയ്യുന്നു. കേരള തീരത്ത് അടക്കം മത്സ്യസമ്പത്ത് കുറയുന്നതിന്റെ പ്രധാന കാരണം ഈ ജലമലിനീകരണമാണ്.

മറ്റൊരു പ്രധാന ഭീഷണി കടലാക്രമണമാണ്. ആഗോളതാപനം മൂലം സമുദ്രനിരപ്പ് ഉയരുന്നത് ഭാരതത്തിലെ താഴ്ന്ന തീരപ്രദേശങ്ങളെ വെള്ളത്തിനടിയിലാക്കാൻ സാധ്യതയുണ്ട്. വരുംവർഷങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾ 'കാലാവസ്ഥാ അഭയാർത്ഥികളായി' മാറേണ്ടി വരുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. നമ്മുടെ സമുദ്രസമ്പത്തിനെ സംരക്ഷിക്കാൻ ശക്തമായ നിയമനിർമാണവും ജനകീയ ഇടപെടലുകളും അനിവാര്യമാണ്. നീല സമ്പദ്‌വ്യവസ്ഥ (Blue Economy) സുസ്ഥിരമാകണമെങ്കിൽ സമുദ്രത്തിന്റെ ആരോഗ്യം വീണ്ടെടുത്തേ മതിയാകൂ.

## കേരളതീരം: വിതുമ്പുന്ന കടലാഴങ്ങൾ

കേരളത്തിന്റെ സാമ്പത്തിക-സാമൂഹിക ജീവിതത്തിന്റെ നട്ടെല്ലാണ് അറബിക്കടൽ. എന്നാൽ ഇന്ന് കേരളതീരം അശാന്തമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും വലിയ ഇരകളായി നമ്മുടെ മൽസ്യത്തൊഴിലാളികൾ മാറിക്കഴിഞ്ഞു. ഓഖിക്ക് ശേഷം അറബിക്കടലിലുണ്ടാകുന്ന ചുഴലിക്കാറ്റുകളുടെ എണ്ണം വർധിച്ചത് കടലിന്റെ ഉപരിതല താപനിലയിലുണ്ടായ മാറ്റം മൂലമാണ്. ഇത് കടൽക്ഷോഭത്തിന്റെ തീവ്രത കൂട്ടിയിരിക്കുന്നു.

തീരശോഷണം അഥവാ കടലേറ്റമാണ് കേരളം നേരിടുന്ന മറ്റൊരു വലിയ പ്രതിസന്ധി. ശാസ്ത്രീയമല്ലാത്ത പുലിമുട്ടുകളുടെ നിർമാണവും തുറമുഖ വികസനങ്ങളും പലയിടങ്ങളിലും തീരത്തെ ഇല്ലാതാക്കുന്നു. കടൽഭിത്തികൾ കടലിന്റെ സ്വാഭാവിക താളത്തെ തടസ്സപ്പെടുത്തുകയും ഒരിടത്ത് തീരം കൂട്ടുമ്പോൾ മറ്റൊരിടത്ത് കടലെടുക്കാൻ കാരണമാ



*അശാസ്ത്രീയ നിർമാണം നടന്ന മുതലപ്പൊഴിയിൽ മണൽനീക്കുന്നു. ജീവഹാനിയും തൊഴിൽ നഷ്ടവുംമൂലം ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളാണ് ദുരിതത്തിലായത്.*

**ശാസ്ത്രീയമല്ലാത്ത പുലിമുട്ടുകളുടെ നിർമാണവും തുറമുഖ വികസനങ്ങളും പലയിടങ്ങളിലും തീരത്തെ ഇല്ലാതാക്കുന്നു.**

വുകയും ചെയ്യുന്നു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള പല തീരദേശ ഗ്രാമങ്ങളും ഇന്ന് കടലാക്രമണ ഭീഷണിയിലാണ്.

മാലിന്യത്തിന്റെ കാര്യത്തിലും സ്ഥിതി ഭയാനകമാണ്. നമ്മുടെ പുഴകൾ അവസാനിക്കുന്നത് കടലിലാണ്. പമ്പയായാലും പെരിയാറായാലും അവ ചുമക്കുന്ന പ്ലാസ്റ്റിക്കിന്റെയും നഗരമാലിന്യത്തിന്റെയും അവസാന നിക്ഷേപ കേന്ദ്രം അറബിക്കടലായി മാറുന്നു. ഇത് നമ്മുടെ തനത് മത്സ്യസമ്പത്തിനെ സാരമായി ബാധിച്ചിട്ടുണ്ട്. ചാളയും അയലയും ഉൾപ്പെടെയുള്ള മത്സ്യങ്ങൾ ലഭ്യത കുറയുന്നത് കടലിന്റെ ആവാസവ്യവസ്ഥ തകരാറിലായതിന്റെ സൂചനയാണ്. കേരളത്തിന്റെ നീലസമ്പത്ത് സംരക്ഷിക്കാൻ കരയിലുള്ള നമ്മൾ ഓരോരുത്തരും ഉത്തരവാദിത്തം കാണിച്ചേ മതിയാകൂ.

## കൂട്ടായ മുന്നേറ്റങ്ങൾ നൽകുന്ന പ്രതീക്ഷ

പ്രതിസന്ധികൾ കഠിനമാണെങ്കിലും ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് ശുഭവാർത്തകളും വരുന്നുണ്ട്. പ്രകൃതിയെ വീണ്ടെടുക്കാനായുള്ള കൂട്ടായ പ്രവർത്തനങ്ങൾ ശക്തിപ്രാപിക്കുകയാണ്. പ്രാദേശിക കൂട്ടായ്മകൾ കാടുകളും ജലാശയങ്ങളും പുനരുജ്ജീവിപ്പിക്കുന്നു. യുവതലമുറ വലിയ മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്നു. പരിസ്ഥിതി സൗഹൃദ ഊർജ സ്രോതസ്സുകളായ സൗരോർജവും പാവനോർജവും ഇന്ന് വീടുകളിലും നഗരങ്ങളിലും വ്യാപകമാവുകയാണ്.

സുസ്ഥിരമായ വികസന മാതൃകകൾ പുതിയൊരു ഭാവി കെട്ടിപ്പടുക്കാൻ സഹായിക്കുന്നുണ്ട്. ഇത് നമുക്ക് വലിയ പ്രതീക്ഷ നൽകുന്നു. മാറ്റങ്ങൾ വരുത്താൻ നമുക്ക് ഇനിയും സമയമുണ്ട് എന്നാണ് ഇത് കാണിക്കുന്നത്. പ്രകൃതിദുരന്തങ്ങൾ സംഭവിക്കുമ്പോൾ മാത്രം ഉണർന്നു പ്രവർത്തിക്കുന്ന രീതി മാറണം. മുൻകൂർ ജാഗ്രതയും ശാസ്ത്രീയമായ ആസൂത്രണവുമാണ് ഇന്നത്തെ ആവശ്യം. ഭരണകൂടത്തിന്റെ ഇച്ഛാശക്തിയും ജനങ്ങളുടെ സഹകരണവും ഒന്നിച്ചാൽ മാത്രമേ നമ്മുടെ കടലിനെയും കരയെയും നമുക്ക് തിരിച്ചുപിടിക്കാനാകൂ. കേവലം നിയന്ത്രണങ്ങൾക്കപ്പുറം, പ്രായോഗികമായ മാറ്റങ്ങൾ ലക്ഷ്യംവച്ചുള്ള ഭരണകൂട ഇടപെടലുകൾ അതിന് അനിവാര്യമാണ്.

## പ്രതീക്ഷ നൽകുന്ന ഭരണകൂട ഇടപെടലുകൾ

വെല്ലുവിളികൾക്കിടയിലും, പ്രകൃതി സംരക്ഷണത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൈക്കൊള്ളുന്ന ചില നടപടികൾ പ്രതീക്ഷ നൽകുന്നു.

» **മിസ്റ്റി (MISHTI) പദ്ധതി:** തീരദേശ മംഗളവനങ്ങളുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണിത്. സമുദ്രതീരത്തെ സ്വാഭാവിക സുരക്ഷാ കവചമായ കണ്ടൽക്കാടുകളെ നട്ടുപിടിപ്പിക്കാനും നിലവിലുള്ളവ സംരക്ഷിക്കാനും ഈ പദ്ധതി ഊന്നൽ നൽകുന്നു. കടൽക്ഷോഭത്തെ പ്രതിരോധിക്കാൻ ഇത് വലിയൊരു പരിധിവരെ സഹായിക്കും.

» **ശുചിത്വ സാഗരം - സുരക്ഷിത തീരം:** സമുദ്രത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കംചെയ്യാൻ കേരള സർക്കാർ ആവിഷ്കരിച്ച ഈ പദ്ധതി ലോകശ്രദ്ധ നേടിയ ഒന്നാണ്. മൽസ്യബന്ധന വലകളിൽ കുടുങ്ങുന്ന പ്ലാസ്റ്റിക്കുകൾ തിരികെ കരയിലെത്തിച്ച് അവ പുനരുപയോഗിക്കുന്ന രീതിയാണിത്. മൽസ്യത്തൊഴിലാളികളെ ഈ ദൗത്യത്തിൽ പങ്കാളികളാക്കിയത് പദ്ധതിയുടെ വിജയമായി കണക്കാക്കുന്നു.

» **പി.എം മത്സ്യ സമ്പദ് യോജന (PMMSY):** മൽസ്യസമ്പത്തിന്റെ സുസ്ഥിരമായ വികസനത്തിനായി കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണിത്. മൽസ്യബന്ധനം ആധുനികവൽക്കരിക്കുന്നതിനൊപ്പം കടലിലെ ജൈവവൈവിധ്യം കാത്തുസൂക്ഷിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

» **ഗ്രീൻ ഹൈഡ്രജൻ മിഷൻ:** ആഗോളതാപനം കുറയ്ക്കുന്നതിനായി ഫോസിൽ ഇന്ധനങ്ങൾക്ക് പകരമായി ഹരിത ഊർജം പ്രോത്സാഹിപ്പിക്കാനുള്ള ഭാരതത്തിന്റെ നീക്കം വലിയൊരു ചുവടുവെപ്പാണ്. കാർബൺ വികിരണം കുറയ്ക്കുന്നതിലൂടെ സമുദ്രങ്ങളുടെ താപനില ക്രമാതീതമായി ഉയരുന്നത് തടയാൻ ഇത് ഭാവിയിൽ സഹായിക്കും.

» **പന്മന മോഡൽ പുനരുദ്ധാരണം:** തണ്ണീർത്തടങ്ങളും തടാകങ്ങളും സംരക്ഷിക്കുന്നതിനായി കേരളം നടപ്പിലാക്കുന്ന തദ്ദേശീയ പദ്ധതികൾ എടുത്തുപറയേണ്ടതാണ്. 'മാലിന്യമുക്തം നവകേരളം' പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന 'പന്മന മോഡൽ' ശാസ്ത്രീയ- ജനകീയ മാലിന്യ സംസ്കരണ



**പ്ലാസ്റ്റിക് ഒഴിവാക്കാൻ ലോകത്തോട് പറയുന്ന മനുഷ്യൻ ആദ്യം സ്വന്തം കൈയിലെ പ്ലാസ്റ്റിക് ബാഗ് ഉപേക്ഷിക്കാൻ തയ്യാറാകണം. ജലം സംരക്ഷിക്കണമെന്ന് പറയുന്നയാൾ സ്വന്തം വീട്ടിലെ പൈപ്പിലെ പാഴ്ചോർച്ചകൾ ആദ്യം അടയ്ക്കണം. മരങ്ങൾ വേണമെന്ന് ആഗ്രഹിക്കുന്നയാൾ തരിശുഭൂമികളെ നോക്കിനിൽക്കുന്നതിന് പകരം സ്വന്തം മണ്ണിൽ ആദ്യം ഒരു തൈ നട്ടുപിടിപ്പിക്കണം.**

പ്രവർത്തനങ്ങളിലൂടെ തോടുകളും പുഴകളും വൃത്തിയാക്കുന്നത് കടലിലെ മലിനീകരണം കുറയ്ക്കാൻ സഹായിക്കും.

ഈ പദ്ധതികളെല്ലാം വിരൽ ചൂണ്ടുന്നത് ഒരു മാറ്റത്തിലേക്കാണ്. ഭരണകൂടം ഇതിനായി ഫണ്ടുകൾ നീക്കിവെക്കുന്നതും പ്രത്യേക മിഷനുകൾ രൂപീകരിക്കുന്നതും ശുഭസൂചനയാണ്. എന്നാൽ ഇത്തരം പദ്ധതികളുടെ ഗുണഫലങ്ങൾ താഴെത്തട്ടിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കർശനമായ നിരീക്ഷണ സംവിധാനങ്ങൾ കൂടി ആവശ്യമാണ്. വികസനവും പരിസ്ഥിതിയും കൈകോർത്തു പോകുന്ന ഒരു നവസംസ്കാരം ഇവിടെ രൂപപ്പെടേണ്ടതുണ്ട്.

## നമ്മുടെ കടമ: ഒരു ഭൂമി, ഒരു സമുദ്രം

കടലില്ലാത്ത രാജ്യങ്ങൾക്കും തീരപ്രദേശമില്ലാത്ത നാടുകൾക്കും സമുദ്രത്തിന്റെ ആരോഗ്യം ഒരുപോലെ പ്രധാനമാണ്. കാരണം, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ എല്ലാവരെയും ഒരേപോലെ ബാധിക്കും. സമുദ്രങ്ങളുടെ സംരക്ഷണം എന്നത് ഏതെങ്കിലും ഒരു രാജ്യത്തിന്റെ മാത്രം ഉത്തരവാദിത്തമല്ല, അത് ലോകത്തിന്റെ പൊതുവായ കടമയാണ്. ശക്തമായ നിയമങ്ങളിലൂടെയും ജനങ്ങളുടെ പങ്കാളിത്തത്തിലൂടെയും മാത്രമേ സമുദ്ര സംരക്ഷിത മേഖലകൾ യാഥാർത്ഥ്യമാക്കാൻ സാധിക്കൂ. പ്ലാസ്റ്റിക് ഉപയോഗം പൂർണമായി കുറയ്ക്കാനും, മാലിന്യങ്ങൾ പുഴകളിലേക്കും കടലുകളിലേക്കും ഒഴുക്കാതിരിക്കാനും ഓരോ വ്യക്തിയും ശ്രദ്ധിക്കണം.

## ഒരുമിച്ച് മുന്നേറാം

പ്രകൃതി അതിന്റെ അടിയന്തരാവസ്ഥയിലാണ്. പ്രകൃതിയെയും സമുദ്രങ്ങളെയും സംരക്ഷിക്കാൻ നമുക്ക് മുന്നിൽ ഇനിയൊരു 'പ്ലാൻ ബി' ഇല്ല. കാരണം നമുക്ക് ജീവിക്കാൻ മറ്റൊരു ഭൂമിയില്ല. ഈ ജൂൺ മാസം കേവലമൊരു ആഘോഷമായി മാറ്റാതെ, പ്രകൃതിക്ക് അനുകൂലമായ മാറ്റങ്ങൾ നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം. വലിയ പ്രസംഗങ്ങൾക്കപ്പുറം പ്രായോഗികമായ പ്രവർത്തനങ്ങളാണ് ആവശ്യം. ചെറിയ ചുവടുവെപ്പുകളിലൂടെ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. നമ്മുടെ ഭൂമിയെയും നീല സമുദ്രങ്ങളെയും വരും തലമുറയ്ക്കായി നമുക്ക് കാത്തുസൂക്ഷിക്കാം.

## മാറ്റം നമ്മിൽ നിന്ന് തുടങ്ങട്ടെ

മഹാത്മാഗാന്ധി പതിറ്റാണ്ടുകൾക്ക് മുൻപേ നമ്മോട് പറഞ്ഞു: “മാറ്റം നിങ്ങളിൽനിന്ന് തുടങ്ങൂ, ലോകം താനേ മാറും”. ഇന്ന് ആ വാക്കുകൾക്ക് എന്നത്തേക്കാളും കൂടുതൽ അർത്ഥമുണ്ട്. ഭൂമിയെ രക്ഷിക്കണമെന്ന് പറയുമ്പോൾ ആ മാറ്റം മറ്റൊരാളിൽ നിന്നല്ല തുടങ്ങേണ്ടത്. അത് നമ്മുടെ സ്വന്തം വീട്ടിൽ നിന്നാകണം. നമ്മുടെ ശീലങ്ങളിൽനിന്നും ജീവിതരീതിയിൽ നിന്നും വേണം അത് ആരംഭിക്കാൻ.

പ്ലാസ്റ്റിക് ഒഴിവാക്കാൻ ലോകത്തോട് പറയുന്ന മനുഷ്യൻ ആദ്യം സ്വന്തം കൈയിലെ പ്ലാസ്റ്റിക് ബാഗ് ഉപേക്ഷിക്കാൻ തയ്യാറാകണം. ജലം സംരക്ഷിക്കണമെന്ന് പറയുന്നയാൾ സ്വന്തം വീട്ടിലെ പൈപ്പിലെ പാഴ്ചോർച്ചകൾ ആദ്യം അടയ്ക്കണം. മരങ്ങൾ വേണമെന്ന് ആഗ്രഹിക്കുന്നയാൾ തരിശുഭൂമികളെ നോക്കിനിൽക്കുന്നതിന് പകരം സ്വന്തം മണ്ണിൽ ആദ്യം ഒരു തൈ നട്ടുപിടിപ്പിക്കണം.

നമ്മൾ വരുത്തുന്ന ഓരോ ചെറിയ മാറ്റവും ചെറുതല്ല. ആവശ്യമില്ലാത്തപ്പോൾ ഒരുവിളക്ക് ഓഫ് ചെയ്യുന്നത് പോലും നമ്മുടെ ഭൂമിക്ക് നൽകുന്ന വലിയൊരു ആശ്വാസമാണ്. ഒരു മരം നട്ടുപിടിപ്പിക്കുന്നത് വരുംതലമുറയുടെ ഭാവിയിലേക്കുള്ള വലിയൊരു പ്രതീക്ഷയാണ്. കടൽത്തീരത്ത് ആരോ ഉപേക്ഷിച്ച ഒരു പ്ലാസ്റ്റിക് കുപ്പി എടുത്തുമാറ്റുന്നത് പോലും നമ്മൾ ആ സമുദ്രത്തോട് കാണിക്കുന്ന വലിയൊരു സ്നേഹമാണ്.

വലിയ മാറ്റങ്ങൾ ഒന്നും തന്നെ ജനിക്കുന്നത് വലിയ വേദികളിൽ നിന്നല്ല, അത് മനുഷ്യന്റെ മനസ്സിൽ നിന്നാണ്. ഒരു വ്യക്തിയുടെ ബോധ്യം ഒരു കുടുംബത്തെ മാറ്റും. ഒരു കുടുംബത്തിന്റെ മാറ്റം ഒരു സമൂഹത്തെ മുഴുവൻ സ്വാധീനിക്കും. അങ്ങനെ മാത്രമേ ലോകം മാറുകയുള്ളൂ.

ഈ പരിസ്ഥിതി-സമുദ്ര ദിനങ്ങളിൽ ഗാന്ധിജിയുടെ ആ വാക്കുകൾ ഭൂമിയുടെ സ്വന്തം ശബ്ദംപോലെ നമ്മുടെ കാതുകളിൽ പ്രതിധ്വനിക്കട്ടെ; “നിങ്ങൾ മാറൂ... ലോകം മാറിത്തുടങ്ങും.”

•

•കാനോൻ നിയമം



# മൃതസംസ്കാരാഘോഷം

ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1177 - 1182, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC) 1684 - 1690 എന്നിവ മൃതസംസ്കാരാഘോഷം വിവരിക്കുന്നു. CCC 1684 പ്രകാരം, ക്രൈസ്തവ മൃതസംസ്കാരം സഭയുടെ ഒരു ആരാധനാഘോഷമാണ്. ഈ ആരാധനാഘോഷത്തിന് ത്രിതല മാനദണ്ഡങ്ങളാണുള്ളത്:

» പരേതന/യുമായുള്ള യഥാർത്ഥ കൂട്ടായ്മ പ്രകാശിപ്പിക്കുന്നു;

» മൃതസംസ്കാരത്തിന് സന്നിഹിതരായിരിക്കുന്ന സമൂഹത്തിന്റെ കൂട്ടായ്മയിൽ എല്ലാവരെയും പങ്കുചേർക്കുന്നു;

» മൃതസംസ്കാരത്തിൽ പങ്കെടുക്കുന്നവരോടു നിത്യജീവൻ പ്രഘോഷിക്കപ്പെടുന്നു.

» മൃതസംസ്കാര കർമ്മത്തിന് സാധാരണയായി മൂന്നു ഭാഗങ്ങൾ/ഘട്ടങ്ങൾ ഉണ്ട്:

**1. മരണവീട്ടിൽ നടത്തുന്ന ചടങ്ങുകൾ**
(പ്രാരംഭ ചടങ്ങുകൾ)

**2. ദൈവാലയത്തിൽ നടത്തുന്ന ചടങ്ങുകൾ**
(ദിവ്യബലിയും അന്തിമോപചാരവും)

**3. സെമിത്തേരിയിൽ നടത്തുന്ന ചടങ്ങുകൾ**
(സംസ്കാരശുശ്രൂഷ)
(ജ്ഞാനസ്നാനം സ്വീകരിച്ചതും ഏഴ് വയസ് പൂർത്തിയാകാത്തതുമായ കുട്ടികളുടെ മൃതസംസ്കാരം ദിവ്യബലി കൂടാതെയും ദുഃഖസൂചകമായവ ഒഴിവാക്കിയും നടത്തേണ്ടതാണ് PLLAT 482)

മൃതസംസ്കാരാഘോഷംകൊണ്ട് വിവക്ഷിക്കുന്നത് പ്രധാനമായും ദൈവാലയത്തിൽ നടത്തുന്ന ചടങ്ങുകളാണ്; അതായത്, ദിവ്യബലിയും അന്തിമോപചാരവും. CIC 1177 -1180 വ്യക്തമാക്കുന്ന ദൈവാലയങ്ങളിൽവച്ചാണ് മരണമടയുന്ന ക്രൈസ്തവ വിശ്വാസികളായ അല്മായർ, സമർപ്പിതർ, ക്ലേരിമാർ എന്നിവരുടെ മൃതസംസ്കാരാഘോഷം നടത്തേണ്ടത്. അവ യഥാക്രമം;

» സാധാരണയായി, മരണമടഞ്ഞ വിശ്വാസിയുടെ സ്വന്തം ഇടവക ദൈവാലയത്തിൽവച്ച്;

» മരണമടഞ്ഞ വിശ്വാസിയുടെ ഇടവകയ്ക്കുപുറത്തുള്ള മറ്റൊരു ദൈവാലയത്തിൽവച്ച്. ഇപ്രകാരം ചെയ്യാൻ തിരഞ്ഞെടുക്കുന്ന ദൈവാലയത്തിന്റെ ഉത്തരവാദിത്തമുള്ളവരുടെ സമ്മതവും മരണമടഞ്ഞ വിശ്വാസിയുടെ ഇടവക വികാരിയുടെ അറിവും ഉണ്ടായിരിക്കണം.

» സ്വന്തം ഇടവകയ്ക്കു പുറത്തുവച്ച് മരണം സംഭവിക്കുകയും മൃതശരീരം സ്വന്തം ഇടവകയിലേയ്ക്ക് കൊണ്ടുവരാതിരിക്കുകയും, മൃതസംസ്കാരാഘോഷത്തിന് മറ്റൊരു ദൈവാലയം തിരഞ്ഞെടുക്കാതിരിക്കുകയുമാണെങ്കിൽ, പ്രത്യേകനിയമം മറ്റൊന്ന് നിശ്ചയിച്ചിട്ടില്ലാത്തപക്ഷം, മരണം സംഭവിച്ച പ്രദേശത്തെ ഇടവക ദൈവാലയത്തിൽവച്ച്.(ഇക്കാര്യത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പ്രാദേശിക നിയമം - PLLAT- മറ്റൊന്നു നിശ്ചയിച്ചിട്ടില്ല)

» സാധാരണയായി, മരണമടഞ്ഞ രൂപതാമെത്രാന്റേത് സ്വന്തം കത്തീഡ്രൽ ദൈവാലയത്തിൽവച്ച്, അല്ലെങ്കിൽ, അദ്ദേഹം ഇതിനായി തിരഞ്ഞെടുത്തിട്ടുള്ള മറ്റൊരു ദൈവാലയത്തിൽവച്ച്.


» സാധാരണയായി, മരണമടഞ്ഞ സന്യസ്തരുടെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളിലെ അംഗങ്ങളുടെയും അവരവരുടേതായ സഭാ ദൈവാലയത്തിൽ/ ചാപ്പലിൽ വച്ച്.

» പ്രത്യേകമായി മുകളിൽ പ്രതിപാദിക്കാത്ത ഗണത്തിൽപ്പെടുന്നവർ മരണമടയുമ്പോൾ അവരവരുടേതായ സ്വന്തം ഇടവക ദൈവാലയത്തിൽവച്ചോ നിയമപരമായി അവർ തിരഞ്ഞെടുത്ത മറ്റൊരു ദൈവാലയത്തിൽവച്ചോ മരണം സംഭവിക്കുന്ന സ്ഥലത്തെ ഇടവക ദൈവാലയത്തിൽവച്ചോ ആയിരിക്കണം മൃതസംസ്കാര ദിവ്യബലിയും അന്തിമോപചാരകർമവും നടത്തേണ്ടത്. •



•ലേഖനം

ഡോ. ആൻറണി ഡെയ്ൻ
(Behavioural & Emotional
Enrichment Trainer)



# പുതിയ അധ്യയനവർഷം: ആശങ്കകളുടെയും പ്രതീക്ഷകളുടെയും



കുട്ടിയുടെ പഠനവും വ്യക്തിത്വ വികാസവും ഒരു ശൂന്യതയിലല്ല സംഭവിക്കുന്നത്, മറിച്ച്, വീടും സ്കൂളും ഒരേ ലക്ഷ്യത്തോടെ ഒരുമിച്ച് നിൽക്കുമ്പോഴാണ് അത് സാധ്യമാകുന്നത്. ഈ രണ്ട് കേന്ദ്രങ്ങളും പരസ്പരം പൂരകങ്ങളായി ഉണർന്നു പ്രവർത്തിക്കുമ്പോൾ മാത്രമേ വിദ്യാർത്ഥിക്ക് പൂർണമായ വിജയം കൈവരിക്കാൻ സാധിക്കൂ.




കാലവർഷം, ജനൽച്ചില്ലുകളിൽ മഴത്തുള്ളികൾ താളം പിടിക്കുന്ന ഒരു ജൂൺ മാസം, ആ ഹൈസ്കൂളും 'പ്രവേശനോത്സവത്തിന്റെ' നിറങ്ങളിലേക്ക് ഉണരുകയാണ്. തോരണങ്ങൾകൊണ്ട് അലങ്കരിച്ച സ്കൂൾമുറ്റം കാണാൻ ഭംഗിയുണ്ടെങ്കിലും, ആ സ്കൂളിലേക്ക് എത്തിച്ചേർന്ന മൂന്ന് വ്യക്തികളുടെ മനസ്സിൽ വ്യത്യസ്തമായ ചിന്തകളും ആശങ്കകളുമായിരുന്നു. നമുക്ക് ആ മൂന്ന് പേരെയും അവരുടെ മനസ്സിലിരുപ്പുകളെയും ഒന്ന് പരിചയപ്പെടാം.

പുതിയ കുടയും പുതിയ ബാഗുമായി ഡേവിഡ് സ്കൂളിലേക്ക് നടക്കുകയാണ്. കൂട്ടുകാരെ കാണാൻ കഴിയുന്നതിന്റെ സന്തോഷം ഒരു വശത്തുണ്ടെങ്കിലും അവന്റെ ഉള്ളിൽ ചെറിയൊരു ഭയമുണ്ട്. "ഏഴാം ക്ലാസ്സ് പോലെയല്ല എട്ടാം ക്ലാസ്സ് എന്ന് കസിൻസ് പറഞ്ഞു. ഫിസിക്സും കെമിസ്ട്രിയും മാത്സുമൊക്കെ പാടായിരിക്കുമോ? എനിക്ക് നല്ല മാർക്ക് വാങ്ങാൻ പറ്റുമോ?" "പുതിയ ക്ലാസ്സിൽ ഏതെല്ലാം കൂട്ടുകാരായിരിക്കും കൂടെയുണ്ടാവുക? പഴയ ബെസ്റ്റ് ഫ്രണ്ട്സ് ഒപ്പമുണ്ടാകുമോ? പുതിയ അധ്യാപകർ കർക്കശക്കാരായിരിക്കുമോ?"

രണ്ട് മാസത്തെ അവധിക്കാലത്ത് മൊബൈൽ ഗെയിമുകളിലും റീലുകളിലും മുഴുകിയിരുന്ന ഡേവിഡിന്, പെട്ടെന്ന് ഒരു ദിവസം മണിക്കൂറുകളോളം ക്ലാസ്സിലിരിക്കേണ്ടി വരുന്നതിന്റെ മടുപ്പ് ഇപ്പോഴേ തോന്നിത്തുടങ്ങിയിട്ടുണ്ട്. ഡേവിഡിനെ സ്കൂളിലേക്ക് യാത്രയാക്കി ഗേറ്റിൽ നിൽക്കുന്ന റോസ്മേരിയുടെ മുഖത്ത് ആശങ്കയുണ്ട്. ഒരു ശരാശരി കേരളീയ കുടുംബത്തിലെ അമ്മയുടെ എല്ലാ ആകുലതകളും അവർക്കുമുണ്ട്. "രണ്ടുമാസം പുസ്തകം തൊട്ടു നോക്കിയിട്ടില്ല. പഠിച്ചതെല്ലാം മറന്നുപോയോ ആവോ? കഴിഞ്ഞ വർഷത്തെ മാർക്ക് നിലനിർത്താൻ ഇവന് കഴിയുമോ?" "അവധിക്കാലത്ത് ഫോൺ കയ്യിൽനിന്ന് വാങ്ങി വെക്കാൻ വലിയ യുദ്ധമായിരുന്നു. ഇനി സ്കൂൾ തുറന്നാലും പഠനത്തിന്റെ പേരിൽ ഫോൺ ചോദിക്കും. അത് എങ്ങനെ നിയന്ത്രിക്കും?" പുതിയ അധ്യയനവർഷത്തെ ചെലവുകൾ, മറ്റ് കുട്ടികളുമായി സ്വന്തം കുട്ടിയെ താരതമ്യം ചെയ്യുന്ന സമൂഹത്തിന്റെ രീതി—ഇതെല്ലാം റോസ്മേരിയിൽ സമ്മർദ്ദം ഉണ്ടാക്കുന്നുണ്ട്. സ്റ്റാഫ് റൂമിൽ ഇരുന്ന് ഡേവിഡിന്റെ ക്ലാസ്സിന്റെ അറ്റൻഡൻസ് രജിസ്റ്റർ കയ്യിലെടുക്കുമ്പോൾ ഡൊമിനിക് സാറിന്റെ മനസ്സും സങ്കീർണമായ ചില ചിന്തകളിലായിരുന്നു.

"എന്റെ ക്ലാസ്സിലേക്ക് വരുന്ന 40 കുട്ടികളും വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നുള്ളവരാണ്. ചിലർക്ക് പെട്ടെന്ന് കാര്യങ്ങൾ മനസ്സിലാകും, ചിലർക്ക് പ്രത്യേക ശ്രദ്ധ വേണ്ടിവരും. എല്ലാവരെയും എങ്ങനെ ഒരേപോലെ മുന്നോട്ട് കൊണ്ടുപോകും?" "ഇന്നത്തെ കുട്ടികൾക്ക് വിവരങ്ങൾ വിരൽത്തുമ്പിലുണ്ട്. പക്ഷേ, ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള കഴിവ് കുറവാണ്. അവരെ ക്ലാസ്സിൽ സജീവമായി നിലനിർത്തുക എന്നത് വലിയ വെല്ലുവിളിയാണ്."

"പഠനകാര്യങ്ങളിൽ അധ്യാപകരെ മാത്രം കുറ്റം പറയുന്ന രക്ഷിതാക്കളെ എങ്ങനെ ബോധവൽക്കരിക്കും? കുട്ടിയുടെ വിജയത്തിനായി അവരുടെ സഹകരണം എങ്ങനെ ഉറപ്പാക്കും?" സ്കൂൾ മണി മുഴങ്ങിയപ്പോൾ ഡേവിഡ് ക്ലാസ്സിലേക്ക് കയറി, റോസ്മേരി ഓഫീസിലെ ജോലികളിലേക്ക് തിരിഞ്ഞു, ഡൊമിനിക് സർ രജിസ്റ്ററുമെടുത്ത് ക്ലാസ്സിലേക്ക് നടന്നു.

ഈ മൂന്ന് പേരുടെയും ആശങ്കകൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഡേവിഡിന്റെ ഭയം മാറ്റാൻ ഡൊമിനിക് സാറിന്റെ മെന്ററിംഗിനും റോസ്മേരിയുടെ സ്നേഹത്തോടെയുള്ള ഇടപെടലിനും സാധിക്കും. റോസ്മേരിയുടെ ആശങ്കകൾ അകറ്റാൻ ഡൊമിനിക് സാറിന് കൃത്യമായ വിവരങ്ങൾ നൽകാനാകും. ഡൊമിനിക് സാറിന്റെ വെല്ലുവിളികൾ ലഘൂകരിക്കാൻ ഡേവിഡിന്റെ വീട്ടിൽ ഒരു നല്ല പഠനാന്തരീക്ഷം ഒരുക്കാനും റോസ്മേരിക്ക് സാധിക്കും. ഈ മൂന്ന് ധാരകളും ഒന്നിച്ചുചേരുമ്പോഴാണ് ആ അധ്യയനവർഷം മനോഹരമായ ഒരു വിജയഗാഥയായി മാറുന്നത്.

## വിദ്യാ ത്രിത്വം


കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ വിദ്യാഭ്യാസത്തിന് എക്കാലത്തും വലിയ പ്രാധാന്യമാണുള്ളത്. ഉയർന്ന സാക്ഷരതയും വിദ്യാഭ്യാസ ബോധവുമുള്ള ഒരു സമൂഹമെന്ന നിലയിൽ, കുട്ടികളുടെ പഠനമികവിനെയും ഉന്നത വിജയത്തെയും നാം എപ്പോഴും ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. എന്നാൽ, ഒരു കുട്ടിയുടെ വിദ്യാഭ്യാസം എന്നത് വിദ്യാലയത്തിന്റെ നാല് ചുവരുകൾക്കുള്ളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. അത് വീടും വിദ്യാലയവും കൈകോർക്കുന്ന ഒരു

കൂട്ടായ പ്രക്രിയയാണ്. ഇതിനെ നമുക്ക് 'വിദ്യാ ത്രിത്വം' (Educational Triad) എന്ന് വിശേഷിപ്പിക്കാം. വിദ്യാർത്ഥി, അധ്യാപകൻ, രക്ഷിതാവ് എന്നിവരടങ്ങുന്നതാണ് ഈ ത്രിത്വം. കുട്ടിയുടെ പഠനവും വ്യക്തിത്വ വികാസവും ഒരു ശൂന്യതയിലല്ല സംഭവിക്കുന്നത്; മറിച്ച്, വീടും സ്കൂളും ഒരേ ലക്ഷ്യത്തോടെ ഒരുമിച്ച് നിൽക്കുമ്പോഴാണ് അത് സാധ്യമാകുന്നത്. ഈ രണ്ട് കേന്ദ്രങ്ങളും പരസ്പരം പൂരകങ്ങളായി ഉണർന്നു പ്രവർത്തിക്കുമ്പോൾമാത്രമേ വിദ്യാർത്ഥിക്ക് പൂർണമായ വിജയം കൈവരിക്കാൻ സാധിക്കൂ.

കാലം മാറുമ്പോൾ വിദ്യാഭ്യാസ രംഗത്തെ പരമ്പരാഗത കാഴ്ചപ്പാടുകളിലും വലിയ മാറ്റങ്ങൾ (Shifting Paradigms) ഉണ്ടാകുന്നുണ്ട്. മുൻകാലങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് സ്കൂളിൽ കുട്ടികളെ ചേർക്കുന്നതിലോ, വർഷത്തിലൊരിക്കൽ പിടിഎ (PTA) യോഗത്തിൽ പങ്കെടുക്കുന്നതിലോ മാത്രമായി പരിമിതപ്പെട്ടിരുന്നു. ഇതിനെ കേവലം ബാഹ്യ 'പങ്കാളിത്തം' (Passive Participation) എന്ന് വിളിക്കാം. എന്നാൽ ഇന്നത്തെ ആധുനിക കേരളീയ പശ്ചാത്തലത്തിൽ, കുട്ടികളുടെ മാനസികവും വൈകാരികവും ഡിജിറ്റലുമായ പഠനയാത്രകളിൽ സജീവമായി ഇടപെടുന്ന 'പ്രവർത്തനനിരതമായ പങ്കാളിത്തത്തിലേക്ക്' (Active Engagement) രക്ഷിതാക്കൾ മാറേണ്ടതുണ്ട്.

സമാനമായ മാറ്റം അധ്യാപകരുടെ പങ്കിലും ദൃശ്യമാണ്. പാഠപുസ്തകങ്ങളിലെ വിവരങ്ങൾ പകർന്നുനൽകുന്ന 'വിവരദാതാക്കൾ' എന്ന പദവിയിൽ നിന്നും അധ്യാപകർ ഇന്ന് ഒരു പടികൂടി മുന്നോട്ട് പോയിരിക്കുന്നു. നമ്മുടെ പുതിയ പാഠ്യപദ്ധതിക്ക് അനുസൃതമായി, കുട്ടികളുടെ ചിന്തകളെ ഉണർത്തുന്ന ഫെസിലിറ്റേറ്റർമാരായും (Facilitators), പ്രതിസന്ധികളിൽ വഴികാട്ടുന്ന മെന്റർമാരായും (Mentors), സമൂഹത്തിന് അനുയോജ്യമായ ധാർമിക മൂല്യങ്ങൾ പകർന്നുനൽകുന്ന മാതൃകകളായും അധ്യാപകർ സ്വയം നവീകരിക്കേണ്ടതുണ്ട്.

## രക്ഷിതാക്കളുടെ മേഖല: അടിത്തറ പാകൽ



ഒരു കുട്ടിയുടെ ജീവിതത്തിലെ ഏറ്റവും ആദ്യത്തെയും സ്വാഭാവികവുമായ വിദ്യാലയം അവന്റെ/അവളുടെ വീടാണ്. വിദ്യാലയങ്ങളിൽ നിന്ന് ലഭിക്കുന്ന ഔപചാരിക വിദ്യാഭ്യാസത്തിന് മുൻപും അതിന് ശേഷവും കുട്ടി ജീവിക്കുന്നത് വീട്ടിലെ അന്തരീക്ഷത്തിലാണ്. അതുകൊണ്ടുതന്നെ, കുട്ടിയുടെ സമഗ്രമായ വളർച്ചയുടെയും വിദ്യാഭ്യാസ വിജയത്തിന്റെയും അടിത്തറ പാകേണ്ടത് രക്ഷിതാക്കളാണ്. കേരളീയ പശ്ചാത്തലത്തിൽ, കുട്ടികളുടെ പഠനത്തിന് മാതാപിതാക്കൾ വലിയ പ്രാധാന്യം നൽകുന്നുണ്ടെങ്കിലും, അത് കേവലം ഫീസ് അടയ്ക്കുന്നതിലോ ട്യൂഷന് വിടുന്നതിലോ മാത്രം ഒതുങ്ങേണ്ട ഒന്നല്ല.

### 1. വീട്ടിലെ പഠനാന്തരീക്ഷം: ആദ്യത്തെ അധ്യാപകർ

കുട്ടികൾ മാതാപിതാക്കളെ നോക്കിയാണ് വളരുന്നത്. അവരാണ് കുട്ടിയുടെ ആദ്യത്തെ അധ്യാപകർ. വീട്ടിൽ ഒരു നല്ല പഠനാന്തരീക്ഷം ഒരുക്കുക എന്നത് കുട്ടിയുടെ അക്കാദമിക് താല്പര്യങ്ങളെ വളർത്തുന്നതിൽ നിർണായകമാണ്. ഇതിനായി താഴെ പറയുന്ന പ്രായോഗിക മാർഗങ്ങൾ (Practical Strategies) സ്വീകരിക്കാവുന്നതാണ്: സ്ഥിരതയുള്ള ദിനചര്യകൾ (Consistent Daily Routines): കുട്ടികൾക്ക് കൃത്യമായ ഒരു സമയക്രമം ഉണ്ടാക്കിക്കൊടുക്കുക. ഉറങ്ങുന്നതിനും ഉണരുന്നതിനും പഠിക്കുന്നതിനും കളിക്കുന്നതിനും കൃത്യമായ സമയം നിശ്ചയിക്കുന്നത് അവരുടെ മനസ്സിൽ അച്ചടക്കവും ഉത്തരവാദിത്തബോധവും വളർത്തും.



പ്രത്യേക പഠനമൂല (Dedicated Study Spaces): വലിയ വീടുകളോ അത്യാധുനിക സൗകര്യങ്ങളോ വേണമെന്നില്ല. എന്നാൽ വീട്ടിൽ കുട്ടിക്ക് ശാന്തമായി ഇരുന്ന് പഠിക്കാൻ തടസ്സങ്ങളില്ലാത്ത (ടെലിവിഷൻ, മറ്റ് ബഹളങ്ങൾ എന്നിവ ഇല്ലാത്ത) ഒരു ചെറിയ കോണെങ്കിലും ഉണ്ടായിരിക്കണം. ഇത് കുട്ടിയുടെ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ശേഷി (Focus) വർധിപ്പിക്കും.

അനുഭവങ്ങളിലൂടെയുള്ള പഠനം (Real-World Learning): പാഠപുസ്തകങ്ങളിലെ അറിവുകളെ യഥാർത്ഥ ജീവിതവുമായി ബന്ധിപ്പിക്കാൻ രക്ഷിതാക്കൾക്ക് സാധിക്കണം. അവധിക്കാലങ്ങളിൽ കുട്ടികളെ തിരുവനന്തപുരത്തെ സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം, കാൽക്കലസ് പാർക്കുകൾ, ചരിത്ര സ്മാരകങ്ങൾ എന്നിവിടങ്ങളിൽ കൊണ്ടുപോകാം. കൂടാതെ, നമ്മുടെ നാട്ടിൻപുറങ്ങളിലെ പാടശേഖരങ്ങളിലൂടെയും കാടുകളിലൂടെയുമുള്ള പ്രകൃതി നടത്തങ്ങൾ (Nature Walks) വഴി ജീവശാസ്ത്രവും പരിസ്ഥിതി ശാസ്ത്രവും പ്രകൃതിദത്തമായി കുട്ടികൾക്ക് പകർന്നു നൽകാൻ സാധിക്കും. വീട്ടിലെ അടുക്കളത്തോട്ട നിർമാണത്തിലും വിപണനത്തിലും കുട്ടികളെ പങ്കാളികളാക്കുന്നത് വഴി ഗണിതവും മാനേജ്മെന്റും എളുപ്പത്തിൽ പഠിപ്പിക്കാം.


### 2. മാതാപിതാക്കളുടെ സവിശേഷവും വ്യത്യസ്തവുമായ പങ്കുകൾ

കുട്ടിയുടെ വളർച്ചയിൽ അമ്മയ്ക്കും അച്ഛനും വ്യത്യസ്തവും എന്നാൽ തുല്യ പ്രാധാന്യമുള്ളതുമായ പങ്കുകളാണുള്ളത്. ആധുനിക മനശാസ്ത്ര ഗവേഷണങ്ങൾ ഇതിലേക്ക് വെളിച്ചം വീശുന്നുണ്ട്.

ഗവേഷണ നിരീക്ഷണങ്ങൾ: കുട്ടികളുടെ വൈകാരികവും സാമൂഹി

കവുമായ പെരുമാറ്റ രൂപീകരണത്തിൽ അമ്മമാരുടെ ഇടപെടലുകൾ ആഴത്തിലുള്ള സ്വാധീനം ചെലുത്തുമ്പോൾ, കുട്ടിയുടെ വിദ്യാഭ്യാസപരമായ നേട്ടങ്ങളിൽ (Educational Attainment) അച്ഛന്റെ പങ്കാളിത്തത്തിന് സവിശേഷമായ ഒരു സ്വാധീനമുണ്ട് (Unique Effect). ദിവസവും വെറും 10 മിനിറ്റ് എങ്കിലും അച്ഛൻമാർ കുട്ടികളോടൊപ്പം കളികളിൽ ഏർപ്പെടുകയോ വിദ്യാഭ്യാസപരമായ കാര്യങ്ങൾ പങ്കുവെക്കുകയോ ചെയ്യുന്നത് കുട്ടികളുടെ വിജ്ഞാനാത്മക ശേഷി (Cognitive Outcomes) ഗണ്യമായി വർധിപ്പിക്കുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പ്രത്യേകിച്ചും ഗണിതശാസ്ത്രം (Mathematics) പോലുള്ള വിഷയങ്ങളിൽ താല്പര്യവും യുക്തിചിന്തയും വളർത്തിയെടുക്കാൻ അച്ഛന്റെ സജീവമായ ഇടപെടലുകൾക്ക് സാധിക്കും. കേരളത്തിലെ തിരക്കേറിയ പ്രവാസി ജീവിത സാഹചര്യങ്ങളിലോ ജോലിക്കിടയിലോ ഉള്ള അച്ഛന്മാർപോലും ഫോണിലൂടെയോ വീഡിയോ കോളിലൂടെയോ ദിവസവും ഈ സമയം മാറ്റിവെക്കാൻ ശ്രമിക്കേണ്ടതുണ്ട്.

### 3. പ്രതീക്ഷകളും അക്കാദമിക് മാനസിക സമ്മർദ്ദവും നിയന്ത്രിക്കൽ



കേരളത്തിലെ വിദ്യാഭ്യാസ മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് 'ഫുൾ എ പ്ലസ്' (Full A+) സംസ്കാരവും റാങ്ക് ഭ്രമവുമാണ്. മക്കളിലൂടെ സ്വന്തം സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്ന മാതാപിതാക്കൾ കുട്ടികളിൽ അമിതമായ മാനസിക സമ്മർദ്ദമാണ് ഉണ്ടാക്കുന്നത്. ഉയർന്ന പ്രതീക്ഷകൾ (High Expectations) കുട്ടികൾക്ക് ലക്ഷ്യബോധം നൽകാനും അവരെ പ്രചോദിപ്പിക്കാനും സഹായിക്കും എന്നത് ശരിയാണ്. എന്നാൽ, അത് കുട്ടിയുടെ കഴിവിനപ്പുറമുള്ള അപ്രായോഗികമായ വാശികളായി (Unrealistic Demands) മാറുമ്പോൾ അത് കുട്ടികളിൽ കടുത്ത അക്കാദമിക് സമ്മർദ്ദം (Academic Stress) സൃഷ്ടിക്കുന്നു. ഈ സമ്മർദ്ദം കുട്ടികളെ ശാരീരികമായും (ഉറക്കമില്ലായ്മ, തലവേദന, വിശപ്പില്ലായ്മ) മാനസികമായും (ആത്മവിശ്വാസക്കുറവ്, വിഷാദം, പരീക്ഷപ്പേടി) തളർത്തുകയും അവരുടെ യഥാർത്ഥ പ്രകടനത്തെപ്പോലും ദോഷകരമായി ബാധിക്കുകയും ചെയ്യും.

രക്ഷിതാക്കൾ ചെയ്യേണ്ടത്: കുട്ടികളുമായി തുറന്ന ആശയവിനിമയം (Open Communication) സാധ്യമാക്കുക. അവരുടെ ഭയങ്ങളെയും ആശങ്കകളെയും കേൾക്കാൻ തയ്യാറാകുക. പരീക്ഷാ ഫലത്തേക്കാളും (Outcomes) മാർക്കിനേക്കാളും കുട്ടി പഠനത്തിനായി നടത്തുന്ന ശ്രമങ്ങൾക്ക് (Effort) പ്രാധാന്യം നൽകുക കൂടാതെ അവരെ അഭിനന്ദിക്കുക. മറ്റ് കുട്ടികളുമായി സ്വന്തം കുട്ടിയെ താരതമ്യം ചെയ്യുന്ന ശീലം പൂർണമായും ഒഴിവാക്കുക.

### 4. ഡിജിറ്റൽ സാക്ഷരതയും രക്ഷാകർതൃത്വവും



ആധുനിക കാലഘട്ടത്തിൽ രക്ഷിതാക്കളുടെ ഏറ്റവും വലിയ വെല്ലുവിളി കുട്ടികളുടെ സ്മാർട്ട്ഫോൺ ഉപയോഗവും ഇന്റർനെറ്റ് ലോകത്തെ ഇടപെടലുകളുമാണ്. ഇന്റർനെറ്റ് പൂർണമായി നിരോധിക്കുക എന്നത് പ്രായോഗികമല്ല. അതിനാൽ, ഒരു 'പോലീസ്' ആയി മാറി കുട്ടികളെ എപ്പോഴും നിരീക്ഷിക്കുന്നതിന് പകരം, അവർക്ക് ഡിജിറ്റൽ ലോകത്തെ വഴികാട്ടിയായ ഒരു 'ഡിജിറ്റൽ മെന്റർ' (Digital Mentor) ആകാൻ രക്ഷിതാക്കൾക്ക് സാധിക്കണം.

രക്ഷിതാക്കൾ കുട്ടികളെ താഴെ പറയുന്ന കാര്യങ്ങൾ പഠിപ്പിക്കേണ്ടതുണ്ട്:

**ഓൺലൈൻ സുരക്ഷിതത്വം (Online Safety):** അപരിചിതരുമായി വിവരങ്ങൾ പങ്കുവെക്കാതിരിക്കാനും സൈബർ ലോകത്തെ ചതിക്കുഴികളെ തിരിച്ചറിയാനും കുട്ടികളെ പ്രാപ്തരാക്കുക.

**ഡിജിറ്റൽ കാൽപ്പാടുകൾ (Digital Footprints):** നമ്മൾ ഓൺലൈനിൽ ചെയ്യുന്ന ഓരോ കാര്യവും (കമന്റുകൾ, ചിത്രങ്ങൾ) അവിടെ എക്കാലത്തും അവശേഷിക്കുമെന്നും അത് ഭാവി ജീവിതത്തെ ബാധിക്കാമെന്നും കുട്ടികളെ ബോധ്യപ്പെടുത്തുക.

**വിവരങ്ങളുടെ വിശ്വസനീയത ഉറപ്പാക്കൽ (Verifying Information):** സോഷ്യൽ മീഡിയയിൽ കാണുന്നതെല്ലാം സത്യമല്ലെന്നും വ്യാജവാർത്തകളെ എങ്ങനെ തിരിച്ചറിയണമെന്നും പഠിപ്പിക്കുക. 'പോസ്റ്റ് ചെയ്യുന്നതിന് മുൻപ് ഒരു നിമിഷം' (Pause before Post): എന്തെങ്കിലും ഒരു കാര്യം സോഷ്യൽ മീഡിയയിലോ ചാറ്റുകളിലോ പങ്കുവെക്കുന്നതിന് മുൻപ്, അത് മറ്റുള്ളവരെ വേദനിപ്പിക്കുന്നതാണോ അല്ലെങ്കിൽ അത് ആവശ്യമാണോ എന്ന് ഒരു നിമിഷം ആലോചിക്കാൻ കുട്ടികളെ ശീലിപ്പിക്കുക. സാങ്കേതികവിദ്യ വിലക്കുന്നതിന് പകരം, കുട്ടികളോടൊപ്പം ഇരുന്ന് നല്ല വിദ്യാഭ്യാസപരമായ ഉള്ളടക്കങ്ങൾ കാണുകയും ഗെയിമുകൾ കളിക്കുകയും ചെയ്തുകൊണ്ട് (Co-using Technology) സാങ്കേതികവിദ്യയുടെ ഗുണപരമായ വശങ്ങൾ അവർക്ക് കാണിച്ചുകൊടുക്കുകയാണ് നല്ലൊരു രക്ഷിതാവ് ചെയ്യേണ്ടത്. ഇങ്ങനെ ശക്തമായ ഒരു അടിത്തറ വീട്ടിൽ ലഭിക്കുന്ന കുട്ടിക്ക് വിദ്യാലയങ്ങളിലും ജീവിതത്തിലും ഒരുപോലെ തിളങ്ങാൻ സാധിക്കും.

തുടരും...



# വായനയിലൂടെ ചേക്കേറുന്ന മറ്റുജീവിതങ്ങളെക്കുറിച്ച്



1930-മുതൽ യുണെസ്കോ ലോക പുസ്തകദിനമായി ആചരിക്കുന്നത് വിശ്വകവി ഷേക്സ്പിയറുടെ ജന്മദിനമായ ഏപ്രിൽ 23-നാണ്. വ്യത്യസ്ത സംസ്ഥാനങ്ങളിൽ, വേറിട്ട തലമുറകൾക്കിടയിൽ പാരസ്പര്യത്തിന്റെ ഇഴകൾ നെയ്യാൻ പുസ്തകങ്ങൾക്കുള്ള കരുത്താണ് ഈ ദിനാചരണത്തെ പ്രചോദിപ്പിക്കുന്നത്. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെയും സാക്ഷരതാ പ്രവർത്തനങ്ങളുടെയും പിതാവായി അറിയപ്പെടുന്ന പി.എൻ. പണിക്കരുടെ ചരമദിനമായ ജൂൺ 19-നാണ് വായനാദിനമായി ഇന്ന് ആചരിക്കുന്നത്. അന്താരാഷ്ട്ര വായനദിനമായ അന്ന് Drop everything and Read (DEAR) എന്ന ആഹ്വാനത്തോടെയാണ് വായനയുടെ തട്ടുത്തുനിർത്താനാവാത്ത ചോദനയെ സംഘാടകർ നിരീക്ഷിക്കുന്നത്.

ലോകത്ത് വായനയിൽ മികച്ചുനിൽക്കുന്ന രാജ്യം ഇന്ത്യതന്നെയാണ്. ഒരാഴ്ചയിൽ ശരാശരി 10 മണിക്കൂർ 42 മിനിട്ട് വായനയ്ക്കായി ചിലവിടുന്നവരുടെ രാജ്യത്തിനും പിന്നിലാണ് അമേരിക്കയുടെ സ്ഥാനം. എന്നാൽ ഏറ്റവുമധികമായി വായനയെ നിരോധിച്ച വകയിലും ഇന്ത്യയുടെ സ്ഥാനം മുന്നിൽത്തന്നെയെന്ന വൈരുധ്യവുമുണ്ട്. പലതരം കൃതികൾ പലതരം വായനക്കാർ. വായിച്ചിട്ടുള്ളവരൊക്കെ വായനയെക്കുറിച്ച് എന്തെങ്കിലുമൊന്ന് കുറിച്ചിടാതിരുന്നിട്ടില്ല. പ്രസിദ്ധരായ എഴുത്തുകാരും വായനക്കാരും വായന എന്ന അനുഭവത്തെക്കുറിച്ച് ഏറെ ചിന്തിച്ചിട്ടുണ്ട്. വായിക്കാതെ എഴുതാനാവില്ലല്ലോ! ഐതിഹാസിക മാനങ്ങളുള്ള 'സിദ്ധാർഥ'യുടെ രചയിതാവ് ഹെർമൻ ഹെസ്സെയുടെ കാഴ്ചയിൽ മൂന്നുതരം വായനക്കാരുണ്ട്.

ആദ്യത്തെവിഭാഗം 'നല്ല' വായനക്കാരായ, എല്ലാം തൃപ്തിയോടെ വായിച്ചുതീർക്കുന്ന 'നിഷ്കളങ്കരായ വായനക്കാരാണ്"(Naive Readers). അവർക്ക് വായിച്ചുതീർക്കുക എന്ന പ്രക്രിയയോളമേ കടന്നെത്താനാകൂ. രണ്ടാം വിഭാഗം ശിശുക്കളുടേതുപോലുള്ള അതിശയത്തോടെയും കൗതുകത്തോടെയും രചനയെ പിൻതുടർന്നുകൊണ്ടിരിക്കും. എഴുത്തിന്റെ ആഴമോ ആഴക്കുറവോ അവരെ ബാധിക്കില്ല. മൂന്നാമത്തെ വിഭാഗം വായനക്കാർ 'നല്ല വായനക്കാർ' എന്ന സാമാന്യബോധത്തെ തകിടം മറിക്കുന്നവരാണ്. സ്വതന്ത്രബുദ്ധിയോടെ വായനയെ സമീപിക്കുകയും പ്രായോഗിക ലക്ഷ്യങ്ങൾ വകഞ്ഞ് സ്വന്തം ചിന്തകളിൽ രചനകളെ തിളപ്പിക്കുകയും ചെയ്യും. ഓരോ സത്യത്തിന്റെയും വിപരീതം മറ്റൊരു സത്യമാണെന്ന് കാലം പാകപ്പെടുത്തിയ വായനയിൽ രചനകൾ ചിന്തകൾക്ക് വിറക് മാത്രമാകും. എത്ര ഉത്കൃഷ്ടമായ രചനയും വിജയിക്കാൻ സാധ്യതയില്ലാത്ത ഒരു വിഫലശ്രമം മാത്രമാണവർക്ക്. വായനയെ പൂർത്തീകരിക്കുന്നത് അവരുടെ ആർജിതാനുഭവങ്ങളുടെയും വേറിട്ട സാസ്കാരികതയുടെയും ആന്തര സഞ്ചാരങ്ങളാണ്.


ഇങ്ങനെ, വായനയുടെ ചെറുതും വലുതുമായ അനുഭവങ്ങളൊക്കെയും വായനക്കാരെ അപര ലോകങ്ങളിലേക്ക്, കാണാത്ത വൻകരകളിലേക്ക്, ഊളിയിടാത്ത ആഴങ്ങളിലേക്ക്, പറന്നുയരാത്ത ആകാശങ്ങളിലേക്ക് നിശ്ശബ്ദ സഞ്ചാരങ്ങളായി മാറ്റുന്നു എന്നത് യാഥാർഥ്യമാണ്. വായന വ്യക്തികളെയും സമൂഹത്തെയും വളർത്തുന്നുണ്ട്. കാഴ്ചയെ വൈവിധ്യമാക്കുന്നുണ്ട്. വായന സൃഷ്ടിക്കുന്ന നിശ്ശബ്ദ വിപ്ലവങ്ങളെക്കുറിച്ച് ചില അനുഭവക്കുറിപ്പുകളിലൂടെ കടന്നുപോകാം.'ചാവുനിലങ്ങളി'ലെ ഇരുളുനിറഞ്ഞ വഴിത്താരകൾ പിന്നിട്ട് 'കാണായ്മ'യുടെ തുരുത്തിൽ തനിച്ചാവുന്ന തളംകെട്ടിയ വാഴ്വുകളുടെ എഴുത്തുകാരനായ പി.എഫ്. മാത്യൂസ് ഇങ്ങനെ കുറിക്കുന്നു:

"പുസ്തക വായന അനുവദനീയമല്ലാത്ത ഒരു വീട്ടിൽ ജനിച്ച കുട്ടിക്ക് വായന, അനുസരണക്കേടോ ധിക്കാരമോ ഒക്കെയായിരുന്നു. മാതൃഭൂമി വാരികയുടെ പിന്നാമ്പുറത്തുള്ള 'ചെറിയ മനുഷ്യരും വലിയ ലോകവും' പോലുള്ള ആഴം കവിയുന്ന ചിത്രകഥകൾ, ആ കുട്ടി കാണാനിരിക്കുന്ന ഒരു ജീവിതത്തെയും ലോകത്തെയും കാണിച്ചുതന്നു. വഴിതെളിച്ച തരാൻ ആരുമില്ലാത്തതിനാൽ, തനിയേ, ജനപ്രിയ സാഹിത്യങ്ങളിലൂടെ സഞ്ചരിച്ച ചെറിയൊരു കാലമുണ്ടായിരുന്നു. അവിടെനിന്ന് പുറത്തിറക്കിവിട്ടത് ദസ്തയേവ്സ്കിയുടെ 'കുറ്റവും ശിക്ഷയുമാണ്'. അന്നു മുതൽ പുതിയ ഒരെഴുത്തുകാരനെ കണ്ടെത്തിയാൽ അദ്ദേഹത്തിന്റെ കൃതികളിൽ കിട്ടാവുന്നവയെല്ലാം വായിച്ചു തീർക്കാൻ ശ്രമിക്കുമായിരുന്നു. കാരമസോവ് സഹോദരന്മാർ, അധോലോകക്കുറിപ്പുകൾ, നിന്ദിതരും പീഡിതരും എന്നിങ്ങനെ മലയാളത്തിൽ വിവർത്തനംചെയ്യപ്പെട്ട ദസ്തയേവ്സ്കി രചനകളെല്ലാം വായിച്ചു. ടോൾസ്റ്റോയിയുടെ 'യുദ്ധവും സമാധാനവും' വായിച്ചില്ലെങ്കിൽ തീരാനഷ്ടമെന്ന് കേട്ട് കുറേ വായനശാലകളിൽ അലഞ്ഞുനടന്ന് വായിച്ചശേഷമേ അടങ്ങിയുള്ളൂ. മലയാളനാട് വാരികയിൽ എം. കൃഷ്ണൻ നായരുടെ 'സാഹിത്യ വാരഫലത്തിൽ' കാണുന്ന എഴുത്തുകാരുടെ പിന്നാലെയായി പിന്നീടുള്ള യാത്ര. തോമസ്മൻ, ഇവോ ആൻഡ്രിക്, നെരൂദ, കസാൻദ് സാക്കീസ്, മാർക്കേസ്, മാരിയോ വർഗാസ് യോസ, മിലൻ കുന്ദേര എന്നിങ്ങനെ നിരവധി എഴുത്തുകാരെ അങ്ങനെയാണ് പരിചയപ്പെട്ടത്. ഇതിനിടയിൽ മലയാള വായന മുടക്കമില്ലാതെ തുടർന്നു. ബഷീർ, ഒ.വി. വിജയൻ, പട്ടത്തുവിള, മേതിൽ എന്നിവരെ ആവർത്തിച്ച് വായിക്കാറുണ്ട്... അങ്ങനെ തുടരുന്നു.


നോബൽ സമ്മാനം കിട്ടുന്നതിനുമുമ്പേ മാർകേസിന്റെ 'റ്റ്യൂസ്ഡേ സിയെസ്റ്റ' (Tuesday Siesta) അടങ്ങുന്ന കഥാസമാഹാരം വായിച്ചിട്ടുണ്ട്. ആ കഥകൾ എന്റെ എഴുത്തിനെ മാറ്റിമറിക്കാൻ പോകുന്നു എന്ന തോന്നലുണ്ടായി. അതിനുമുമ്പേ, ഇംഗ്മർ ബെർഗ്മാന്റെ വൈൽഡ് സ്ട്രോബറീസ്, സെവൻത് സീൽ എന്നീ ചലച്ചിത്രങ്ങൾ എന്റെ എഴുത്തുജീവിതത്തെ പരുവപ്പെടുത്തുന്നു എന്ന തോന്നലുണ്ടായി. അത് സത്യവുമായിരുന്നു. ദസ്തയേവ്സ്കിയും റൂൾഫോയും എന്റെ എഴുത്തിന്റെ ഇരുട്ടുവഴിയിലെ പ്രകാശത്തെളിമകളാണ്.

കവിയും ദൃശ്യകവിതാശാഖയിലെ മലയാളത്തിന്റെ പ്രതീക്ഷയുമായ ഡോണ മയൂര എന്ന പ്രവാസി എഴുത്തുകാരി വായനയെക്കുറിച്ച് പറഞ്ഞുതുടങ്ങുന്നതും കവിത കൺമിഴിക്കുകയായി...

"സങ്കോചമില്ലാതെ, മറ്റൊരാളുടെ വാക്കുകളിലൂടെ, വരികളിലൂടെ" കടന്നുപോകുന്നതുപോലെയാണ് വായന. ആരുടെ അനുവാദമെന്ന് ചോദിച്ചാൽ: എഴുത്താളിന്റെ എന്ന് ഉത്തരം. എന്നാൽ, അവർ അതറിയുന്നില്ല. എഴുത്താളുകൾ എഴുതിയത് അവർ പബ്ലിഷ്ചെയ്തു എന്നതാണ് അനുവാദപത്രം! എഴുത്താളിന്റെ കവിതയിലെ, കഥയിലെ, നോവലിലെ ഓരോ വാക്കിനും നമ്മൾ ശ്വാസംകൊടുക്കും. അവർ നമുക്കുചുറ്റും അതുപോലെ ജീവവായു പകരും. അതുവഴി അവർ നമ്മളെ മുന്നോട്ടു കൊണ്ടുപൊയ്ക്കൊണ്ടേയിരിക്കും. തെളിച്ചത്തോടെ ചിന്തിപ്പിക്കും. നമ്മളെ പുതുക്കിവയ്ക്കും. ഈ മാറ്റം നമ്മുടെ മനസ്സിലും ശരീരത്തിലും പ്രതിധ്വനിക്കും, നിലയ്ക്കാത്ത താളുപോലെ! ചിലപ്പോഴൊക്കെ ഹൃദയമിടിപ്പ് തെറ്റിക്കും. നെഞ്ചിൻകൂട് വരിഞ്ഞുമുറുക്കും. ഒരു വരിക്ക് ചിലപ്പോൾ 144 പേജിന്റെ ഭാരം തോന്നും. ഈ പേജുകളിലെ ശബ്ദം മറ്റു പലരിലേക്കും പരകായംചെയ്യും. കാലാതീതമായി നിലനില്ക്കും. നമ്മുടെ ജീവിതത്തിനു പകരം കൃത്യമായ ഒരു ഭാഷ നമ്മൾ തെളിച്ചെടുക്കും. വായിച്ച



പി. എഫ്. മാത്യൂസ്



ഡോണ മയൂര



റൂബിൻ ഡിക്രൂസ്

തൊക്കെത്തന്നെയാണ് നമ്മളെന്നോ നമ്മുടെ സ്വന്തം ഓർമയാണതെല്ലാമെന്നോ തോന്നിപ്പിക്കും. പരകായപ്രക്രിയ കൂടിയാണ് വായന.

പുത്തൻതോപ്പ് സ്വദേശിയും മികവുറ്റ പ്രസാധകനും ബാലസാഹിത്യരചയിതാവും വിവർത്തകനും ഡൽഹി എൻബിറ്റിയുടെ മലയാളം എഡിറ്ററുമായ റൂബിൻ ഡിക്രൂസിന് ലോകംതന്നെ വായനയാണ്. "എന്റെ ലോകത്തെ മാറ്റിയത് വായനയാണ്. ഒരു തൊഴിലാളി കുടുംബത്തിൽ ജനിച്ച എനിക്ക് അഞ്ച് വയസ്സുമുതൽ നാട്ടിലെ ജയ്ഹിന്ദ് വായനശാലയിലെ പുസ്തകങ്ങളായിരുന്നു കൂട്ട്. കളികളിലും മറ്റും മിടുക്കനല്ലായിരുന്നു ഞാൻ. അങ്ങനെയൊരു പുതിയലോകം മനസ്സിൽ ഉണ്ടാക്കി. കുട്ടിക്കാലം മുതൽ ഇരിക്കുമ്പോഴും നടക്കുമ്പോഴും ഉറങ്ങാൻ കിടക്കുമ്പോഴും ഒക്കെ പുസ്തകങ്ങൾ കൂട്ടുവന്നു. അവയിലൂടെ റഷ്യയിൽ, റോമിൽ, അറേബ്യയിലും ചൈനയിലുമെല്ലാം പോയി. ഡൽഹിയും കൽക്കത്തയുമൊക്കെ പരിചയമായതും അങ്ങനെതന്നെ. വലിയ ചിന്തകളുടെ മനസ്സ് കാണാൻ കഴിഞ്ഞതും അങ്ങനെ. കവിതയുടെ കലാഭംഗി കണ്ടതും കഥകൾ ചിന്തിപ്പിച്ചതും അങ്ങനെ."

ആദ്യമായി ലൈബ്രറിയിൽനിന്നെടുത്തു ഞാൻ വായിച്ചത് റഷ്യൻ നാടോടിക്കഥയായ 'വാളമീൻ ചിരിക്കുന്നു' എന്ന പുസ്തകമാണ്. കഥ ഓർമയില്ലെങ്കിലും ആ പുസ്തകത്തിന്റെ വേറിട്ട രൂപവും കവർ പേജിലെ ചിത്രവും ഇന്നും മനസ്സിലുണ്ട്. കുഞ്ഞുണ്ണിയുടെ കഥ വായിച്ചത് ഇപ്പോഴും ഇഷ്ടത്തോടെ ഓർക്കുന്നു. പൂമ്പാറ്റയും മുത്തശ്ശിയും ബാലയുഗവും തളിരും അമ്പിളിമാമനുമൊക്കെ എന്റെ ബാല്യത്തിന്റെ നിറക്കൂട്ടുകളായി. 'സ്നേഹഹസേന'യിലൂടെ വായിച്ച ബൈബിൾ കഥകളും രസകരമായിരുന്നു.

'നമുക്കൊരു നാടകം കളിക്കാം' എന്ന ഉമ ആനന്ദിന്റെ രചനയാണ് ഞാൻ ആദ്യം വായിച്ച എൻബിറ്റി രചന. 1967-ലും 1990-ലുമൊക്കെ സാഹിത്യപ്രവർത്തക സഹകരണസംഘം പുറത്തിറക്കിയ കുട്ടികൾക്കായുള്ള സമ്മാനപ്പെട്ടികൾ ഓർമയിലുണ്ട്. പഞ്ചതന്ത്രവും മാലിക്കഥകളും സുമംഗലയുടെ കഥകളും എനിക്ക് വിശാലമായൊരു ലോകം കാട്ടിത്തന്നു. മുകുന്ദനും കാക്കനാടനും ബഷീറുമൊക്കെ എനിക്ക് വഴിവെട്ടങ്ങളായി. ബംഗാളി നോവൽ വിവർത്തനങ്ങളും പാലങ്ങളും യുദ്ധവും സമാധാനവുമൊക്കെ മലയാളത്തിൽ വായിച്ച കനപ്പെട്ട അനുഭവങ്ങളുണ്ട്. മാർക്സിയൻ രചനകൾ സാമൂഹിക വിശകലനത്തിൽ കരുത്തുള്ള അടിത്തറപാകി. ഇന്നും പുസ്തകം ജീവിതമാക്കിയിരിക്കുന്നു. കുട്ടിക്കാലത്ത് ആരംഭിച്ച വായനയാണ് ഇതിനൊക്കെ കാരണമായത്."

താഴംപള്ളിയിൽ നിന്നുള്ള കവിയും വായനക്കാരിയുമായ ലിന്റ മൈക്കിൾ എഴുത്തിന്റെ വരുംകാലത്തെ പ്രതീക്ഷയാണ്. "കുട്ടിക്കാലത്തിന്റെ രസച്ചരടുകളെല്ലാം വായനയിൽ കുട്ടിക്കെട്ടിയത് കടകം യുവധാര ക്ലബ്ബിന്റെ ഓലമേഞ്ഞ വായനശാലയും പിള്ളയാർക്കുളം സ്കൂളിൽ മലയാളം പഠിപ്പിച്ചിരുന്ന മീരാഭായി ടീച്ചറുമായിരുന്നു. പുസ്തകമില്ലായ്മയുടെ ദാരിദ്ര്യത്തെ അതിജീവിച്ചതും കഥയില്ലായ്മകളിൽനിന്നും ഞാൻ എന്നെത്തന്നെ കണ്ടെടുത്തതും തുമ്പ, സെയ്ന്റ് സേവ്യേഴ്സിന്റെ വിശാലമായ പുസ്തകശേഖരങ്ങൾക്കിടയിൽനിന്നുമാണ്. 'കവിത, അതെഴുതിയ ആളിന്റേതല്ല; അതിനെക്കൊണ്ട് ആർക്ക് ആവശ്യമുണ്ടോ അയാളുടേതാണ്' എന്ന് നെരൂദ പറയുമ്പോൾ ഞാൻ വായിച്ച കവിതകളെല്ലാം എന്റേതുകൂടിയാകും. വഴിയരികിലെ നരച്ച കുഞ്ഞുപൂക്കളെ ഡാഫോഡിൽസ് എന്ന് വിളിച്ചതും ചങ്ങമ്പുഴയുടെ 'വാഴക്കുല' വായിച്ച് ഉള്ള് പോറിപ്പോയതും 'അവിയങ്കോര' വായിക്കുമ്പോൾ ഉള്ളിലൊരു കടൽ അലയ്ക്കുന്നതും അതുകൊണ്ടാവാം ഞാനറിയാത്ത മനുഷ്യരെ, ജീവിതത്തെ, ദേശങ്ങളെ, സംസ്കാരത്തെ കണ്ടെടുക്കാനും വിലമതിക്കാനുമാകുന്നത് വായനകൊണ്ടുമാത്രമാണ്".

പുതുതലമുറയിൽനിന്നുള്ള ശ്രദ്ധേയനായ കഥാകാരനും കാക്കനാട് മീഡിയ അക്കാദമിയിലെ മാധ്യമപഠനം അധ്യാപകനുമായ വിഷ്ണുദാസ് കഥപറയുംപോലെ വായനാനുഭവങ്ങൾ പകർത്തുന്നു; "കഴക്കൂട്ടത്തെ ചന്ത പിന്നിടുമ്പോൾ കയ്യിലേക്ക് പകർന്നുകിട്ടിയ അക്ഷരമാലാ പുസ്തകമാണ് ഓർമയിലെ ആദ്യവായന. ഓരോ മലയാള അക്ഷരത്തിനുമൊപ്പം കൂട്ടുവന്നിരുന്ന വർണചിത്രങ്ങളും കൂട്ടിത്തം കളറാക്കി. ഋഷിയും അംബുജവും ഘടികാരവും മറ്റേതോ മലയാള ലോകമാണല്ലോ എന്ന് അന്നേ നാക്കുകടിച്ചതാണ്. ഉണ്ണാനിരിക്കുമ്പോൾ കറി കുറവായതിന്റെ ക്ഷീണം തീർക്കാൻ രുചിയായി കുട്ടിനെത്തിയവയാണ് കളിക്കുടുക്കതൊട്ട് ബാലരമ ഡൈജസ്റ്റുവരെയുള്ള കുട്ടിപ്പുസ്തകങ്ങൾ. ലോകം അത്ര ഭീകരമല്ല എന്ന് ആദ്യമായി പറഞ്ഞുതന്നത് അവരാണ്. പ്രൈമറി വിദ്യാഭ്യാസം ഒടുങ്ങാറായതോടെ ദൈവത്തെ വശത്താക്കലായി ഉന്നം. ഗീത, ബൈബിൾ, ഖുറാൻ, ത്രിപിടിക, സെൻഡ് അവസ്ത തുടങ്ങി സകലമാന പുണ്യവചനങ്ങളും വിഴുങ്ങിത്തീർത്തിട്ടും ഉടയതമ്പുരാൻ ഒളിവിൽത്തന്നെനിന്നു. പിന്നെവരുന്നു, ഇംഗർസോളും മാർക്സും ഗ്രാംഷിയും കൂട്ടമായി. കവിതയും മാർക്സ് വിപ്ലവവും കൗമാരത്തിൽ എന്നെ ഒരു വടിപോലെ ഒതുക്കി, അവരുടെ കൊടി എന്നിൽച്ചുറ്റി. ഞാനതിൽ പാറിനടന്നു. ക്യൂബൻ കനവുകളിൽ എത്രയോ രാവുകൾ കുളിരുകോരി. കൗമാരകാലത്തെ അല്ലറചില്ലറ എഴുത്തുപരിപാടി അവസാനിപ്പിച്ചുതന്നത് ദസ്തയേവ്സ്കി ആയിരുന്നു. കാരമസോവിന്റെ കൊടുമുടി കയറിയതോടെ എന്റെ അക്ഷരങ്ങളൊക്കെ ഒലിച്ചുപോയി. പേന ഉറയിലിട്ട് ഞാൻ സമസ്താപരാധം ഏറ്റുചൊല്ലി. എന്റെ പിഴ എന്റെ പിഴ എന്റെ വലിയപിഴ!"

പലകാലങ്ങളിൽ, പലരൂപങ്ങളിൽ എന്നും കൂടെനിന്നത് മഹാഭാരതമാണ്. ചിത്രകഥകളായി, ടിവി സീരിയലായി, ഗ്രാഫിക് നോവലായി, ക്രിട്ടിക്കൽ എഡിഷനായി... അതിന്നും ആത്മാവിനെ പൊതിയുന്നു. മലയാളഭാഷ ഒരു സംഭവം തന്നെയെന്ന് ഉറപ്പ നല്കിയത് ഒ.വി. വിജയനും വി.കെ. എന്നും മേതിൽ രാധാകൃഷ്ണനുമായിരുന്നു. കുമൻകൊല്ലിയിലേക്ക് എത്രയെത്ര തീർഥാടനങ്ങൾ... രവിയായി... നൈജാമലിയായി...


ലിന്റ മിഖായേൽ


വിഷ്ണുദാസ്


മേരി ജാസ്മിൻ

ഒരു മഹാസമുദ്രത്തെ കീഴ്മേൽ മറിക്കുംപോലെയാണ് അയാൾ വായനയിലേക്ക് വന്നത്; ഡോ. ബി.ആർ. അംബേദ്കർ. ലോകത്തെ കാണാൻ രണ്ട് കണ്ണ്‌വേണം. ഒന്ന് മാർക്സാണെങ്കിൽ മറ്റൊന്ന് ബാബയാണ്. ഈ രണ്ട് കണ്ണുകൾക്കും കവചമായി ഫെമിനിസ്റ്റ് കണ്ണടയും ഇല്ലെങ്കിൽ തിമിരം ഉറപ്പ്. സിമോങ്ങിനും സരസ്വതി അമ്മയ്ക്കും ഒപ്പമാകാതെ വയ്യ. ഭയപ്പെടുത്തിയ പുസ്തകം കാഫ്കയുടേതാണ് - മെറ്റമോർഫോസിസ്! എന്നും രാവിലെ ഉണരുമ്പോൾ കണ്ണാടിയിൽനോക്കി ഉറപ്പുവരുത്തുന്നുണ്ട്. "ഞാം നിലവിലിരിക്കുന്നു. നന്ദി". പുസ്തകം എത്ര മഹത്തായ മൂന്നക്ഷരം!

തൃക്കണ്ണാപുരം ഇടവകയിൽനിന്നുള്ള കെ.സി.വൈ.എം പ്രവർത്തകയും നിയമ ബിരുദവിദ്യാർഥിയുമായ മേരി ജാസ്മിൻ വായനയെക്കുറിച്ച് ഇങ്ങനെ ആവേശമാകുന്നു..."കുട്ടിക്കാലം മുതൽക്കേ, രാവിലെ ഉണർന്ന് വരാന്തയിലെത്തിയാൽ, മടക്കിയ പത്രവുംകൊണ്ട് ജംഗ്ഷനിൽപോയിവരുന്ന പപ്പ ഒരു പതിവ് കാഴ്ചയാണ്. വായനയുടെ ആദ്യച്ചുവടുകൾതൊട്ടേ പത്രവായന ജീവിതത്തിന്റെ ഭാഗമായി. പത്രവായനയിലെ ആവേശം തിരിച്ചറിഞ്ഞ പപ്പ, എവിടെ പോയിവരുമ്പോഴും ഒരു വിശുദ്ധന്റെ പുസ്തകം എനിക്കായി കൊണ്ടുവരും. ഇത് വായിച്ചുതീർത്താൽ അടുത്തത് വാങ്ങിത്തരാം, എന്ന പ്രലോഭനത്തിൽപ്പെട്ട് ഞാൻ എത്രയോ പുസ്തകങ്ങൾ വായിച്ചുതീർത്തു! അതും ബാല്യത്തിൽ. വർഷങ്ങൾക്കിപ്പുറം മൂന്ന് പതിറ്റാണ്ടിന്റെ ജീവിതയാത്രയിൽ വായന എനിക്ക് തുണചേർന്നതെത്രയെന്ന് ചിന്തിക്കാറുണ്ട്. തനിച്ചാവലും നോവുമൊക്കെ വായന ഒപ്പിയെടുത്താറ്റി. ഇന്ന്, പുസ്തകങ്ങൾ എനിക്ക് ജീവനും ആവേശവുമാണ്. പഠന തിരക്കുകളേറുമ്പോഴും വായനയുടെ മനോഹര ലോകം എന്നിൽ പുതുവസന്തങ്ങൾ പകർന്ന് സ്നേഹസാന്ത്വനങ്ങളായി ഒപ്പമുണ്ട്.

സർക്കാർ സ്കൂളിൽ മലയാളം മീഡിയം പഠിച്ച എനിക്കൊപ്പം തുണചേർന്നത് പാത്തുമ്മയുടെ ആടും ബാല്യകാല സഖിയുമാണ്. ഹയർ സെക്കന്ററിയിൽ ഇംഗ്ലീഷ് കൃതികളിലേക്ക് ശ്രദ്ധ തിരിപ്പിച്ച ടീച്ചറിനെ ഓർക്കുന്നു. പ്രൈഡ് ആന്റ് പ്രെജുഡിസ് വായിച്ചുകഴിഞ്ഞ് എലിസബത്ത് ബെന്നറ്റും വില്യം കോളിൻസും ഡാർസിയുമൊക്കെ മനസ്സിലേക്കെത്തി. അങ്ങനെയാണ് ഇംഗ്ലീഷ് നോവലിന്റെ മായിക ലോകത്തേക്ക് ചുവടുവച്ചത്. ക്ലാർക്കിന്റെ 'എ റോസ് ഇൻ മേയ്", സി എൽ ടെയ്‌ലറിന്റെ 'സ്ലിപ് ബ്രെൻസാ' തുടങ്ങി ഒത്തിരി നോവലുകൾ ഹൃദയത്തിലിടം പിടിച്ചു. അന്നുമിന്നും വായനയിൽ ഏറെ നേരം കവരുന്നത് മലയാള നോവലുകളാണ്. ഏറ്റവുമടുത്ത്, നിംന വിജയ്‌യുടെ 'ഏറ്റവും പ്രിയപ്പെട്ട എന്നോട്", അശ്വതി ശ്രീകാന്തിന്റെ 'കാളി', ലാജോ ജോസിന്റെ 'കോഫി ഹൗസ്' തുടങ്ങി നിരവധി കൃതികൾ വായിച്ചു. ഇടക്കാലങ്ങളിൽ, വായിച്ചതിൽ ഏറ്റവും ഹൃദ്യം, 'അസീസിയിലെ പ്രേമകോകിലം' എന്ന എം. കുര്യന്റെ രചനയാണ്. പ്രലോഭനങ്ങൾ അതിജീവിച്ച്, വിശുദ്ധിയിലെത്തിയ ഫ്രാൻസിസിന്റെ വേറിട്ട ജീവിത ചിത്രണം! അത് സമ്മാനിച്ച സ്നേഹിതനെയും പ്രത്യേകം ഓർക്കുന്നു."

വായനയുടെ പല തട്ടുകളിൽനിന്നുള്ള ഈ വെളിച്ചപ്പെടലുകൾക്കൊപ്പം സ്വന്തം വായനയുടെ പല വാഴ്‌വുകൾ താണ്ടിയ ഓർമകളും ചേർത്തുവയ്ക്കട്ടെ. എഴുപതുകളിലെ കാതരമായ കൗമാരക്കാലവും എൺപതുകളിലെ ഉള്ളുപൊള്ളിച്ച യൗവനവും മുന്നോട്ടൊഴുകാൻ ആക്കമേകിയത് വായനയിലൂടെമാത്രമാണ്. വിമെൻസ് കോളേജിലെ പഴയ ലൈബ്രറി കെട്ടിടവും യൂണിവേഴ്സിറ്റി ലൈബ്രറിയിലെ കേരളാ സ്റ്റഡീസും സ്വന്തം കലാലയമായ സെയ്ന്റ് സേവ്യേഴ്സിലെ പുസ്തകങ്ങളുടെ ഇടനാഴികളുമാണ് ആത്മാവിന് കുടിവെള്ളവും അന്നവും തന്നത്.

കഥകളും നോവലുകളും കവിതകളും ആത്മകഥകളും കരിവേനലിലെ ഭ്രാന്ത് പൂത്തുലഞ്ഞ പുല്ലാഞ്ഞിയായി. ഓർമകളുടെ വലിയൊരു ഭാഗം താളുകളിൽനിന്ന് വിരിഞ്ഞുവന്ന വാഴ്‌വുകളാണ്. ആത്മഹത്യാ മുനമ്പുകളിൽ അന്ന കരീനയും വെർജീനിയ വൂൾഫും സിൽവിയാപ്ലാത്തും രാജലക്ഷ്മിയും നേരിട്ടുവന്ന് വഴിതടഞ്ഞു. റൂമിയും ഷാംസും വഴിനടത്തിയ പ്രണയകല്പനകളിൽ റാബിയയും ജിബ്രാനും നെരൂദയും മാർക്വേസും അമൃതാപ്രീതവും ആശാനും വൈലോപ്പിള്ളിയും പത്മരാജനും എൻഎസ്സുമെല്ലാം വെയിലാറ്റി. ജീവിത കാമനകൾക്കിടയിലെ തിരസ്കരണങ്ങളുടെ നീലിച്ച പാമ്പുകൾ ഖസാക്കിലും മയ്യഴിയിലും കക്കാടിലും കോക്കാഞ്ചിറയിലും കൈതേരിയിലും എനിക്കുചുറ്റും അശാന്തിയുടെ പൂവുകൾ തീർത്തു.

എന്നിലെ പെൺമയെ ആഘോഷമാക്കാൻ, കൂട്ടിലടച്ച പറവയുടെ പാട്ടുകാരിയും ആയിരം സൂര്യവെളിച്ചങ്ങളും താവളമില്ലാത്തവരും നീർമാതള പൂക്കളായി വാക്കുകൾ അടർത്തിയവളും ആലാഹയുടെ മകളും സൂര്യനെ അണിഞ്ഞവളും രാധയായലഞ്ഞവളും വെറും മരിയയും അന്നിരുപത്തൊന്നിനെ ആവാഹിക്കുന്ന ജിന്നും കല്യാണിയും ദാക്ഷായണിയും വഴിനിറഞ്ഞുനിന്നു.

തിണയെഴുത്തിന്റെ കവര് പൂത്തപ്പോൾ അടിയാള പ്രേതവും തൊട്ടപ്പനും പുറങ്കടലും സ്രാവിന്റെ ചിറകുള്ള പെണ്ണും കരിങ്കുട്ടിയും ചങ്കും പരലുംതേടി ഇറങ്ങിത്തിരിച്ചവനും മയ്യാവാടികളിൽ ഒപ്പാരിച്ചവനും ഇരുപുറവുംചേർന്ന് ഒപ്പം നടന്നു. ഞാനുംകൂടെ പോരട്ടേയെന്ന് ഐസ്ക്യൂബുകൾ മാറത്തുചേർത്ത് ഒരു നീലമൂങ്ങയും വഴിയിൽ ചിരിച്ചു നില്ക്കുന്നു. കാശ്മീരും ശ്രീലങ്കയും റോഹിംഗ്യക്കാരും ഫലസ്തീനിൽ തകർന്നടഞ്ഞവരും മറക്കാനാവാത്ത വായനാനുഭവങ്ങൾ പകരുന്നു. ഇതിഹാസമാനങ്ങളുള്ള ഉടലെഴുത്തുകളും ഉയിരുതേടലുകളും കൺനീട്ടുമകലത്തിൽ മൊഴിയഴക് ചേർത്ത് തനിച്ചാക്കില്ലെന്ന് വാക്കു തരുന്നു... മനസ്സ് ചായുമിടങ്ങളാകുന്നു...

ഗാഡ്ജറ്റുകളുടെ ദൃശ്യവിസ്മയങ്ങൾ അതിവേഗമായികകൾ ഒക്കെ വകഞ്ഞുമാറ്റി നമുക്ക് മനുഷ്യരെക്കാണാനും ജീവിതത്തെ കരുണയോടെ ചേർത്തുനിർത്താനും വായനയുടെ ലോകത്തെ തിരിച്ചുപിടിക്കേണ്ടിയിരിക്കുന്നു. "ഇനി വരുന്ന തലമുറയ്ക്ക് ഇവിടെ വാസം" ഉറപ്പാക്കേണ്ടിയിരിക്കുന്നു.

•

•വായന

ഡോ. സോമൻ കടലൂർ



# കടൽ കരകവിയുന്ന കഥകൾ






ഭൂമിയുടെ നാലിൽ മൂന്നും കടലായിരിക്കെ, കടലോരത്ത് മനുഷ്യവംശം അധിവസിക്കാൻ തുടങ്ങിയിട്ട് എത്രയോ നൂറ്റാണ്ടുകളായി എന്നിരിക്കെ, കടൽ സാഹിത്യം അഥവാ നോട്ടിക്കൽ ലിറ്ററേച്ചർ എന്ന സംജ്ഞയിൽ എഴുത്തുകളും അതിനെക്കുറിച്ചുള്ള പഠനങ്ങളും ഗൗരവപൂർണമായി ലോകത്ത് ഇന്ന് വളർന്നുകൊണ്ടിരിക്കുന്ന അന്വേഷണ മണ്ഡലമാണ്. ലോകത്തെ പല സർവ കലാശാലകളിലും ഇന്ന് ഭാഷയുടെയും സംസ്കാരപഠനത്തിന്റെയും ഭാഗമായി കടൽസാഹിത്യം പഠനവിധേയമാണ്.

കേരളത്തിന് വിസ്തൃതമായ ഒരു കടലോരമുണ്ട്. ഇവിടത്തെ കടലോരത്തും മനുഷ്യവാസമുണ്ടായിട്ട് നൂറ്റാണ്ടുകളായി. എന്നാൽ അത്തരം സമ്പന്നമായ കടൽസാഹിത്യം നമുക്ക് താരതമ്യേന കുറവാണ്. ഉപ്പുകാറ്റടിക്കാത്തതും തിര തുളുമ്പാത്തതുമാണ് പൊതുവെ മലയാളഭാവന. ഒരുപക്ഷേ, ഇടനാടിന്റെ സാഹിത്യം ശീലിച്ച നമ്മുടെ പൊതുബോധം കടലോര ജീവിതവും സംസ്കാരവും ഒരമാന്യ സ്ഥലരാശിയായി നോക്കിക്കണ്ടിരിക്കണം. അതിലുപരി കടലിനെ എഴുതാനുള്ള അനുഭവജന്യമായ ആധികാരികതയുള്ള എഴുത്തുകാർ

കറവാണെന്നതും മലയാള സാഹിത്യം കടലിന് പുറംതിരിഞ്ഞുനിന്നതിന് കാരണമാവാം. എന്നാൽ പുതിയ കാലത്ത്, മാറിയ ജീവിതാവബോധ സന്ദർഭത്തിൽ കഥകളായും നോവലുകളായും അനുഭവവിവരണങ്ങളായും കടലിന്റെ അനുഭവരാശികൾ അതീവ സൂക്ഷ്മമായും സത്യസന്ധമായും നമ്മുടെ ഭാഷയിലും എഴുതപ്പെടുന്നു.

കടലെഴുത്തിന്റെ ഈ രചനാ പരിസരത്തിൽ സക്രിയമായി നിരന്തരം എഴുതിക്കൊണ്ടിരിക്കുന്ന പ്രതിഭാശാലിയാണ് ബർഗ്മാൻ തോമസ്. തെക്കൻ കേരളത്തിന്റെ തെക്കേയറ്റത്തെ കടലോര ഗ്രാമത്തിന്റെ സാധാരണ മനുഷ്യരുടെ ജീവിതം അസാധാരണ കരുത്തോടെ ഭാഷയിലേക്ക് അദ്ദേഹം ആവാഹിക്കുന്നു. കടലിനോട് മല്ലിടുന്ന അടിത്തട്ടിലെ മനുഷ്യരുടെ കണ്ണീരും സ്വപ്നങ്ങളും അതിജീവന ശ്രമങ്ങളുമാണ് ഈ എഴുത്തുകാരന്റെ രചനകളിൽ തിടം വയ്ക്കുന്നത്. തദ്ദേശീയ ഭാഷയും പ്രദേശിക സംസ്കാരത്തിന്റെ സൂക്ഷ്മ ശ്രുതികളും അതീവ ശ്രദ്ധയോടെ ബർഗ്മാൻ സ്വന്തം എഴുത്തിൽ വിന്യസിക്കുമ്പോൾ, ആവിഷ്കരിക്കുന്ന ഇതിവൃത്തത്തിനും ആശയത്തിനും കുറേക്കൂടി വിശ്വാസ്യതയും ദൃഢതയും കൈവരുന്നു. കീഴാള -ക്രിസ്ത്യൻ ജീവിതത്തിന്റെ തനിമയും വൈവിധ്യവും കടലിന്റെ സംസ്കാരവുമായി ഉൾച്ചേർന്ന് ആവിഷ്കരിക്കപ്പെടുന്നതിന്റെ പ്രാധാന്യം എടുത്തു പറയേണ്ടതുണ്ട്.

മനുഷ്യനും മീനും തമ്മിലുള്ള അതിപ്രാചീനകാലം മുതലേ ആരംഭിച്ച യുദ്ധത്തിന്റെ സമകാലിക ആഖ്യാനമാണ് 'മുൾഹൃദയം' എന്ന കഥ. ലത്തീൻ കത്തോലിക്കാ ജീവിതപശ്ചാത്തലവും മിത്തിക്കൽ പരിവേഷവും കഥയുടെ പരഭാഗ ശോഭയായി നിൽക്കുന്നുമുണ്ട്. കൊമ്പൻ തിരണ്ടിയെപ്പോലെ പരപ്പാർന്നങ്ങനെ കുതിച്ചും കിതച്ചും ഉയർന്നും താഴ്ന്നുമങ്ങനെ കിടക്കുകയാണ് അഞ്ചുതെങ്ങിലെ കടൽ എന്നാരംഭിക്കുന്ന കഥയിലെ നായകൻ എസ്തപ്പാനാണ്. മുറപ്പെണ്ണിനെ കെട്ടിയതിന്റെ ആദ്യരാത്രി എസ്തപ്പാൻ ഞെട്ടിക്കുന്ന വിവരമറിയുന്നു; എൽസിക്ക് മറ്റൊരാളോട് കടുത്ത പ്രണയമുണ്ട്. എന്തു ന്യായം പറഞ്ഞു നോക്കിയിട്ടും കെഞ്ചിക്കേണ് കരഞ്ഞിട്ടും അവൾ മനസ്സ് മാറ്റുന്നില്ല. ഒടുവിൽ ഒരു കരുത്തനായ മീമ്പണിക്കാരനുമാത്രം സാധിക്കുന്ന വിസ്മയം പുറത്തെടുത്താൽ അവളുടെ മനസ്സിൽ കയറിക്കൂടാൻ കഴിയുമെന്ന് അയാൾ കിനാവുകാണുന്നു - ആഴക്കടലിൽപോയി കൂറ്റൻ മീനിനെ വേട്ടയാടുക. മറ്റൊരു മാർഗം എസ്തപ്പാനു മുന്നിലില്ല. വിവാഹം കഴിഞ്ഞതിന്റെ മൂന്നാംദിനം നിശ്ചയദാർഢ്യത്തോടെ അവൻ പുറങ്കടലിലേക്ക് പുറപ്പെടുന്നു. എൽസിയെ അമ്പരപ്പിക്കാനുള്ള തിരണ്ടി വേട്ടയാണ് കഥയുടെ കേന്ദ്ര പ്രമേയമെങ്കിലും കടലിന്റെ നാനാതരം അനുഭവങ്ങൾകൊണ്ട് കഥ സമ്പന്നമായി നിൽക്കുന്നു. ഇണയ്ക്കുവേണ്ടി മീനും മനുഷ്യനും തമ്മിലുള്ള പോരാട്ടത്തിന്റെ ദുരന്തകഥ ഏറ്റവും വികാര സാന്ദ്രമായി ബർഗ്മാൻ ആഖ്യാനം ചെയ്തിരിക്കുന്നു.

'കടൽ' എന്ന കഥ മീനാക്ഷിയുടെയും സോളമന്റെയും കഥയാണ്. പ്രളയത്തിൽ തന്നെ രക്ഷപ്പെടുത്തിയ മീമ്പണിക്കാരനെത്തേടി വർഷങ്ങൾക്കുശേഷം ഇടനാട്ടിലെ ഒരു പെൺകുട്ടി കടലോരത്തേക്ക് വരുന്നതാണ് കഥ. ജലംകൊണ്ട് മുറിവേറ്റ മീനാക്ഷി മടിയേതുമില്ലാതെ തന്റെ രക്ഷകന്റെകൂടെ സമുദ്രസഞ്ചാരം നടത്തുന്ന വിസ്മയം കഥയിലുണ്ട്. അനുഭവജന്യമായ ആധികാരികതയോടെ അവൾക്ക് ഗവേഷണത്തിൽ എഴുതാൻപാകത്തിൽ ഉപ്പുകാറ്റടിക്കുന്ന കടൽഭാവരാശിയിലൂടെ ഒരു പെൺകുട്ടി സഞ്ചരിക്കുന്ന ഇക്കഥയുടെ വന്യമായ കടലനുഭവം വായനക്കാരെക്കൂടി നവീകരിക്കാൻ പര്യാപ്തമാണ്. കേട്ടതും കണ്ടതും ചെറിയ കടൽ, അറിയാനിരിക്കുന്നത് വലിയ കടൽ എന്ന് ബോധ്യപ്പെടുത്തുന്ന കഥ. ബർഗ്മാൻ കഥ പറയുമ്പോൾ പ്രമേയം മാത്രമല്ല, കടൽ എന്ന പ്രതിഭാസത്തിന്റെ സൂക്ഷ്മ സത്യംകൂടി ശ്രദ്ധയോടെ ചേർത്തുവയ്ക്കുന്നു എന്ന സവിശേഷത കടൽ എന്ന കഥയിലും കാണാവുന്നതാണ്.

"കോക്കീൻ എല്ലാരും കേക്കീൻ, ഞാന് ചൊമന്ന് കൊണ്ടു വന്തത് എന്റെ കടലിനെ... എല്ലാമായ എങ്കള കടലമ്മയെ..." എന്ന ഹൃദയഭേദകമായ വാക്കിൽ അവസാനിക്കുന്ന കഥയാണ് 'തുറ-മുഖം.' തുറമുഖം വരുമ്പോൾ കുന്നിൽമുകളിലേക്ക് ആട്ടിയോടിക്കപ്പെട്ട തുറയിലെ അനേകം മനുഷ്യരുടെ പ്രതിനിധിയായ പത്രോസിന്റെ കടലിനെക്കാൾ സാന്ദ്രതയുള്ള വാക്കുകൾ. സുസ്ഥിരമല്ലാത്തതും ഒരു ജനതയുടെ വേരറുക്കുന്നതുമായ വികസനം എന്ന നൃശംസ അക്രാമകമായി കടന്നുവരുമ്പോൾ നിസ്വരായ മനുഷ്യർക്ക് ഇപ്രകാരം തൊണ്ടപൊളിയുംവിധമുള്ള കരച്ചിൽതന്നെയാണ് പ്രതിരോധം എന്ന് കഥാകാരൻ പറയാതെ പറയുന്നു. പത്രോസിന്റെ വേദനയിൽ നിന്നാരംഭിച്ച് പത്രോസിന്റെ ഉള്ളുരുക്കുന്ന കരച്ചിലിൽ അവസാനിക്കുന്ന കഥ അഥവാ ദുരധികാരത്തിന്റെ അധിനിവേശത്തിന് വിധേയരായ ജനതയുടെ കഥ. തുറ-മുഖം ആരംഭിക്കുന്നത് വേദന പെറ്റുകിടക്കുന്ന പത്രോസിന്റെ ചോര കിനിയുന്ന നിലവിളി വാക്യത്തോടെയാണ്. അതിപ്രകാരമാണ്: "തെയ് വേ എന്റെ തെയ്‌വേ നീ എങ്കളെ വലിച്ചെറിയുന്നതെന്ത്?"

'പുറജാതി' എന്ന കഥ അത്യന്തം പ്രഹരശേഷിയുള്ളതും കീഴാള ജീവിതത്തിന്റെ തീരാസങ്കടങ്ങൾ ആവിഷ്കരിക്കുന്നതുമാണ്. കഥയിലെ പ്രധാന കഥാപാത്രമായ പനിയടിമ ഏറ്റുവാങ്ങുന്ന സമാനതകളില്ലാത്ത മുറിവുകളെ രേഖപ്പെടുത്തിയ ആ വാക്കുകളിൽ രക്തം കിനിയുന്നു. വരേണ്യവർഗങ്ങളുടെ വീക്ഷണകോണിൽനിന്നുമാത്രം കാര്യങ്ങൾ കാണുന്ന രാഷ്ട്രീയ-ഭരണകൂട- ഉദ്യോഗസ്ഥ വർഗങ്ങൾ ഭൂമിയിലെ ഏറ്റവും നിസ്സഹായരോട്, അതിനിന്ദ്യമായി പെരുമാറുന്നതിന്റെ മനുഷ്യവിരുദ്ധതയാണ് കഥ മുന്നോട്ട് വയ്ക്കുന്നത്. "നീയൊക്കെ ഏത് കടപ്പുറത്തു നിന്നാ വരുന്നത്" എന്ന് ചോദിക്കുന്ന വരേണ്യ പൊതുബോധം തന്നെയാണത്. അപ്പനപ്പൂപ്പൻമാർ മുതൽ കാലങ്ങളായി കടലോരത്ത് ജീവിക്കുന്ന പനിയടിമ പട്ടയത്തിന് അപേക്ഷിച്ച്, ആപ്പീസുകൾ കയറിയിറങ്ങി, ഒടുവിൽ താൻ താമസിക്കുന്നത് പുറമ്പോക്ക് സ്ഥലമാണെന്നറിഞ്ഞ്, ജനിച്ച മണ്ണിൽ അന്യനായി നിൽക്കേണ്ടി വന്ന്, ഒടുവിൽ ജീവിതത്തിൽനിന്ന് പലായനം ചെയ്യേണ്ടിവന്ന ഹതഭാഗ്യനായ പനിയടിമ നമ്മുടെ സാമൂഹ്യസ്ഥാപനങ്ങളുടെ അപമാനവീകരണത്തിനെതിരെയുള്ള ഒരു വലിയ ചോദ്യചിഹ്നമാണ്. പരമ്പരാഗത ലോകവീക്ഷണങ്ങളുടെ വിമർശന സമീക്ഷ സാധ്യമാക്കുന്ന വൈകാരിക വിക്ഷുബ്ധതയാണ് പുറജാതി എന്ന കഥ ഉയർത്തുന്നത്. അങ്ങേയറ്റം വരേണ്യ- സവർണവൽക്കരിക്കപ്പെട്ട പരിസരത്തിൽ അതൊരു വിപ്ലവം തന്നെയാണ്. പനിയടിമ ഉൾപ്പെടെയുള്ള അനേകം മനുഷ്യരുടെ ഭീകരമായ അനുഭവങ്ങളെ ഉയർത്തിക്കാട്ടിക്കൊണ്ട് നിലവിലുള്ള വ്യവസ്ഥയുടെ പൊള്ളത്തരങ്ങളെ പൊളിച്ചെഴുതേണ്ടതുണ്ട് എന്ന് കഥാകാരൻ ഓർമിപ്പിക്കുന്നു. കൊളോണിയലിസത്തിന്റെയും ദേശീയതയുടെയും കപടമെങ്കിലും അക്രാമകമായ ആഖ്യാനങ്ങളെയും വിശകലനങ്ങളെയും വെല്ലുവിളിക്കാനുള്ള സർഗാത്മക ഊർജമാണ് ഈ കഥ വായനക്കാരിൽ പ്രസരിപ്പിക്കുന്നത്.

മീൻ വിറ്റ് ഉപജീവനം നടത്തുന്ന മീൻകാരി മേരിയുടെ സഹനവും സാഹസികതയും നിറഞ്ഞ അതിജീവന



കഥ പറയുന്ന മീൻകാരി എന്ന രചന വായനക്കാരുടെ ഉള്ളുലയ്ക്കും. ഈ കഥ വാസ്തവത്തിൽ ആഖ്യാനത്തിലാണ് വിസ്മയം സൃഷ്ടിക്കുന്നത്. ആ പറച്ചിലിന്റെ രീതിയും നീതിയും വായനക്കാരെ തൊടും. വായനക്കാരുടെ ഉള്ള് പൊള്ളിക്കുംവിധമാണ് അതിലെ ഭാഷയും പ്രമേയവും. ഗ്രാമത്തിലെ സുന്ദരിയായ മീൻകാരി മേരി, അവളങ്ങനെ കടലോരത്ത് ഒഴുകി നടക്കും, തലയിലെ മീൻകുട്ടയുമായി. മേരിയാണ് കേന്ദ്രകഥാപാത്രമെങ്കിലും ഇതിലെ ഭൂപ്രദേശവും തൊടികളും വഴികളും കവലകളും അതിരുകളും മതിലുകളും കടലും മീനുകളും -എന്തിന് ആ ദേശത്തിന്റെ ആകാശംപോലും മേരിയെന്ന മീൻകാരിയെ പുണർന്ന് നിൽക്കുന്നതാണ് ഈ കഥയുടെ സൗന്ദര്യവും സൗഭാഗ്യവും. എഴുപത്-എൺപത് കാലത്തിൽ തുടങ്ങി ഇന്നലെവരെ എത്തിനിൽക്കുന്ന കാലദൂരത്തേക്ക് മേരി വായനക്കാരെ കൊണ്ടുപോകുന്നു. വായനക്കാരും മേരിയോടൊത്ത് ഒഴുകി നടക്കുന്നു. നിഷ്കളങ്കയും നിസ്വയുമായ മേരി പക്ഷേ, ഈ കെട്ടകാലത്തിന്റെ ചതുപ്പിൽ വീണുപോകുന്നുണ്ട്. പക്ഷേ അവൾ തോൽക്കാൻ തയ്യാറല്ല; എഴുന്നേറ്റ് വീണ്ടും മുന്നോട്ട് നടക്കാനുള്ള ശ്രമത്തിലാണ്. കടലോരത്തിന്റെ കരുത്തുറ്റ സ്ത്രീജന്മം. കടലിന്റെ പുത്രി. അവൾ ഇനിയും നടക്കും എന്നുള്ള കഥാകാരന്റെ വിശ്വാസം പ്രത്യാശയായി നമ്മളിൽ പകരുന്നു.

കഥ അവസാനിക്കുമ്പോൾ മേരിയെപ്പോലെ ഒരു ചുമട്ടുതാങ്ങിയും ബാക്കിയാകുന്നു, പരസ്പരം ഭാരം പങ്കിടാനെന്ന മട്ടിൽ. അടിത്തട്ടിലെ സ്ത്രീജൻമത്തിന്റെ പ്രതിരൂപമായി ഈ അനശ്വര കഥാപാത്രത്തെ വളർത്താൻ ബർശാൻ തോമസിന് സാധിക്കുന്നു.

'നെയ്ത്തൽ' എന്ന് പേരിട്ടിരിക്കുന്ന കടലും കടൽത്തുറയും പ്രമേയമായ കഥകളുടെ ഈ മികച്ച സമാഹാരത്തിൽ വിശകലനം അർഹിക്കുന്ന അനേകം എഴുത്തുകൾ ഇനിയുമുണ്ട്. കടൽമണൽ ഖനനം വരുമ്പോൾ കടൽ നശിച്ചുപോകും എന്ന് ആധികൊള്ളുന്ന മീനിന്റെയും മീമ്പണിക്കാരന്റെയും കഥ; 'ചൂണ്ടയും കുഞ്ഞുമത്സ്യവും', 'ഇത് എങ്കള ജീവ്തം. എങ്കള തോറേലെ ജീവ്തം' എന്ന എഴുതാത്ത കഥയുടെ ശീർഷകവുമായി തുറയിലെ ലൂയിസിന്റെയും ലൂസിയായുടെയും പച്ചയായ ജീവിതം പറയുന്ന; 'ചെറിയ ഇനം ചില മീനുകൾ', പ്രണയത്തിന്റെ എക്കാലത്തെയും സ്വാതന്ത്ര്യ പ്രഖ്യാപനം അവതരിപ്പിക്കുന്ന; 'ചിന്തിക്കുന്ന മനുഷ്യനും മത്സ്യകന്യകയും', ഇടവകയിലെ പുരോഹിതനായ ഗബ്രിയേലച്ചന്റെയും അംഗണവാടി ടീച്ചറായ ഗ്ലോറിയുടെയും പ്രണയകഥ; 'ഈസ്റ്റർ ലില്ലി', കോടികൾ മുടക്കി പുതിയതായി പണിത പള്ളിയിൽ നിന്നും പഴയമനുഷ്യനായതുകൊണ്ടുമാത്രം പുറത്താക്കപ്പെട്ട മെലഞ്ചിയാരുടെ ദൈന്യം എഴുതുന്ന; 'ലണ്ടൻ മണിയും മെലഞ്ചിയാരും', കടൽപ്പണിക്കുപോയി തിരിച്ചുവരാത്ത മകനെ കാത്തിരിക്കുന്ന വൃദ്ധ ദമ്പതികൾ, കാത്തുകാത്തിരുന്നൊടുവിൽ അവരും കടലിലേക്ക് യാത്രയാവുന്ന ഉള്ളുലയ്ക്കുന്ന ആഖ്യാനമായ; 'തുറയെഴുത്ത്' - അങ്ങനെ കടലിന്റെയും തുറയുടെയും മണവും ചൂരും ഉള്ള, ജീവന്റെ ലവണാംശമുള്ള മികച്ച പതിനൊന്ന് കഥകൾ. മിന്നിമറയുന്ന കഥാപാത്രങ്ങൾപോലും വായനക്കാരുടെ മനസിൽ ഇടംപിടിക്കാൻ പറ്റുന്ന ആഖ്യാനപ്പെരുമയും പുതുമയും ഈ എഴുത്തുകാരന്റെ മൗലികതയെ സ്ഥാപിക്കുന്നു. തികച്ചും നവീനമായ രചനാശൈലിയും സവിശേഷ ഭാഷയും ബർശാന്റെ എഴുത്തിനെ വ്യത്യസ്തമാക്കുന്നു. കടലോര ജീവിതവും കടലും തിളച്ചുമറിയുന്ന എഴുത്തിന്റെ ഉൾപ്രവാഹം. ദർശന തീക്ഷ്ണതകൊണ്ടും മൗലികമായ പ്രമേയപരിചരണംകൊണ്ടും സ്വകീയമായ ഉൾക്കാഴ്ച നൽകുന്ന ഈ നെയ്ത്തൽക്കഥകൾ മലയാളത്തിലെ കടൽസാഹിത്യത്തിന്റെ ഭാവനാചക്രവാളത്തെ സമ്പന്നമാക്കാൻ പര്യാപ്തമാണ്.

•

•കവിത

അജി. എസ്



# ആശുപത്രി വാർഡ്

ആശുപത്രി വാർഡുകൾക്ക് ഒരു പ്രത്യേക ശബ്ദമുണ്ട്
മുഴക്കമല്ല
ഹൃദയത്തിനുള്ളിലേക്ക് പതിയുന്ന
നിശ്ശബ്ദതയുടെ ഭാരം

അവിടെ ഓരോ ശ്വാസവും
ഓരോ കഥയാണ്
ഒരിക്കൽ നീളുന്ന
ഒരിക്കൽ മുറിഞ്ഞുപോകുന്ന
ഓരോ ചെറിയ ചലനവും
വേദനയെ മറയ്ക്കാനുള്ള
ഒരു അവസാന ശ്രമംപോലെ


ജീവിതം
അത്ര സുന്ദരവും
അതേസമയം
ഒരു നിമിഷംകൊണ്ട് തകരാവുന്നതുമാണ്

'ആരും ഇല്ല' എന്ന് വിലപിച്ചവൻ
ഇവിടെ എത്തുമ്പോൾ
അവന്റെ ആ വാക്കുകൾക്ക്
ശബ്ദം മങ്ങിപ്പോകുന്നു
അന്യന്മാരുടെ കൈയിൽപോലും
അവൻ കരുതൽ കണ്ടെത്തുന്നു
ഒരു ഗ്ലാസ് വെള്ളംനീട്ടുന്ന കൈ
ഒന്നും മിണ്ടാതെയുള്ള കണ്ണുനോട്ടം
അവയിൽ അവൻ

'ഞാൻ ഒറ്റക്കല്ല' എന്ന
നിശ്ശബ്ദ സത്യം തൊടുന്നു
അപ്പോൾ അവൻ തിരിച്ചറിയുന്നു
ഒറ്റപ്പെടൽ
ലോകം നൽകിയ ശിക്ഷയല്ല
സ്വന്തം ഉള്ളിൽ
തന്നെ പൂട്ടിയിടാൻ
താൻ തന്നെയുണ്ടാക്കിയ
ഒരു മതിലാണ്.

'എല്ലാം ഉണ്ടെന്ന് ' വിശ്വസിച്ചവൻ
ഇവിടെ ഒരു ശരീരംമാത്രമായി ചുരുങ്ങുന്നു
പണം... പേര്... ബന്ധങ്ങൾ...
എല്ലാം വാതിലിന് പുറത്തു
നിശ്ശബ്ദമായി നിൽക്കും
അകത്ത് വേദനയിൽ ചുരുണ്ടൊരു ശ്വാസം
ഒടുങ്ങാതിരിക്കാൻ നടത്തുന്ന
ജീവന്റെ മിണ്ടാത്ത പോരാട്ടം മാത്രം
അപ്പോൾ അവൻ മനസ്സിലാക്കുന്നു
'എല്ലാം' എന്നത്
പിടിച്ചുനിൽക്കാൻ കഴിയുന്നൊരു സത്യമല്ല
ഒരു നിമിഷംകൊണ്ട്
കൈയിൽനിന്ന് പൊഴിഞ്ഞുപോകുന്ന
ഒരു ഭ്രമം മാത്രമാണ്.

ആശുപത്രി വാർഡ്
വലിയ ഉപദേശങ്ങൾ ഒന്നും പറയുന്നില്ല
പക്ഷേ,
നമ്മൾ ജീവിതം മുഴുവൻ മറച്ചുവെക്കുന്ന
സത്യങ്ങളെ
നമ്മുടെ കണ്ണിലേക്ക് തന്നെ തിരിച്ച് കാണിക്കുന്നു
അവിടെ
ഒറ്റപ്പെടലും അഹങ്കാരവും
ഒരേ വേദനയിൽ
ഒരുപോലെ ശ്വാസംതേടുന്നു.



•ചരിത്രപഥം

ഇഗ്നേഷ്യസ് തോമസ്



# തിരുവനന്തപുരം അതിരൂപത നവതി ആഘോഷിക്കാനൊരുങ്ങുമ്പോൾ 5

അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ രൂപതയിലുടനീളം സമയബന്ധിതമായി രൂപീകരിച്ചുകൊണ്ടാണ് നവീകരണത്തിനും പുനരുജ്ജീവനത്തിനും തുടക്കംകുറിച്ചത്. സഭാജീവിതത്തിൽ നിത്യവസന്തം സംജാതമാക്കാൻവേണ്ടി അസാധാരണമായ യജ്ഞമാണ് സൂസപാക്യം പിതാവിന്റെ നേതൃത്വത്തിൽ വൈദികരും സന്യസ്തരും അൽമായരും ഒന്നുചേർന്ന് നടത്തിയത്.

പങ്കാളിത്ത സഭയുടെ ആദ്യ ചുവടുവയ്പ്പായിരുന്നു രൂപതാ അജപാലന സമിതിയുടെ രൂപീകരണം. രൂപതയിലെ വിവിധ ശുശ്രൂഷകളുടെ പ്രവർത്തനം, ആസൂത്രണം, നയരൂപീകരണം എന്നിവ കൗൺസിലിൽ ചർച്ച ചെയ്തു. പങ്കാളിത്തത്തിലധിഷ്ഠിതമായ ഘടനകളും സംവിധാനങ്ങളും രൂപതയിൽ നിലവിൽവന്നു. പങ്കാളിത്തത്തിന്റെ ചതുർവിധതലങ്ങൾ (ബി.സി.സി., ഇടവക, ഫെറോന, രൂപത) കോർത്തിണക്കി വിവിധ ശുശ്രൂഷകളാൽ കേന്ദ്രീകൃതമായ സഭാശുശ്രൂഷ കേരളത്തിലാദ്യമായി രൂപംകൊണ്ടത് തിരുവനന്തപുരം രൂപതയിലായിരുന്നു.



തിരുവനന്തപുരം ജില്ലയിൽ സാക്ഷരതയുടെ കാര്യത്തിൽ പിന്നാക്കം നിന്നിരുന്ന തീരദേശങ്ങളിൽ സാക്ഷരതാപ്രവർത്തനങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾ രൂപതാ വിദ്യാഭ്യാസ ശുശ്രൂഷാസമിതിയുടെ ആഭിമുഖ്യത്തിലും റ്റി.എസ്.എസ്.എസിന്റെ നേതൃത്വത്തിലും നടന്നു. ഉന്നതവിദ്യാഭ്യാസരംഗത്തേക്ക് തീരദേശമേഖലയിലെ വിദ്യാർഥികൾക്ക് കടന്നുവരാൻ അവസരമൊരുക്കിക്കൊണ്ട് 7 പ്ലസ്ടു സ്കൂളുകൾ ആരംഭിച്ചതും ഈശോസഭക്കാരുടെ നിയന്ത്രണത്തിലായിരുന്ന സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ രൂപത ഏറ്റെടുത്ത് നടത്താനാരംഭിച്ചതും ഈ കാലയളവിലായിരുന്നു. രൂപതയിലെ നിർധനരും പ്രതിഭകളുമായ വിദ്യാർഥികളെ തിരഞ്ഞെടുത്ത് പഠനമികവിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം നിരവധി വിദ്യാർഥികൾ ജീവിതത്തിന്റെ ഉന്നതപടവുകളിലേക്ക് പ്രവേശിക്കാൻ സഹായകമായി. 2001-ൽ മേനംകുളത്ത് സ്ഥാപിതമായ മരിയൻ എഞ്ചിനീയറിംഗ് കോളേജ്, 2014-ൽ സ്ഥാപിതമായ കോളേജ് ഓഫ് ആർക്കിടെക്ച്ചർ ആന്റ് പ്ലാനിംഗ്, സെന്റ് ജേക്കബ്സ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ്, ആർട്സ് ആന്റ് സയൻസ് കോളേജ്, ലിറ്റിൽ ഫ്ളവർ നഴ്സിംഗ് കോളേജ്, ലിറ്റിൽ ഫ്ളവർ ഫുട്ബോൾ അക്കാഡമി, വിശ്വപ്രകാശ് സെൻട്രൽ സ്കൂൾ തുടങ്ങി നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവന്നത് ഇക്കാലയളവിലായിരുന്നു. പിന്നാക്ക വിഭാഗമായ ലത്തീൻ കത്തോലിക്കരുടെ വളർച്ചയും മുന്നേറ്റവും വിദ്യാഭ്യാസ പുരോഗതിയിലൂടെയാണെന്ന തിരിച്ചറിവിന്റെ വെളിച്ചത്തിലാണ് രൂപതയിൽ ലഭ്യമായ സമ്പത്തിന്റെ നല്ലൊരുപങ്കും ഈ കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തു














യർത്തുന്നതിനുവേണ്ടി നിക്ഷേപിച്ചതെന്ന് കരുതാവുന്നതാണ്.





തീരദേശത്തെ ജനങ്ങളെ നിത്യദാരിദ്ര്യത്തിലേക്കും സാമ്പത്തിക അരാജകത്വത്തിലേക്കും തള്ളിവിടുന്ന മദ്യത്തിനും മയക്കുമരുന്നുകൾക്കുമെതിരെ സന്ധിയില്ലാ സമരമായിരുന്നു തൊണ്ണൂറുകളിൽ നടന്നത്. ഇതിന്റെ ഭാഗമായാണ് വ്യാജമദ്യനിർമാണം കുടിൽവ്യവസായം പോലെ മുളച്ചുപൊന്തിയ പൊഴിയൂരിൽ സൂസപാക്യം പിതാവിന്റെ നേതൃത്വത്തിൽ നടന്ന ഐതിഹാസിക പോരാട്ടം. ബോധവല്ക്കരണ പ്രവർത്തനങ്ങളിലൂടെയും സാമൂഹിക ഇടപെടലുകളിലൂടെയും ഒരു ഗ്രാമം സമ്പൂർണമായി മദ്യത്തിന്റെ നീരാളിപ്പിടിത്തത്തിൽനിന്ന് വിമുക്തമായി. അഞ്ചുതെങ്ങുമുതൽ പൊഴിയൂർവരെയുള്ള തീരങ്ങളിൽ അസ്വസ്ഥതകളും സംഘർഷങ്ങളും വളർത്തുകയും ജനങ്ങളുടെ സ്വൈര്യജീവിതത്തിന് ഭീഷണി ഉയർത്തുകയും ചെയ്ത മദ്യപാനം, വ്യാജവാറ്റ്, ലഹരി വസ്തുക്കളുടെ വ്യാപനം എന്നിവ ഒരു പരിധിവരെ ഇല്ലാതാക്കാൻ ഇതുമൂലം കഴിഞ്ഞു.



അമലോൽഭവമാതാ കത്തീഡ്രൽ (പഴയ ദൈവാലയം) നെയ്യാറ്റിൻകര രൂപത

വിശ്വാസികളുടെ അംഗസംഖ്യയിൽ കേരളത്തിലെ രൂപതകളിൽ ഒന്നാം സ്ഥാനത്തായിരുന്ന തിരുവനന്തപുരം രൂപത; വലിപ്പത്തിലും വ്യത്യസ്തമായ സാംസ്കാരിക പശ്ചാത്തലത്തിലും പിന്നാക്കാവസ്ഥയിലും വസിക്കുന്ന ഒരു ജനസമൂഹത്തെയായിരുന്നു ഉൾക്കൊണ്ടിരുന്നത്. ഭരണനിർവഹണ, അജപാലന സൗകര്യങ്ങൾക്കായി 1996 ജൂലൈ 16-ാം തീയതി രൂപതയെ വിഭജിച്ച് നെയ്യാറ്റിൻകര രൂപതയ്ക്ക് രൂപം നല്കുകയും 1996 നവംബർ 1-ന് ഡോ. വിൻസന്റ് സാമുവൽ പുതിയ രൂപതയുടെ മെത്രാനായി ചുമതലയേൽക്കുകയും ചെയ്തു.

തുടരും...



# സാധന:
## തിരുവനന്തപുരം അതിരൂപതയുടെ കാരുണ്യത്തിന്റെ മുഖം

•ലേഖനം

**ശോഭ ഷിജ്ജ**



ആരുമാരും സ്വന്തമായി ഇല്ലാതെയായിപ്പോകുന്ന കാലത്ത്, ഒറ്റപ്പെടലിന്റെയും ഒഴിവാക്കലുകളുടെയും ലോകത്ത്, തണൽ തേടിയെത്തുന്നവർക്ക് കാരുണ്യത്തിന്റെ തണലൊരുക്കുന്ന ഒരു പൂമരച്ചില്ലയാണ് 'സാധന.' ലത്തീൻ അതിരൂപതയുടെ കാരുണ്യത്തിന്റെ ഒരു പൂമുഖം. മനോനിലതെറ്റി തെരുവിൽ അലയുന്നവരും ആരോരുമില്ലാത്തവരുമായ സഹോദരങ്ങളുടെ പുനരധിവാസത്തിനുവേണ്ടി, തിരുവനന്തപുരം ലത്തീൻ അതിരൂപതക്ക് കീഴിൽ മൺവിളയിൽ, 2006 ആഗസ്റ്റിലാണ് സൂസപാക്യം തിരുമേനിയുടെ കാലത്ത് Sadhana Social Psycho Rehabilitation Centre എന്നപേരിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചത്.

അതിനുമുൻപ് ഈ സ്ഥലം സിനിമാനടൻ ബഹദൂറിന്റെ black & white സിനിമാക്കാലത്തെ Shooting Studio ആയിരുന്നു. അതിനുശേഷം പ്രശസ്ത നടനായിരുന്ന പി. ജെ. ആന്റണി സ്വന്തമാക്കി. പിൽക്കാലത്ത് back & white സിനിമയുടെ മൂല്യമെല്ലാം പോയി കളറിലേക്ക് മാറിക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് കടം കയറുകയും തിരുവനന്തപുരം രൂപതയുടെ അന്നത്തെ തദ്ദേശ ബിഷപ്പായ പീറ്റർ ബർണാഡ് തിരുമേനിയെ പോയി കാണുകയും പി. ജെ. ആന്റണിയിൽനിന്നും ഈ സ്ഥലം രൂപത വിലയ്ക്കെടുക്കുകയുംചെയ്തു. തുടക്കത്തിൽ ഇത് ആദ്യവർഷ വൈദിക വിദ്യാർഥികളുടെ പരിശീലന കേന്ദ്രമായിരുന്നു. പിന്നീട് സൂസപാക്യം തിരുമേനിയുടെ കാലത്ത് ഉറ്റവരാലും ഉടയവരാലും ഉപേക്ഷിക്കപ്പെട്ട് തെരുവിൽ അലയേണ്ടിവരുന്ന മാനസികവ്യഥ അനുഭവിക്കുന്ന സഹോദരങ്ങളുടെ പുനരധിവാസത്തിനും അവർക്ക് കൃത്യമായ ചികിത്സകളും മരുന്നുകളും പരിരക്ഷയും നൽകി അവരെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനുമായി ഇവിടം പുനരധിവാസ കേന്ദ്രമാക്കി(rehabilitation centre) മാറ്റിയത്.

അന്തേവാസികൾക്കാവശ്യമുള്ള ശുശ്രൂഷ, അവർക്കുവേണ്ടുന്ന സ്നേഹം, മരുന്ന്, ആഹാരം, വസ്ത്രം, പാർപ്പിടം എല്ലാം സൗജന്യമായി നൽകിക്കൊണ്ടാണ് സ്ഥാപനം മുന്നോട്ടു പോകുന്നത്. സർക്കാരിൽനിന്ന് യാതൊരുവിധ ഗ്രാന്റും ലഭിക്കാതെ, രൂപതാമക്കളും സന്മനസ്സുള്ള നാനാജാതി മതസ്ഥരുമാണ് ഇതിന്റെ വളർച്ചക്കുവേണ്ടി സഹായഹസ്തം നീട്ടുന്നത്. ഈ സ്ഥാപനത്തിന്റെയും ഇവിടേയ്ക്ക് കടന്നുവരുന്നവരുടെയും ലക്ഷ്യം ഒന്നുമാത്രം; 'ആരുമില്ലാത്തവരെ സഹായിക്കുക.' ഞണ്ടൂർക്കോണം ഇടവക വികാരിയും മുൻ പേട്ട ഫെറോന വികാരിയുമായിരുന്ന ഫാ. റോബിൻസൺ. എഫ് ആണ് ഇപ്പോൾ ഈ സ്ഥാപനത്തിന്റെ ഡയറക്ടർ ആയി ശുശ്രൂഷ ചെയ്തു വരുന്നത്.



റോബിൻസനച്ചൻ പറയുന്നു; 2022 ഓഗസ്റ്റ് 31-ന് തോമസ് നെറ്റോ പിതാവാണ് എന്നെ ഇവിടെ നിയമിച്ചത്. അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ നിന്നുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായവും ബാക്കിയുള്ള കാര്യങ്ങളുമൊക്കെ തേടിക്കൊണ്ടാണ് ഈ സ്ഥാപനത്തെ മുന്നോട്ട് നയിക്കുന്നത്. ഒത്തിരിയേറെ പദ്ധതികളാണ് അദ്ദേഹം ഇവിടെ രൂപീകരിച്ചിരിക്കുന്നത്. പലരാലും ഉപേക്ഷിക്കപ്പെട്ടവരാണ് ഇവിടെയുള്ളത്. ഇവിടെ ജാതിയില്ല, മതമില്ല, മനുഷ്യജാതി മാത്രമേയുള്ളൂ. പലയിടത്തും പ്രയാസങ്ങളും വേദനകളും അനുഭവിക്കുമ്പോൾ മനുഷ്യർ ഒറ്റപ്പെടുകയാണ്. അങ്ങനെ ഒറ്റപ്പെടുന്നവരെ വേണ്ടപ്പെട്ടവർ എവിടെയെങ്കിലുമൊക്കെ കൊണ്ടുപോയി ഉപേക്ഷിച്ചിട്ട് കടന്നുകളയുകയാണ്. അവർക്കു വേണ്ടിയാണ് ഈ സ്ഥാപനം. ആരുമാരുമില്ലാത്തവരെ ശുശ്രൂഷിക്കാൻ, അവരെ സ്നേഹിക്കാൻ, അവരെ പരിചരിക്കാൻ ഞങ്ങൾ ഒരുക്കമാണ്. ഇവർ അവരുടെ സ്വന്തം വീട്ടിൽനിന്നും മാറിക്കഴിഞ്ഞാൽ ആ വീടിനു സ്വസ്ഥത ഉണ്ടാകട്ടെ. അത് മാത്രമാണ് ഞങ്ങളുടെയും പ്രാർഥന. ഞങ്ങൾക്ക് ഒരു മടുപ്പുമില്ല. ഇവർക്കുവേണ്ട സ്നേഹവും സന്തോഷവും കൊടുക്കാനായി ധാരാളം പേർ ഇവിടെ വരാറുണ്ട്. ദൈവസ്നേഹം അവരുടെ ഹൃദയത്തിൽ ഉള്ളതുകൊണ്ടാണ് പലരും ഇവിടെ കടന്നുവരുന്നത്. സർക്കാരിൽനിന്നും ഒരു സഹായവും ലഭിക്കുന്നില്ല. വളരെ പ്രതീക്ഷയോടെയും സന്തോഷത്തോടെയുമാണ് 'സാധന'യെ ഞങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്.

രൂപതയുടെ ജൂബിലി മെമ്മോറിയൽ ആശുപത്രിയുടെ ഒരു ഭാഗമായ ലിറ്റിൽ ഫ്ലവർ നഴ്സിംഗ് കോളേജിന്റെ ഭാഗമായിട്ടാണ് ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. ഹോസ്പിറ്റലിന്റെ ഡയറക്ടറും നഴ്സിംഗ് കോളേജിന്റെ പ്രിൻസിപ്പലും വൈസ് പ്രിൻസിപ്പലും സ്റ്റാഫ് അംഗങ്ങളും കുട്ടികളും ഞങ്ങളെ ഒരുപാടുകാര്യങ്ങളിൽ സഹായിക്കാറുണ്ട്. അതുപോലെ സ്കൂളുകളിൽനിന്നുമൊക്കെ അധ്യാപകരും രക്ഷാകർത്താക്കളും കുട്ടികളുമൊക്കെ ഇവിടെ വരാറുണ്ട്. അവരൊക്കെ വളരെ നല്ല അഭിപ്രായമാണ് പറയുന്നത്. ഇതുവരെ കണ്ടിട്ടില്ലാത്ത ഒത്തിരിയേറെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞുവെന്നും അവരുടെ ജീവിതത്തിൽ ചില മാറ്റങ്ങൾ സംഭവിച്ചു എന്നും ധാരാളംപേർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കാരണം, സ്കൂളുകളിലും കോളേജുകളിലും വേറൊരു കാഴ്ചകൾ അവർക്കില്ല. ഇങ്ങനെയും ചില മനുഷ്യർ ഈ ലോകത്ത് ഉണ്ടെന്നുള്ള ഒരു തുറവിയാണ് അവർക്ക് ലഭ്യമായത്. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ പറയുന്ന "പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" എന്ന വചനമാണ് ഞങ്ങളുടെ പ്രവർത്തനങ്ങളുടെ കരുത്ത്. ആരൊക്കെയോ എവിടെയോ ഏകരായി, പുറന്തള്ളപ്പെട്ടവരായി, അനാഥരായി അലയുന്നു. അവർക്ക് സംരക്ഷണം കൊടുക്കുക, അതിനുവേണ്ടിയുള്ള ദൈവത്തിന്റെ ഒരു ഉപകരണം മാത്രമായിട്ടാണ് ഞാനിവിടെ നിലകൊള്ളുന്നത്.

ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ നിത്യേന സഹകരിച്ചു വരുന്ന തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സ്ഥാപനങ്ങളുടെ മാനേജിങ് ഡയറക്ടർ ആയ ഡയനേഷ്യസ് പെരേര്യ്ക്ക് പറയുവാൻ ഒരുപാടു കാര്യങ്ങൾ ഉണ്ട്; സാധനയിൽ ഏറ്റവും പ്രധാനമായി വരുന്നത് പത്തോ ഇരുപത്തഞ്ചോ അപ്പച്ചന്മാരുടെ സംരക്ഷണം മാത്രമല്ല. തീർച്ചയായും ഇവരുടെ കുടുംബങ്ങളിൽ ഇവർ ആയിരിക്കുന്നതുകൊണ്ട് ഒത്തിരി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ആ കുടുംബങ്ങളിൽ ഇവരെ സംരക്ഷിക്കുന്നതിനുവേണ്ടി ഭാര്യയും ഭർത്താവും തമ്മിൽ, മക്കളും സഹോദരങ്ങളും തമ്മിൽ പ്രശ്നങ്ങളുണ്ട്. ഇവരുടെ വീടുകളിലെ പ്രശ്നങ്ങളെക്കൂടി ഏറ്റെടുക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്. പല വീടുകളും ഞങ്ങൾ സന്ദർശിച്ചിട്ടുണ്ട്. അവിടെ ഡിവോഴ്സ് വരെ നടക്കേണ്ട സംഭവങ്ങൾ, അപ്പനെ മാറ്റിയില്ലെങ്കിൽ എനിക്ക് ഉപേക്ഷിച്ചു പോകേണ്ടി വരുമെന്ന സാഹചര്യങ്ങൾ ധാരാളം ഉണ്ടായിട്ടുണ്ട്. ഇവരെ ഞങ്ങൾ നോക്കിക്കോളാം എന്നു പറഞ്ഞ് ഏറ്റെടുത്തു കൊണ്ടുവന്ന് സംരക്ഷിക്കുകയാണ് ചെയ്യുന്നത്.

ഈ സ്ഥാപനം ആരംഭിച്ചിട്ട് 20 വർഷത്തോളമായി. ഇന്നുവരെയും ദൈവത്തിന്റെ കാരുണ്യംകൊണ്ട് ഒന്നിനും ഒരു കുറവുമില്ല. ദൈവം സമയാസമയങ്ങളിൽ യഥോചിതം അവർക്ക് വേണ്ടുന്നതെല്ലാം ഒരുക്കി അവർക്കായി നല്കപ്പെടുന്നുവെന്നതാണ് ഏറ്റവും വലിയ സത്യവും യാഥാർഥ്യവും. ഈ സ്ഥാപനത്തിൽ പല കാലങ്ങളിലായി കടന്നുവന്ന പലരും സുബോധമുള്ള ജീവിതാവസ്ഥകളിലേക്ക് തിരിച്ചെത്തുകയും സ്വഭവനങ്ങളിലേക്ക് മടങ്ങിപ്പോവുകയും ചെയ്തിട്ടുണ്ട്. രൂപതയിലെ മറ്റു സംഘടനകൾ; ലീജിയൻ ഓഫ് മേരി , വിൻസെന്റ് ഡി പോൾ പോലുള്ളവ ഒത്തിരി സഹായം സാധനയിലെ അന്തേവാസികൾക്കായി ചെയ്യുന്നുണ്ട്. ഇവരുടെ തുണികൾ അലക്കുക, മുടിയൊക്കെ വെട്ടി ഷേവ് ചെയ്തു വൃത്തിയാക്കി കൊടുക്കുക തുടങ്ങിയവ. എപ്പോഴും ഇവരെ സന്തോഷവാന്മാരാക്കുവാൻവേണ്ടി ഉല്ലാസപരിപാടികളും സംഘടിപ്പിക്കാറുണ്ട്. കൃത്യമായ ദിനചര്യകളിലൂടെയും ചികിത്സയിലൂടെയും ഇവരിൽ പലരും സാധാരണ ജീവിതങ്ങളിലേക്ക് മടങ്ങിവന്നുകൊണ്ടിരിക്കുന്നു. ഇടം നഷ്ടപ്പെട്ട മനസുകൾക്ക് ഹൃദയത്തിൽ ഒരിടം നൽകി ചേർത്തുനിർത്തുകയാണ് സാധന പുനരധിവാസ കേന്ദ്രം.

പുറത്തുപറയുവാൻ കഴിയാതെ കണ്ണീരുറഞ്ഞ് നിശ്ശബ്ദരായിപ്പോയവർ... ഓരോരോ ജീവിത സാഹചര്യങ്ങളിൽ എപ്പോഴോ എവിടെയൊക്കെയോവച്ച് മനസ്സിന്റെ നൂലിഴകൾ പൊട്ടിപ്പോയവർ... സുബോധത്തിന്റെയും അബോധത്തിന്റെയും നൂൽപ്പാലത്തിലൂടെ നടന്ന് ജീവിതത്തിന്റെ കല്പടവുകളിൽ വീണു പോയവർ... ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവർ... സുബോധമില്ലാത്തവരെന്ന് സമൂഹം കരുതുമ്പോഴും ഉപബോധത്തിൽ തങ്ങളുടെ നിസ്സഹായാവസ്ഥകളുടെ ഓർമകൾ പേറുന്നവർ.. ഇവരുടെയൊക്കെയും കാതലും കരുതലുമാണ് 'സാധന. അതെ, സാധന അതിന്റെ ദൈവിക ദൗത്യം തുടർന്നുകൊണ്ടേയിരിക്കുന്നു... •

കടപ്പാട്: Word to World/തണൽ

# വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2026 ജൂലൈ മാസത്തെ ഉപയോഗത്തിനായ് അതിരൂപത ബിസിസി കമ്മീഷൻ തയ്യാറാക്കിയത്

## ''യുവത്വം: നന്മയിൽ നിന്നും പൂർണതയിലേക്ക് എത്തട്ടെ''

1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം

2. ആമുഖം

യുവജനങ്ങൾ സഭയുടെ 'ഭാവി' മാത്രമല്ല, മറിച്ച് സഭയുടെ 'വർത്തമാനം,' 'ഇന്ന്' കൂടെയാണ്.- ഫ്രാൻസിസ് പാപ്പ & ലിയോ പാപ്പ.



ക്രിസ്തുവിൽ പ്രിയമുള്ളവരേ, ഒരുപാട് നന്മകൾകൊണ്ടും കഴിവുകൾകൊണ്ടും അനുഗ്രഹിക്കപ്പെട്ടവരാണ് യുവജനങ്ങൾ. സാങ്കേതികവിദ്യയുടെ ചിറകിലേറി ഈ ലോകം കുതിക്കുമ്പോൾ, അതിന്റെ വേഗത്തോട് കിടപിടിക്കാൻ യുവജനങ്ങൾക്കല്ലാതെ മറ്റാർക്കാണ് കഴിയുന്നത്? മാറ്റത്തിന്റെ ശംഖനാദം മുഴക്കാനും ക്രിയാത്മകവും നവീനവുമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും യുവജനങ്ങൾക്ക് കഴിയുന്നു. വിശുദ്ധഗ്രന്ഥം പരിശോധിക്കുമ്പോഴും യുവനേതാക്കളെ ധാരാളമായി നമുക്ക് കാണാൻകഴിയും. ഇസ്രായേലിന്റെ ഏറ്റവും വലിയ പ്രവാചകനായ മോശ യൗവനത്തിൽ ദൈവത്താൽ വിളിക്കപ്പെടുന്നു. രാജാക്കന്മാരും പ്രവാചകന്മാരുമെല്ലാം അവരുടെ യൗവനത്തിൽ ദൈവനിയോഗം തങ്ങളുടെ നിയോഗമായി ഏറ്റെടുത്തവരാണ്. യുവത്വം ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കുവാൻ തയ്യാറായ വ്യക്തികളായിരുന്നു ബൈബിളിലെ ഈ നേതാക്കന്മാർ. ക്രിസ്തുപോലും തന്റെ യൗവനത്തിലാണ് സുവിശേഷ വേലയ്ക്കായി ഇറങ്ങിത്തിരിക്കുന്നത്. അവന്റെ അപ്പസ്തോലന്മാരും യുവാക്കൾതന്നെ. യുവത്വം ദൈവനാമ മഹത്ത്വത്തിനുവേണ്ടി സമർപ്പിക്കാൻ കഴിയും എന്ന് വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. യുവത്വവും യുവതി യുവാക്കളും മോശക്കാരല്ല, ഒരുപാട് പ്രത്യേകതകളും നന്മകളും ഉള്ളവരാണ് എന്ന് വിശുദ്ധഗ്രന്ഥം അടിവരയിട്ട് പ്രഖ്യാപിക്കുകയാണ്. നമ്മുടെ ഈ കുടുംബ കൂട്ടായ്മയിൽ ഈ മാസത്തെ ചിന്താവിഷയമായി യുവജനങ്ങളെ നമുക്ക് സ്വീകരിക്കാം. അവരെ ഗൗരവത്തോടെ നോക്കിക്കാണുകയും അനുധാവനം ചെയ്യുകയും അവരിൽനിന്നും നന്മകൾ സ്വീകരിക്കുകയും ചെയ്യാം. അത് കാലത്തിന്റെ അനിവാര്യതയാണെന്ന് ഫ്രാൻസിസ് പാപ്പയും ലിയോ പാപ്പയും നമ്മെ ഓർമിപ്പിക്കുന്നു. യുവജനങ്ങൾക്കായി ഈ കൂട്ടായ്മയിൽ നമുക്ക് പ്രാർത്ഥിക്കാം യുവജനങ്ങളെക്കുറിച്ച് നമുക്ക് ആത്മാർത്ഥമായി ചിന്തിക്കാം.

3. യേശുവിനെ ക്ഷണിക്കൽ

4. ദൈവവചന പാരായണം: മത്തായി 19:16-22

5. വചനഭാഗം പങ്കുവയ്ക്കൽ

6. നിശ്ശബ്ദധ്യാനം

7. വചനാനുഭവം പങ്കുവയ്ക്കൽ

8. വചനവിചിന്തനം

പ്രിയമുള്ളവരേ, സുവിശേഷത്തിലെ ധനികനായ യുവാവ്, യുവജനങ്ങളെക്കുറിച്ച് ചിന്തിക്കുവാനും ചർച്ച ചെയ്യുവാനും നമ്മെ സഹായിക്കുന്നു.

i) അവൻ യേശുവിനെക്കുറിച്ച് കേട്ടറിഞ്ഞ് യേശുവിന്റെ അരികിലേക്ക് വരുന്നു. യുവജനങ്ങൾ അന്വേഷണ ബുദ്ധിയുള്ളവരാണ്. പുതിയ കാര്യങ്ങൾ അറിയുവാനും ചെയ്യുവാനും അവർക്ക് ആഗ്രഹവും താൽപര്യവും കഴിവും ഉണ്ട്. ചിലപ്പോൾ അതിനെ എടുത്തുചാട്ടം ആയി നാം വ്യാഖ്യാനിക്കാറുണ്ട്.

ii) ധാരാളം നന്മയുള്ള വ്യക്തിയാണ് ആ യുവാവ്. ചെറുപ്പം മുതലേ നിയമങ്ങൾ പാലിക്കുന്ന, യഹൂദ മതം അനുശാസിക്കുന്ന അനുഷ്ഠാനങ്ങൾ ചെയ്യുന്ന ഒരു വ്യക്തി.

iii) അവനുമായി സംസാരിക്കുമ്പോൾ, അവന്റെ ചോദ്യത്തിന് മറുപടി പറയുമ്പോൾ ക്രിസ്തു 'സ്നേഹത്തോടെ' അവനെ കടാക്ഷിക്കുന്നു. സ്നേഹത്തോടെ യുവജനങ്ങളെ കേൾക്കുവാനും അവരെ ഉൾക്കൊള്ളുവാനും നമുക്ക് കഴിയണം. സ്നേഹത്തോടെയല്ലാതെ യുവജനങ്ങളെ നോക്കിയാൽ അവരിൽ നന്മ കാണാൻ നമുക്ക് കഴിയണമെന്നില്ല.

iv) വാത്സല്യത്തോടെ, 'അവന് ഒരു കുറവുണ്ട്' എന്ന് യേശു അവനെ ഓർമിപ്പിക്കുന്നു. ചിലതിന്റെ ആധിക്യം ചിലപ്പോൾ കുറവായി തീരാം. ആ യുവാവിന് ധാരാളം സമ്പത്ത് ഉണ്ടായിരുന്നു. അത് അവന്റെ കുറവായി തീരുന്നു. അതുവിട്ടുപേക്ഷിക്കുവാൻ അവന് കഴിയുന്നില്ല അവൻ സങ്കടത്തോടെ തിരിച്ചുപോയി എന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു.

v) യുവാവിൽ നന്മയുണ്ട്, എന്നാൽ പൂർണതയിലേക്ക് ഇനിയും യാത്ര ചെയ്യാനുണ്ടെന്ന് ക്രിസ്തു പഠിപ്പി



ക്കുന്നു. നന്മയിൽനിന്നും പൂർണ്ണതയിലേക്കുള്ള യാത്ര ത്യാഗം ആവശ്യപ്പെടുന്നു. നല്ലൊരു ശതമാനം യുവജനങ്ങളിൽ ഇന്ന് നാം കാണുന്ന കുറവ് ക്രിസ്തുവിനായി ത്യാഗം സഹിക്കുവാനുള്ള സന്നദ്ധതക്കുറവാണ്. ആത്മീയമായി ചിന്തിക്കുവാനും വളരുവാനും യുവജനങ്ങൾ തയ്യാറാകാത്ത അവസ്ഥ നമ്മുടെ കുടുംബങ്ങളെയും ഇടവക കൂട്ടായ്മയെയും സാരമായി ബാധിക്കുന്നുണ്ട് എന്ന് നാം തിരിച്ചറിയണം. ക്രിസ്തുനാഥൻ സ്നേഹത്തോടെ ആ യുവാവിനെ കടാക്ഷിച്ചതുപോലെ നമുക്കും സ്നേഹപൂർവം നമ്മുടെ യുവജനങ്ങളായ മക്കളെ ചേർത്തുപിടിക്കാൻ പരിശ്രമിക്കാം. ഈയൊരു വചനഭാഗത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ കുടുംബ കൂട്ടായ്മകളിലെ എല്ലാ യുവജനങ്ങളെയും പ്രത്യേകമായി വിളിച്ചുകൂട്ടി അവരെ കേൾക്കുവാനും അവരോട് സംസാരിക്കുവാനും അവസരങ്ങൾ നമുക്ക് ഒരുക്കാം. ഓർക്കുക അവർ സഭയുടെ 'വർത്തമാനമാണ്.' അവർ സഭയുടെ 'ഇന്ന്' ആണ്. ഭാവിയും അവർ തന്നെ.

(ഈ ആശയങ്ങളുടെ സഹായത്തോടെ ബി.സി.സി യോഗത്തിൽ വിചിന്തനം ചെയ്യാവുന്നതാണ്. വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

**» ബി.സി.സി. കുടുംബ കൂട്ടായ്മകളിൽ യുവജനങ്ങൾ എന്തുകൊണ്ട് സജീവമായി പങ്കെടുക്കുന്നില്ല?**

**» പ്രവർത്തനം: ഓരോ ബി.സി.സി.കളിലും അതാത് യൂണിറ്റിലെ യുവജനങ്ങളെ ഒരുമിച്ചുവിളിച്ച് (ബി.സി.സി. ലീഡേഴ്സും യുവജനങ്ങളും) അവരെ കേൾക്കാൻ ശ്രമിക്കുകയും അവരെ കുടുംബ കൂട്ടായ്മകളിൽ കൊണ്ടുവരാനും ശ്രമിക്കുക?**

**9. ദൗത്യമേറ്റെടുക്കൽ**

**10. സ്വയം പ്രേരിതപ്രാർഥന**

**11. കർത്തൃപ്രാർഥന**

**12. സമാപനപ്രാർഥന**

## രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)

2. വരവ് ചെലവ് അവതരണം;

3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

4. ചർച്ചയും പങ്കുവയ്ക്കലും;

5. ഹാജർ

6. രഹസ്യപ്പിരിവ്

7. അറിയിപ്പുകൾ

8. നന്ദി

9. സമാപനഗീതം

# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക,
സഭാവാർത്തകൾക്കായി ന്യൂസ് പോർട്ടൽ
സന്ദർശിക്കുക
www.archtvmnews.com

## ലിറ്റിൽ ഫ്ലവർ ഫുട്ബോൾ അക്കാദമിക്ക് (LiFFA) 10 വയസ്; നവീകരിച്ച മന്ദിരം ആശീർവദിച്ചു



കഴക്കൂട്ടം: തിരുവനന്തപുരം അതിരൂപതയിൽനിന്നും മികച്ച ഫുട്ബോൾ കളിക്കാരെ കണ്ടെത്തി അവരെ ഉയരങ്ങളിലെത്തിക്കാൻ പരിശ്രമിക്കുന്ന LiFFA പത്ത് വർഷം പൂർത്തിയാക്കുന്നു. പതിറ്റാണ്ട് പൂർത്തിയാക്കുന്ന വേളയിൽ നവീകരിച്ച അക്കാദമി മന്ദിരത്തിന്റെ ആശീർവാദം മെയ് 19 ചൊവ്വാഴ്ച രക്ഷാധികാരി തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത നിർവഹിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. കോവളം എം.എൽ.എ എം. വിൻസെന്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കേരള കായിക യുവജന ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ ഡോ. പ്രദീപ് എസ് മുഖ്യാതിഥിയായിരുന്നു. LiFFA ഡയറക്ടർ റവ. ഡോ. എ ആർ ജോൺ സ്വാഗതം പറഞ്ഞു. സമ്മേളനത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആന്റോ ബൈജു, താരുസ് ഇന്ത്യാ ചീഫ് ഓപ്പറേറ്റർ ഓഫീസർ അനിൽ കുമാർ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഫാ. വിനീത് പോൾ കൃതജ്ഞതയേകി.

LiFFA ഫുട്ബോൾ ടീമിന്റെ ഭാഗമാകുന്നത് വെറും ഫുട്ബോൾ പരിശീലനം മാത്രമല്ല മറിച്ച് അവർക്ക് മികച്ച വിദ്യാഭ്യാസവും നൽകുന്നു എന്നതാണ് പ്രത്യേകത. പത്ത് വർഷം പൂർത്തിയാകുമ്പോൾ സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ നിരവധി ഫുട്ബോൾ താരങ്ങളെ സംഭാവന ചെയ്യാൻ LiFFA-ക്ക് സാധിച്ചതായി ഡയറക്ടർ റവ. ഡോ. എ ആർ ജോൺ പറഞ്ഞു.

## വിദ്യാഭ്യാസ ശുശ്രൂഷ സിവിൽ സർവീസ് ഫൗണ്ടേഷൻ ക്യാമ്പിന് മുന്നോടിയായി എൻട്രൻസ് പരീക്ഷ നടത്തി



വെള്ളയമ്പലം: സിവിൽ സർവീസ് മേഖലയിൽ നമ്മുടെ വിദ്യാർഥികളുടെ പ്രാതിനിധ്യം ഉറപ്പിക്കുകയെന്ന ലക്ഷ്യപ്രാപ്തിക്കായി അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതി സിവിൽ സർവീസ് ഫൗണ്ടേഷൻ ക്യാമ്പിന് മുന്നോടിയായി എൻട്രൻസ് പരീക്ഷ നടത്തി. മെയ് 16 ശനിയാഴ്ച വെള്ളയമ്പലം സാമൂഹ്യ ശുശ്രൂഷ കാര്യാലയത്തിലെ ഹാളിൽ നടന്ന എൻട്രൻസ് പരീക്ഷയിൽ 39 വിദ്യാർത്ഥികൾ പങ്കെടുത്തു. തുടർന്ന് മാതാപിതാക്കൾക്കായി നടന്ന ബോധവത്കരണ ക്ലാസിന് വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. സജു റോൾഡൻ നേതൃത്വം നൽകി. എട്ടാം ക്ലാസിലെ വിദ്യാർഥികൾക്കായി വർഷത്തിൽ മൂന്ന് തവണയാണ് സിവിൽ സർവീസ് ഫൗണ്ടേഷൻ ക്യാമ്പ് നടത്തുന്നത്.

## M.touch: നിർധന കുടുംബത്തിന് പുതുഭവനം സമ്മാനിച്ച് മരിയൻ കോളേജിന്റെ കരുതൽ



കഴക്കൂട്ടം: മരിയൻ എഡ്യൂസിറ്റിയുടെ സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാമായ M.touch (Marian Touch) നിർധന കുടുംബത്തിന് വീട് പുനരുദ്ധരിച്ചു നൽകി. ഓട്ടിസം സ്പെക്ട്രത്തിൽപെട്ട ഇരട്ടക്കുട്ടികളുള്ള കുടുംബത്തിന് ഭവനം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയത് മരിയൻ കോളേജ് ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിങ്ങിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മുരല്യാ ഗ്രൂപ്പ് ഉൾപ്പെടെയുള്ള ഒട്ടേറെ ഉപകാരികളുടെയും സഹകരണത്തോടെയാണ്. തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത റവ. ഡോ. തോമസ് ജെ. നെറ്റോ ഭവനം ആശീർവദിച്ച് താക്കോൽ കൈമാറി. റവ. ഡോ. എ. ആർ. ജോൺ, പ്രൊഫ. സുജ കുമാരി, പ്രൊഫ. ബേബി കെ. പോൾ, ഫാ. എബിൻ സ്റ്റാൻലി, ഹെൽപിങ് ഹാൻഡ്സ് ഓർഗനൈസേഷൻ ഫൗണ്ടറും ഡയറക്ടറുമായ ശ്രീമതി ജോളി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

## വട്ടിയൂർക്കാവ് ഫെറോനയിൽ മികച്ച സാമൂഹ്യ ശുശ്രൂഷ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം ക്രിസ്തുരാജപുരം ഇടവകക്ക്



വട്ടിയൂർക്കാവ് ഫെറോനയിൽ സാമൂഹ്യ ശുശ്രൂഷ സമിതിയുടെ 2025 -26 പ്രവർത്തന വിലയിരുത്തലിൽ ക്രിസ്തുരാജപുരം ഇടവകക്ക് ഒന്നാം സ്ഥാനം ലഭിച്ചു. അതിരൂപത സാമൂഹ്യ ശുശ്രൂഷ സമിതി ഡയറക്ടർ ഫാ. ആഷിലിൽ ജോസ് 5000 രൂപ ക്യാഷ് അവാർഡ് നൽകി ആദരിച്ചു.

## സാന്ത്വനം ആരോഗ്യ സമൃദ്ധി; മെഡിക്കൽ ഉപകരണ വിതരണവും വോളണ്ടിയർ പരിശീലനവും നടന്നു



ഇരയിമ്മൻതുറ: രോഗികൾക്ക് കരുതലും പിന്തുണയും നൽകുന്ന സാന്ത്വനം ആരോഗ്യ സമൃദ്ധി പദ്ധതിയുടെ ഭാഗമായി ഇരയിമ്മൻതുറ ഇടവകയിൽ മെഡിക്കൽ ഉപകരണ വിതരണവും വോളണ്ടിയർ പരിശീലനവും നടന്നു. ജൂബിലി ഹോസ്പിറ്റൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബാബുരാജ് അധ്യക്ഷത വഹിച്ചു.

രോഗികൾക്ക് വീടുകളിൽ കൂടുതൽ ഫലപ്രദമായ ആരോഗ്യപരിചരണ സേവനങ്ങൾ നൽകുന്നതിനായി ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വോളണ്ടിയർമാർക്ക് വിതരണം ചെയ്തു. ഉപകരണങ്ങളുടെ ഉപയോഗരീതി, അവയുടെ പ്രാധാന്യം, രോഗികളോടുള്ള സമീപനം എന്നിവയെക്കുറിച്ച് വിശദമായ ബോധവൽക്കരണവും നൽകി.

സാന്ത്വനം ആരോഗ്യ സമൃദ്ധി പദ്ധതിയുടെ ഭാഗമായി വീടുകൾ സന്ദർശിച്ച് രോഗികളെ കണ്ടെത്തുകയും, ബി.പി., ഷുഗർ പരിശോധനകൾ നടത്തുകയും, ആവശ്യമായ സഹായങ്ങളും പാലിയേറ്റീവ് കെയർ ശുശ്രൂഷകളും ലഭ്യമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ തുടരുന്നുവെന്ന് സംഘാടകർ അറിയിച്ചു. ഇടവക വികാരി ഫാ. മാർത്തോമ സന്നിഹിതനായിരുന്നു.

## തിരുവത്താഴത്തെ വക്രീകരിച്ച സംഭവം: ടൈംസ് ഓഫ് ഇന്ത്യ ഓഫീസിന് മുന്നിൽ തിരുവനന്തപുരം അതിരൂപത കെഎൽസിഎ ധർണ നടത്തി




തിരുവനന്തപുരം: RESURRECTION or EXILE എന്ന തലക്കെട്ടിൽ തിരുവത്താഴത്തെ വികലമായി ചിത്രീകരിച്ച് ക്രൈസ്തവ വിശ്വാസത്തെ അപമാനിച്ച ടൈംസ് ഓഫ് ഇന്ത്യ പത്രത്തിന്റെ നടപടിയിൽ പ്രതിഷേധിച്ച് കെഎൽസിഎ തിരുവനന്തപുരം അതിരൂപതയുടെ നേതൃത്വത്തിൽ ടൈംസ് ഓഫ് ഇന്ത്യ ഓഫീസിനുമുന്നിൽ പ്രതിഷേധ ധർണ നടത്തി. തിരുവത്താഴത്തിന്റെ ചിത്രീകരണത്തെ അനുസ്മരിപ്പിക്കുന്ന വിധം രാഷ്ട്രീയ നേതാക്കളെ വരച്ചുചേർത്ത് 'ഉയിർത്തെഴുന്നേൽപ്പ് അഥവാ 'നാടുകടത്തൽ' എന്ന തലക്കെട്ടോടെ പ്രസിദ്ധീകരിച്ചത് കോടിക്കണക്കിന് ക്രൈസ്തവ വിശ്വാസികളുടെ മതവികാരത്തെ വ്രണപ്പെടുത്തിയതായി കെഎൽസിഎ രൂപതാ ജനറൽ സെക്രട്ടറി സുരേഷ് സേവ്യർ പറഞ്ഞു. ടൈംസ് ഓഫ് ഇന്ത്യ ക്രൈസ്തവ സമൂഹത്തോട് നിരുപാധികം മാപ്പ് പറയുകയും, മതചിഹ്നങ്ങളെയും വിശ്വാസാചാരങ്ങളെയും അപമാനിക്കുന്ന ഉള്ളടക്കം പ്രസിദ്ധീകരിക്കില്ലെന്ന് ഉറപ്പ് നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മതേതരത്വം എന്നാൽ മതങ്ങളെ അപമാനിക്കാനുള്ള ലൈസൻസ് അല്ല. അതിരൂപത പ്രസിഡന്റ് സുരേഷ് പീറ്റർ പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് പാട്രിക് മൈക്കിൾ, ഷാജൻ മാർട്ടിൻ, രാജു തോമസ്, ഹെൻട്രി വിൻസെന്റ്, ഗ്രേഷ്യസ്, സുശീല, വിൻസെന്റ് തുടങ്ങിയവർ സംസാരിച്ചു.

## ഡിജിറ്റൽ യുഗത്തിൽ മനുഷ്യത്വം സംരക്ഷിക്കുവാനുള്ള ആഹ്വാനവുമായി ലെയോ പാപ്പയുടെ പ്രഥമ ചാക്രിക ലേഖനം പ്രസിദ്ധീകരിച്ചു




വത്തിക്കാൻ സിറ്റി: നിർമ്മിത ബുദ്ധിയുടെ അതിപ്രസരം ലോകത്തെ ഏറെ മാറ്റങ്ങൾക്ക് വിധേയമാക്കുന്ന കാലഘട്ടത്തിൽ നിർമ്മിത ബുദ്ധി മനുഷ്യരാശിയുടെ സേവനത്തിനായി ഉപയോഗിക്കുവാനും മനുഷ്യത്വം സംരക്ഷിക്കുവാനുള്ള ആഹ്വാനത്തോടെയും ലെയോ പാപ്പയുടെ പ്രഥമ ചാക്രിക ലേഖനം പ്രസിദ്ധീകരിച്ചു. മെയ് ഇരുപത്തിയഞ്ചാം തീയതിയാണ് "മാഗ്നിഫിക്ക ഹ്യൂമാനിത്താസ്" എന്ന പേരിൽ ചാക്രിക ലേഖനം ഔദ്യോഗികമായി പ്രസിദ്ധീകരിച്ചത്. 'നിർമ്മിത ബുദ്ധിയുടെ യുഗത്തിൽ മനുഷ്യവ്യക്തിയുടെ സംരക്ഷണം' എന്ന പ്രമേയത്തെ ആധാരമാക്കിയാണ് പുതിയ ചാക്രിക ലേഖനം. അഞ്ചു അദ്ധ്യായങ്ങളിലായി വിവരിച്ചിരിക്കുന്ന ചാക്രിക ലേഖനത്തിൽ സാങ്കേതികവിദ്യ വ്യക്തിയുമായി ബന്ധപ്പെട്ട ഒരു വൈരുദ്ധ്യ ശക്തിയല്ലായെന്ന ഓർമ്മിപ്പിക്കുന്നുണ്ട്. ലെയോ പാപ്പയുടെ "റേരും നൊവാരും", എന്ന ചാക്രികലേഖനത്തിന്റെ 135-ാം വാർഷികദിനമായ മെയ് പതിനഞ്ചാം തീയതി ലെയോ പതിനാലാമൻ പാപ്പ, ചാക്രികലേഖനത്തിൽ ഒപ്പുവെച്ചിരുന്നു.

## സെന്റ് ജേക്കബ്സ് ട്രയിനിംഗ് കോളേജിൽ ബിരുദദാന ചടങ്ങ് നടന്നു



കഴക്കൂട്ടം: മേനംകുളം സെന്റ് ജേക്കബ്സ് ട്രെയിനിങ് കോളേജിലെ 2024-2026 ബാച്ച് ബി.എഡ്. വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് നടന്നു. മെയ് 9 ശനിയാഴ്ച നടന്ന ചടങ്ങ് കോളേജ് മാനേജർ ഫാ. ആൽബർട്ട് എം. ഉദ്ഘാടനം ചെയ്തു. ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷൻ മുൻ മേധാവി പ്രൊഫസർ ഡോ. തെരേസ സൂസൻ മുഖ്യാഥിതിയായിരുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. ലിട്സൺ രാജ്, ബർസാർ ഫാ. തദ്ദേയൂസ് ഫിലിപ്പ്, സ്റ്റാഫ് സെക്രട്ടറി ഡോ. സ്വപ്ന പി, അക്കാദമിക് കോർഡിനേറ്റർ മിസ്. മേഘ അന്ന തോമസ്, അലുമിനി പ്രതിനിധി വൈഷ്ണവ് ജെ നായർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

നീർച്ചാൽ

# ദിവ്യകാരുണ്യമെന്ന ദിവ്യൗഷധം

**ദിവ്യകാരുണ്യ തിരുനാൾ**
(ജൂൺ 7)

നിയമ 8:2-3, 14യ-16,
1 കോറി 10:16-17, യോഹ 6:51-58

**ഫാ. ഡൈസൺ**



2014-ാംആണ്ടിൽ ഇസ്രായേൽ സന്ദർശനത്തിന്റെ ഭാഗമായി ആർക്കും ബലിയർപ്പിക്കാൻ സാധിക്കാത്ത സെഹിയോൻ ഊട്ടുശാലയിൽ ബലിയർപ്പിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ ഇസ്രായേൽ അധികൃതരോട് അഭ്യർത്ഥിച്ചു: ഈ വേദി തനിക്കായി മാത്രമല്ല സകലർക്കുമായി ബലിയർപ്പിക്കാൻ തുറക്കപ്പെടണം. കാരണം ഈ സ്ഥലം പരിശുദ്ധമാണ്, പരിപാവനമാണ്. ഇതെന്റെ ശരീരമാകുന്നുവെന്ന യേശുവിന്റെ തിരുമൊഴിയനുസരിച്ച് വെറും അപ്പം യേശുവിന്റെ ശരീരമായ ദിവ്യസ്ഥലം. ദിവ്യകാരുണ്യമെന്ന ദിവ്യൗഷധം മനുഷ്യകുലത്തിന് യേശു നല്കിയ പരിശുദ്ധമായ സ്ഥലം! ഒരോ ദൈവാലയവും നിത്യതയുടെ അപ്പം വിളമ്പപ്പെടുന്ന സെഹിയോൻ ഊട്ടുശാലയാണ്.

## 1. ദിവ്യകാരുണ്യം ക്രൈസ്തവ ജീവിതത്തിന്റെ ശക്തിസ്രോതസ്സ്

പ്രപഞ്ചത്തിൽ സൂര്യചന്ദ്രന്മാരുടെ പ്രകാശം എത്രത്തോളം ആവശ്യമാണോ അതിലേറെ ലോകത്തിന് വിശുദ്ധ കുർബാനയുടെ ആവശ്യമുണ്ടെന്ന് നമ്മെ പഠിപ്പിച്ചത് വിശുദ്ധ പാദ്രേപിയോ ആണ്. ഈ ലോകത്തിലെ ഏറ്റവും വലിയ ശക്തിസ്രോതസ്സ് ദിവ്യകാരുണ്യമാണെന്ന തിരിച്ചറിവിൽനിന്നുകൊണ്ട് മദർ തെരേസയും സിസ്റ്റേഴ്സും തങ്ങളുടെ അനുദിന ജീവിതം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും ദിവ്യകാരുണ്യനാഥന്റെ മുമ്പിലാണ്. വിശുദ്ധ കുർബാനയിൽനിന്നും നമ്മുടെ ജീവിതത്തെ വേർപ്പെടുത്തുകയാണെങ്കിൽ വലിയ തകർച്ച സംഭവിക്കുമെന്നും അതുകൊണ്ട് നമ്മുടെ ജീവിതം വിശുദ്ധ കുർബാനയ്ക്കുചുറ്റും നെയ്യപ്പെട്ടതാകണമെന്നും വിശുദ്ധ മദർ തെരേസ പറയുന്നു. ആളുകൾ എന്നോടും എപ്പോഴും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. മദറും, സിസ്റ്റേഴ്സും നിർവഹിക്കുന്ന ലോകത്തെ അതിശയിപ്പിക്കുന്ന ഈ ജോലികൾ ചെയ്യുവാനുള്ള സന്തോഷവും ശക്തിയും എവിടെനിന്നും കിട്ടുന്നു? എനിക്ക് ഒരേയൊരു ഉത്തരമേയുള്ളൂ ദിവ്യകാരുണ്യത്തിൽനിന്നാണത്. രോഗികൾക്ക് കൊടുക്കുവാൻ ആവശ്യമായ മരുന്നോ, ആഹാരമോ ഇല്ലാതെവന്ന അവസരങ്ങളിൽ ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചപ്പോൾ അദ്ഭുതകരമായ രീതിയിൽ ആവശ്യമുള്ളതെല്ലാം ലഭിച്ചുവെന്ന് മദർ തെരേസ സാക്ഷ്യംനല്കുന്നു. എത്ര കോൺവെന്റുകൾ ഈ ലോകത്താകമാനം ഉണ്ടെന്ന് ഒരു അഭിമുഖത്തിൽ ചോദിച്ചപ്പോൾ മദർ തെരേസ ഇങ്ങനെ ഉത്തരം നല്കി: 584 സക്രാരികൾ. മദറിന്റെയും സിസ്റ്റേഴ്സിന്റെ ജീവിതം ദിവ്യകാരുണ്യ കേന്ദ്രീകൃതമായിരുന്നു.

ദിവ്യകാരുണ്യത്തിൽനിന്ന് പുറപ്പെടുന്ന ശക്തി ഭക്തർക്ക് അനുഗ്രഹവും ശത്രുക്കൾക്ക് മാനസാന്തരവും നല്കുന്നു. സാരസൻ സൈന്യം ക്ലാര മഠത്തെ ആക്രമിച്ചപ്പോൾ വി. ക്ലാര ദിവ്യകാരുണ്യം എഴുന്നള്ളിവച്ച് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും, ദിവ്യകാരുണ്യമുള്ള അരുളിക്ക ശത്രുസൈന്യത്തിന്റെനേർക്ക് പിടിക്കുവാൻ ആഹ്വാനവും ചെയ്തു. ദിവ്യകാരുണ്യത്തെക്കണ്ട ശത്രുസൈന്യം ഭയചകിതരായി ഓടിപ്പോയി. ജീവിതത്തിലെ ഏറ്റവുംനല്ല സമയം ദിവ്യകാരുണ്യത്തിന്റെമുമ്പിൽ ചിലവിട്ട നിമിഷങ്ങളാണെന്ന് അനേകം വിശുദ്ധർ ഏറ്റുപറയുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ അദ്ഭുതങ്ങൾ നടക്കുന്നത് ദിവ്യകാരുണ്യത്തിൽനിന്നും പുറപ്പെടുന്ന ശക്തികൊണ്ടാണ്. യേശു ആവശ്യമുള്ളപ്പോൾമാത്രം ക്ഷണിക്കപ്പെടേണ്ട ഒരു അതിഥിയല്ല. എപ്പോഴും നമ്മടൊപ്പം ആയിരുന്നുകൊണ്ട് നമ്മെ ശക്തിപ്പെടുത്തുന്ന ദിവ്യവ്യക്തിയാണ്.

## 2. ദിവ്യകാരുണ്യം സ്വർഗയാത്രയിലെ പാഥേയം

സ്വർഗം തേടിയുള്ള മനുഷ്യന്റെ യാത്രയിൽ ദിവ്യകാരുണ്യം പാഥേയമാണ്, ആത്മാവിന്റെ അന്നമാണ്, നിത്യതയുടെ ഔഷധമാണ്. ഇസ്രായേൽ ജനം വാഗ്ദത്തഭൂമിയെ നോക്കിയുള്ള പ്രയാണത്തിൽ വിശന്നപ്പോൾ ദൈവത്തെ നോക്കി നിലവിളിച്ചു. ദൈവം ആകാശത്തിൽനിന്നും മന്നയും കടലിൽനിന്നും കാടപ്പക്ഷിയും പാറയിൽ നിന്നും തെളിനീരും നല്കി. ദൈവത്തിന്റെ മലയായ ഹെറോബിലേക്കുള്ള യാത്രയിൽ ഏലിയാ പ്രവാചകൻ ക്ഷീണത്താൽ വാടമുൾ ചെടിയുടെ തണലിൽക്കിടന്ന് ഉറങ്ങിയപ്പോൾ ദൈവത്തിന്റെ ദൂതൻ എഴുന്നേല്പിച്ച് ചുട്ടെടുത്ത അപ്പവും ഒരു പാത്രം വെള്ളവും നല്കി. അത് ഭക്ഷിച്ച ഏലിയ നാല്പതു രാവും പകലും യാത്ര ചെയ്യുവാനുള്ള ശക്തി സംഭരിക്കുന്നു. സ്വർഗ്ഗം തേടിയുള്ള യാത്രയിൽ ആത്മാവിന് പാഥേയമാകാൻ സൃഷ്ടവസ്തുക്കൾക്ക് ആകില്ല, അതുകൊണ്ട് ദൈവംതന്നെ മനുഷ്യന് കൈയ്യിലെടുക്കാവുന്ന, കഴിക്കാവുന്ന അപ്പമായി മാറുന്നു. ഫ്രാൻസിസ് പാപ്പ

പറയുന്നു: 'യേശു ജീവന്റെ അപ്പമാണ് അവിടത്തെ ഒരു ഉപവിഭവമായി തരം താഴ്ത്തരുത്.' മാത്രമല്ല, നമ്മുടെ ജീവിതത്തിൽ കടക്കുന്നതിനും വസിക്കുന്നതിനും വേണ്ടിയാണ് യേശു അപ്പമായി മാറിയത്. യേശുവിനുമാത്രമേ ഇത് സാധിക്കുകയുള്ളൂ കാരണം മറ്റൊരു വ്യക്തിയെ എത്രമാത്രം സ്നേഹിച്ചാലും അയാൾക്ക് ഭക്ഷണമായിത്തീരാൻ സാധിക്കുകയില്ല. യേശു മനുഷ്യർക്ക് അപ്പമാകുന്നത് അവർക്ക് ജീവനുണ്ടാവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്.

### 3. ദിവ്യകാരുണ്യം ദൈവം നല്കിയ ഏറ്റവും വലിയ സമ്മാനം

ഈ ലോകത്തിന് ദിവ്യകാരുണ്യത്തെക്കാൾ വലിയൊരു സമ്മാനം ദൈവത്തിന് നല്കുവാൻ കഴിയുമോയെന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. കാരണം ദിവ്യകാരുണ്യമെന്നാൽ ക്രിസ്തുവാണ്. അതുകൊണ്ടാവണം തോമസ് അക്വീനാസ് പറയുന്നു: 'ദൈവംചെയ്ത അദ്ഭുതങ്ങളിൽവച്ച് ഏറ്റവുംവലിയ അദ്ഭുതവും അദ്ഭുതങ്ങളുടെ സമാഹാരവുമാണ് ദിവ്യകാരുണ്യം.' മറ്റു കൂദാശകൾ കൃപകൾ നല്കുമ്പോൾ ദിവ്യകാരുണ്യം കൃപകളുടെ അധിപതിയായ ഈശോയെ മുഴുവനായും നല്കുന്നു. സഭപോലും തന്റെ ജീവൻ സ്വീകരിക്കുന്നത് ദിവ്യകാരുണ്യത്തിൽ നിന്നാണ്. അതുകൊണ്ടാണ് വി.അമ്മ ത്രേസ്യ പറയുന്നത് യേശു തിരുവോസ്തിയിൽ സന്നിഹിതനല്ലെങ്കിൽ എല്ലാറ്റിന്റെയും അന്ത്യം സംഭവിക്കും. മനുഷ്യന് ദൈവം നല്കുന്ന ഏറ്റവും വലിയ സമ്മാനം സ്നേഹത്തിന്റെയും അനുഗ്രഹങ്ങളുടെയും രത്നചുരുക്കമായ ദിവ്യകാരുണ്യമാണ്. ദിവ്യകാരുണ്യത്തിൽ യേശുവിനെ പൂർണമായി അറിയാനും അനുഭവിക്കാനും, ജീവിതത്തിന്റെ ഭാഗമാക്കാനും സാധിക്കും.

വിശുദ്ധ ഫൗസ്റ്റിനയുടെ ദർശനം സഭയിൽ ദൈവകരുണയുടെ തിരുനാൾ ആഘോഷിക്കാൻ കാരണമായെങ്കിൽ 13-ാം നൂറ്റാണ്ടിൽ ബെൽജിയത്തുള്ള അഗസ്റ്റീനിയൻ സന്യാസിനി വിശുദ്ധ ജൂലിയാനായുടെ ദർശനമാണ് ദിവ്യകാരുണ്യ തിരുനാളിന് കാരണമായത്. സിസ്റ്ററിന്റെ ദർശനത്തിന്റെ വെളിച്ചത്തിൽ ലെയ്ഗ് രൂപതയിലാണ് ആദ്യമായി ദിവ്യകാരുണ്യ തിരുനാൾ ആഘോഷിക്കപ്പെട്ടത്. ആ രൂപതയിലെ അംഗമായ ജാക്വസ് പാന്റെലിയോണി പരിശുദ്ധ പിതാവ് ഊർബൻ നാലാമനായി തിരിഞ്ഞെടുക്കപ്പെട്ടപ്പോൾ ദിവ്യകാരുണ്യ തിരുനാൾ ആഗോള കത്തോലിക്ക സഭയുടെ തിരുനാളായി 1246-ാം ആണ്ടിൽ ആഘോഷിക്കപ്പെട്ടു. ദിവസത്തിലെ ഏറ്റവുംനല്ല സമയം വിശുദ്ധ കുർബാനക്കായി സമർപ്പിക്കാം. അങ്ങനെ സ്വർഗം സ്വന്തമാക്കാം.



## എന്റെ ഹൃദയം

**തിരുഹൃദയ തിരുനാൾ** (ജൂൺ 14)

**നിയമ 7:6-11. 1 യോഹ 4:7-16. മത്താ 11:25-30**

**ഫാ. പ്രബൽ**

ഹൃദയം സങ്കോചിക്കുമ്പോൾ രക്തം പുറത്തേക്ക്, ശരീരത്തിന്റെ വിവിധഭാഗങ്ങളിലേക്ക് പോകും. വീണ്ടും ഹൃദയം രക്തംകൊണ്ട് നിറയും, നിറയണം. ഹൃദയസങ്കോചം, ഹൃദയവികാസം ഈ പ്രവൃത്തികൾ ഓരോ ഹൃദയ സ്പന്ദനത്തിനുമൊപ്പം ആവർത്തിക്കപ്പെടുന്നു. എത്രതന്നെ മാലിന്യവും കാർബൺ ഡൈഓക്സൈഡും ഹൃദയത്തിലേക്ക് ഒഴുക്കിയാലും ഹൃദയം ശരീരഭാഗങ്ങൾക്ക് നൽകുന്നത് ശുദ്ധരക്തമാണ്. ഇത് നമ്മുടെ മനുഷ്യഹൃദയത്തിന്റെ കാര്യമാണ്. ലോകത്തിലേക്ക് ദൈവികജീവൻ പമ്പ് ചെയ്യുന്നതും മനുഷ്യവംശത്തെ ദൈവ സന്നിധിയിലേക്ക് നയിക്കുന്നതും മറ്റൊരു ഹൃദയമാണ്. യേശുവിന്റെ ഹൃദയം. വെറും വിൽപ്പനച്ചരക്കായി മാറിയ സ്നേഹങ്ങളുടെ നടുവിലാണ് സ്നേഹത്തിന്റെ തിരുഹൃദയ തിരുനാൾ നാം ആഘോഷിക്കുക. 1673ൽ യേശു വിശുദ്ധ മാർഗ്രറ്റ് മേരിക്ക് പ്രത്യക്ഷപ്പെടുകയും തന്റെ ഹൃദയം അവൾക്ക് കാണിച്ചുകൊടുക്കുകയും തിരുഹൃദയ തിരുനാൾ ആഘോഷിക്കുവാൻ നിർദേശിക്കുകയും ചെയ്തു. 1899ൽ ലിയോ പതിമൂന്നാമൻ പാപ്പ മനുഷ്യവർഗം മുഴുവനെയും തിരുഹൃദയത്തിന് പ്രതിഷ്ഠിക്കുകയുംചെയ്തു. യേശുവിന്റെ ഹൃദയത്തിൽ ചിത്രീകരിക്കുന്ന മൂന്ന് പ്രതീകങ്ങൾ സവിശേഷശ്രദ്ധ ആകർഷിക്കുന്നു;

1. ഹൃദയത്തെച്ചുറ്റിയ മുൾക്കിരീടം നമ്മുടെ ഹൃദയം അനുദിനം അനുഭവിക്കുന്ന വേദനകളെ സൂചിപ്പിക്കുന്നു.

2. ഹൃദയത്തിനുമുകളിലെ കുരിശ് എത്രതന്നെ നിന്ദിക്കപ്പെട്ടാലും രക്ഷയുടെ ചിഹ്നമായ വിശുദ്ധ കുരിശ് ഹൃദയത്തിൽനിന്നും ഉയർത്തപ്പെടും.

3. ഹൃദയത്തെ വലയംചെയ്യുന്ന അഗ്നി ഹൃദയമേറ്റ പാപത്തിന്റെ പാടുകൾ ഭസ്മീകരിക്കുന്ന ശുദ്ധീകരണത്തിന്റെ തീ.

Hoc est enim corpus meum (ഇത് എന്റെ ശരീരമാകുന്നു) എന്നരുൾചെയ്തുകൊണ്ട് തന്റെ മുറിക്കപ്പെട്ട ശരീരം നമുക്കായി പകുത്തുനൽകിയ ക്രിസ്തു, കുത്തിപിളർക്കപെട്ട തന്റെ ഹൃദയം (യോഹ 19:34) നമുക്ക് ദൃശ്യമാക്കി അരുൾചെയ്യുന്നു, Hoc est corpus meum (ഇത് എന്റെ ഹൃദയമാകുന്നു). ശരീരവും ഹൃദയവും പകുത്തുനൽകിയവൻ അവസാന തുള്ളി ചോരയും നമുക്കായി ഒഴുക്കുന്നു.

ഹൃദയത്തിന്റെ രോഗങ്ങളും അതിന്റെ ചികിത്സയുമൊക്കെ നാം കേൾക്കാറുണ്ട്. ഹാർട്ട് അറ്റാക്ക്, ഹൃദയത്തിൽ ദ്വാരം, മറ്റ് ഹൃദ്രോഗങ്ങൾ അങ്ങനെയെല്ലാം. ആത്മീയമായും ഹൃദയത്തിന് രോഗങ്ങളുണ്ടാകാം. തകർന്ന ഹൃദയം, മുറിവേറ്റ ഹൃദയം, അനുതപിക്കാത്ത ഹൃദയം, വിശ്വാസമില്ലാത്ത ഹൃദയം. ശാരീരികഹൃദയത്തിന് ശസ്ത്രക്രിയപോലെ ആത്മീയഹൃദയത്തിനും ശസ്ത്രക്രിയ ആവശ്യമാണ്. എസെക്കിയേൽ 36:26ൽ, ഞാൻ ഒരു പുതിയ ഹൃദയം, മാംസളമായ ഹൃദയം നൽകുമെന്നാണ് കർത്താവ് പറയുന്നത്. നമ്മുടെയൊക്കെ ഹൃദയങ്ങൾ തമ്പുരാന്റെ ഹൃദയത്തിലേക്ക് വിട്ടുകൊടുക്കണം. തിരുഹൃദയ തിരുനാളിൽ നമ്മുടെ വെല്ലുവിളി യേശുവിന്റെ ഹൃദയം സ്വന്തമാക്കുക എന്നതാണ്. എന്റെ ഹൃദയം കരുണയുള്ളതാണോ? എന്റെ ഹൃദയം മുറിക്കപ്പെടുന്നുണ്ടോ? എന്റെ ഹൃദയം സർവരെയും ആശ്ലേഷിക്കുന്നുണ്ടോ?



## കർത്താവ് എന്റെ പക്ഷത്തുണ്ട്, ഞാൻ ഭയപ്പെടുകയില്ല

ആണ്ടുവട്ടം 12-ാം ഞായർ (ജൂൺ 21)
**ജെറ 20:10-13, റോമാ 5:12-15, മത്താ 10:26-33 അപ്പ. 1:1-11. എഫേ.1:17-23. മത്താ. 28:16-20**

**ഫാ. പ്രബൽ**

ഇന്നത്തെ സുവിശേഷത്തിൽ ദിവ്യഗുരുവായ യേശുനാഥൻ ദൈവരാജ്യ പ്രഘോഷണത്തിന്റെ ആദ്യാനുഭവത്തിന് അപ്പോസ്തലന്മാരെ ഒരുക്കുന്ന പ്രേഷിത പ്രഭാഷണത്തിന്റെ സന്ദേശങ്ങളിലൊന്നാണ് നാം ധ്യാനിക്കുക. അപ്പോസ്തലന്മാർ ജീവിതത്തിലെ വെല്ലുവിളികൾക്കുമുന്നിൽ ഭയപ്പെടാതിരിക്കുകയും ശക്തരും ആത്മധൈര്യമുള്ളവരുമായിരിക്കാനും യേശു ആഹ്വാനം ചെയ്യുന്നു. നമ്മുടെ അനുദിന ജീവിതത്തിൽ നമുക്ക് പരിചിതമായ ഒരവസ്ഥയാണ് ഭയം. നമ്മിൽ സാധാരണ രീതിയിൽ ഭയമുണ്ടാകുന്നത്, നമ്മുടെ ജീവനോ, അല്ലെങ്കിൽ നമ്മുടെ പ്രിയപ്പെട്ടവരുടെ സുരക്ഷയ്ക്കോ ഉണ്ടായേക്കാവുന്ന ഭീഷണികളെപ്പറ്റി ചിന്തിക്കുമ്പോഴാണ്. എന്നാൽ ഇത്തരത്തിലുള്ള ഭയത്തിൽ യാതൊരു കഴമ്പുമില്ലെന്നാണ് ഇന്നത്തെ വചനഭാഗം നമ്മെ ബോധിപ്പിക്കുന്നത്.

നമ്മെ ശാരീരികമായി ഹനിക്കുകയോ കൊല്ലുകപോലും ചെയ്യുന്നവരെ നമ്മൾ ഭയപ്പെടേണ്ട ആവശ്യമില്ലെന്നാണ് വചനം പഠിപ്പിക്കുന്നത്. 'കർത്താവ് എന്റെ പക്ഷത്തുണ്ട്, ഞാൻ ഭയപ്പെടുകയില്ല; മനുഷ്യന് എന്നോട് എന്തുചെയ്യാൻ കഴിയും?' (സങ്കീർത്തനം 118:6). നമ്മുടെ ഏറ്റവുംചെറിയ കാര്യത്തിൽപോലും ദൈവം അതീവ ശ്രദ്ധാലുവാണ്. കേവലം നിസ്സാരമെന്ന് തോന്നാവുന്ന കുരുവികളെക്കുറിച്ചും, കൊഴിഞ്ഞുപോകാനായി മാത്രം സൃഷ്ടിക്കപ്പെട്ട മുടിയിഴകളെക്കുറിച്ചുംവരെ ശ്രദ്ധയുള്ളവനാണ് സ്വർഗസ്ഥനായ പിതാവ്. എന്നാൽ ഇത് പൂർണമായും ഗ്രഹിക്കാതെ, ജീവിതത്തിൽ ഭയപ്പെടുത്തുന്ന സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ സർവശക്തനായ ദൈവത്തിൽ അഭയം തേടാതെ, ഭയത്തിന് കീഴടങ്ങുന്ന പ്രവണത നമ്മിലുണ്ട്. ജീവിതത്തിൽ തെറ്റായ ഭയത്തിന് അടിപ്പെടുന്നതാണ് നമ്മുടെ പ്രശ്നങ്ങളുടെ അടിസ്ഥാനകാരണം.

ശരീരത്തെയോ, ജീവനെ തന്നെയോ നശിപ്പിക്കാൻ കഴിവുള്ളവരെയല്ല നമ്മൾ ഭയക്കേണ്ടത്. ദൈവഭയം ഉള്ളവർ മറ്റൊന്നിനെയും ഭയപ്പെടേണ്ട ആവശ്യമില്ല. കാരണം ദൈവഭയം മറ്റെല്ലാ ഭയങ്ങൾക്കുമുള്ള പ്രതിവിധിയാണ്. 'കർത്താവിന്റെ വിശുദ്ധരെ, അവിടത്തെ ഭയപ്പെടുവിൻ; അവിടത്തെ ഭയപ്പെടുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ല' (സങ്കീർത്തനം 34:9).

എന്താണ് ദൈവഭയം? തെറ്റ് ചെയ്താൽ ശിക്ഷിക്കാൻ ഒരുങ്ങിയിരിക്കുന്ന ഒരാളാണ് ദൈവം എന്ന അവബോധത്തിൽനിന്നും ഉളവാകുന്ന പേടിയല്ല ദൈവഭയം. സ്നേഹത്തോടെ തന്നെ സൃഷ്ടിക്കുകയും, കരുണയോടെ പരിപാലിക്കുകയും, സദാ കാത്തുരക്ഷിക്കുകയും ചെയ്യുന്ന ദൈവത്തോടുള്ള ഭക്ത്യാദരവാണ് ദൈവഭയം. ഈ ഭയം ഇല്ലാതാകുമ്പോഴാണ് നമ്മൾ ഭയക്കേണ്ടത്. ദൈവഭയമില്ലാതെ പ്രവർത്തിക്കുന്ന ഒരു വ്യക്തി പാപം ചെയ്ത് തന്റെ ആത്മാവിനെത്തന്നെ നഷ്ടപ്പെടുത്തുന്നു. എന്നാൽ ദൈവഭയം നമ്മെ ആത്മീയ വളർച്ചയിലേക്കും, വിവേകത്തിലേക്കും, ദൈവഹിതമനുസരിച്ച് തീരുമാനമെടുക്കാനുള്ള കഴിവിലേക്കും നയിക്കുന്നു.

ദൈവത്തിന്റെ വചനം പാലിച്ച് അതേറ്റുപറഞ്ഞ് ജീവിക്കുന്നവർക്ക് ലോകത്തിന്റെ വഴികളിൽ സഞ്ചരിക്കുന്നവരിൽനിന്ന് എതിർപ്പും വിദ്വേഷവും ലഭിക്കുമെന്നാണ് യേശു ഓർമിപ്പിക്കുന്നത്. യേശുവിനെ കുരിശിൽതറച്ച ലോകം അവിടത്തെ ശിഷ്യരെ ക്രൂശിക്കുവാനും ഒട്ടും മടിക്കുകയില്ല. എന്നാൽ ലോകത്തെ ഭയന്ന് തന്നെ ഏറ്റുപറയാൻ വിസമ്മതിക്കുന്നവരെ യേശുവും തള്ളിപ്പറയും എന്നാണ് സുവിശേഷം മുന്നറിയിപ്പ് നൽകുന്നത്. യേശുവിനെ ശത്രുക്കളുടെ മുമ്പാകെ ഏറ്റുപറയുന്ന ശിഷ്യനെ യേശു സ്വർഗീയ പിതാവിന്റെ മുമ്പാകെ ഏറ്റുപറയും. ന്യായവിധിദിവസം നമ്മുടെ ശരീരത്തെയും ആത്മാവിനെയും രക്ഷിക്കാൻകഴിവുള്ള ദൈവത്തിൽ ആശ്രയിച്ച് ഭയംകൂടാതെ ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക് സാക്ഷ്യംനൽകാൻ ദൈവാത്മാവ് നമ്മെ പ്രചോദിപ്പിക്കട്ടെ.



## ഉപേക്ഷിക്കാം അനുരൂപപ്പെടാം

ആണ്ടുവട്ടം 13-ാം ഞായർ (ജൂൺ 28)
**2 രാജാ 4:8-11, 14-16**
**റോമ 6: 3-4, 8-11 മത്താ 10: 37-42**
**ഫാ. എഡിസൻ. വൈ**

വിമത്തായി രേഖപ്പെടുത്തിയ സുവിശേഷത്തിലെ 10-ാം അധ്യായം 26-ാം വാക്യം മുതൽ സുഭാഷിതങ്ങളുടെ ശൈലിയുള്ള വാക്യങ്ങളാണ് കാണുക. ആദിമ സഭാസമൂഹത്തിന് പരിചിതമായ പരസ്പരം ബന്ധമുള്ള ഒരു ഗണം വാക്യങ്ങൾ. സുവിശേഷകൻ ഇതിൽനിന്നും സുവിശേഷ ദൗത്യത്തിന് ഊന്നൽ നൽകിക്കൊണ്ട് പ്രത്യേക വാക്യങ്ങളെ തിരഞ്ഞെടുത്തു; അപ്രകാരമുള്ള ഒരു ഭാഗമാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുക; ക്രിസ്തുശിഷ്യന്റെ യോഗ്യതകളും പ്രതിഫല വാഗ്ദാനവും.

**1. ഭിന്നത:**

ആദിമ സഭാസമൂഹത്തെ അഭിസംബോധനചെയ്യുന്ന സുവിശേഷകൻ കുടുംബത്തിലെ ഭിന്നതകളെ സൂചിപ്പിക്കുന്നു, "സ്വന്തം കുടുംബത്തിൽപ്പെട്ടവർ തന്നെയായിരിക്കും ഒരുവന്റെ ശത്രുക്കൾ" (10:36). ഇന്നും ഇത്തരം ഭിന്നതകൾ, അഭിപ്രായവ്യത്യാസങ്ങൾ കുടുംബങ്ങളിൽ സ്വാഭാവികമാണ്. കുടുംബങ്ങളിലെ പാരമ്പര്യങ്ങളെയും, മഹിമയെയും മറക്കുന്ന മക്കളും പുതിയ തലമുറയും ഇന്ന് നമുക്കുണ്ടല്ലോ. വർധിക്കുന്ന മിശ്രവിവാഹങ്ങൾ, മാതാപിതാക്കളെ ഉപേക്ഷിക്കുന്ന മക്കൾ, ലഹരികൾക്കടിമയാകുന്നവർ, ഉത്തരവാദിത്തങ്ങളെ മറക്കുന്നവർ എല്ലാം ഈ ഭിന്നതയുടെ തെളിവുകളാണല്ലോ. കുടുംബത്തിൽ ഭിന്നതയുണ്ടാകുമ്പോൾ അമ്മയുടെയോ അച്ചന്റെയോ പക്ഷം ചേരുക അഥവാ മാതാപിതാക്കൾ പുത്രനെയോ പുത്രിയെയോ ആശ്രയം തേടുക സ്വാഭാവികമാണ്. എന്നാൽ ഭിന്നതയുടെ വേളകളിൽ മാത്രമല്ല, എപ്പോഴും രക്തബന്ധങ്ങളേക്കാളുപരി ക്രിസ്തുവിൽ ആശ്രയിക്കുക, അവനെ സ്നേഹിക്കുക; അപ്പോൾ നീതിപരമായി ഭിന്നതകളെ അതിജീവിക്കുവാൻ കഴിയും.

**2. കുരിശ്:**

കുരിശ് ക്രിസ്തുവിന്റെ മരണത്തിന്റെ സൂചനയാണല്ലോ, പിന്നെ രക്ഷയുടെയും. യേശു തന്റെ ശിഷ്യരെ പീഡനങ്ങളെ നേരിടുവാൻ ഈ വാക്കുകളിലൂടെ ഒരുക്കുന്നു. ഒരു കള്ളനോ, കുറ്റവാളിയോ കുരിശുചുമന്ന് വിധിയുടെ സ്ഥലംവരെ നടക്കുകയെന്ന റോമൻനിയമം ശിഷ്യർക്ക് അറിയാം. യേശുവിന്റെ ജീവിതത്തിലും അവർ അത് പിന്നീട് കണ്ടു. പീഡനങ്ങൾ വഴി വിശ്വാസത്തിൽ സ്ഥിരതനേടുകയാണ് വേണ്ടത് എന്നിവർ പഠിച്ചു. നമ്മുടെ ജീവിതക്കുരിശുകൾ സ്വയം വഹിക്കുവാനാണ് ക്രിസ്തു ആവശ്യപ്പെടുക. അത്, ഒരു രോഗം, വേദന, ഏകാന്തത ഒക്കെയാകാം, സ്വന്തമായുള്ളതോ മറ്റുള്ളവരിൽനിന്നോ. വേദനകളിലും സഹനങ്ങളിലും ദൈവവിശ്വാസത്തിൽ സ്ഥൈര്യപ്പെടാൻ വേണ്ടിയായിരിക്കണം ക്രിസ്തുശിഷ്യൻ ശ്രമിക്കേണ്ടത്.

കുരിശിന്റെ രക്ഷാകരരഹസ്യം പൗലോസ് അപ്പോസ്തലൻ ഇന്നത്തെ രണ്ടാം വായനയിൽ വിശദീകരിക്കുന്നു. ക്രിസ്തുവിന്റെ മരണത്തോട് ഐക്യപ്പെട്ടവരാണ് ക്രിസ്തുശിഷ്യർ; ജ്ഞാനസ്നാനത്താൽ ക്രിസ്തുവിനോട് സംസ്കരിക്കപ്പെട്ടവർ പുതുജീവിതം നയിക്കാൻ അവനോടൊപ്പം ഉത്ഥാനം ലക്ഷ്യമാക്കി ജീവിതം നയിക്കുന്നവർ. നാം ക്രിസ്തുവിൽ ജീവിക്കുന്നവരും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരുമാണ് (റോമാ 6:11).

**3. ആഥിത്യമര്യാദ:**

ക്രിസ്തുശിഷ്യനെ സ്വീകരിക്കുന്നവൻ ക്രിസ്തുവിനെയാണ് സ്വീകരിക്കുന്നത്. ക്രിസ്തുശിഷ്യൻ ക്രിസ്തുവിൽ അനുരൂപപ്പെട്ടവനാണ്, ക്രിസ്തുവിലേക്ക് അനുദിനം വളരുന്നവനാണ്. അവൻ ക്രിസ്തുബന്ധത്തിൽ വളർന്ന് കുരിശുകളിൽ ദൈവവിശ്വാസ സ്ഥിരതയിൽ ജീവിക്കുന്നവനാണ്. ഭൂമിയിൽ ക്രിസ്തുവിന്റെ വാക്കുകളുടെ സാക്ഷ്യജീവിതമാണ് ക്രിസ്തുശിഷ്യർ, അത് വൈദികൻ, സന്യസ്തർ, സുവിശേഷ പ്രഘോഷകർ, അല്മായർ എല്ലാം ആണ്.

ആഥിത്യമര്യാദയുടെ ഉദാഹരണം ഇന്നത്തെ ഒന്നാം വായനയിൽ കാണാം. ദൈവത്തിന്റെ പ്രവാചകനായ ഏലീഷാക്ക് ഷൂനേംകാരിയുടെ കുടുംബം ഭക്ഷണവും വീട്ടിൽ ഒരു മുറിയും ഒരുക്കുന്നു. അവൾക്ക് പ്രതിഫലമായി പ്രവാചകൻ ഒരു മകനെ വാഗ്ദാനം ചെയ്യു. തുടർന്ന് ഈ മകൻ മരിക്കുമ്പോൾ അവനെ പുനർജീവിപ്പിക്കുന്നു.

സന്ദേശച്ചുരുക്കം: ദൈവത്തെ സ്നേഹിക്കുക, എല്ലാത്തിനേക്കാളും എല്ലാവരെയുംകാളും അതാണ് ക്രിസ്തുശിഷ്യന്റെ ആദ്യപടി. ആഴമായ വിശ്വാസവും പ്രത്യാശയും അതിന് അനിവാര്യം (ഷൂനെംകാരിയെപ്പോലെ, പൗലോസിന്റെ ക്രിസ്തുരഹസ്യവ്യാപനംപോലെ). ക്രിസ്തുശിഷ്യരായ നാമെല്ലാം സ്വന്തം ജീവൻ നേടാനുള്ള പരിശ്രമങ്ങളേക്കാളുപരി ക്രിസ്തുവിനുവേണ്ടി ജീവൻ നഷ്ടപ്പെടുത്താനാവുമ്പോൾ നമ്മുടെ ജീവൻ കണ്ടെത്തുന്നവരാകും. അഹങ്കാരവും സ്വാർഥതയും ഉപേക്ഷിച്ച് ക്രിസ്തുവിൽ അനുരൂപപ്പെടാം. ക്രിസ്തുശിഷ്യരെ പരസ്പരം സ്വാഗതം ചെയ്യാം. ●

നേർക്കാഴ്ച

ജെ. സി.




# വനിതാ സംവരണവും ലോകസഭാ നിയമസഭ മണ്ഡലങ്ങളുടെ പുനർനിർണയവും

വനിതാസംവരണത്തെ പിന്തുണയ്ക്കുമ്പോഴും അതിനെ മണ്ഡല പുനർനിർണയവുമായി കൂട്ടിക്കെട്ടുന്നതിനാൽ ഭരണഘടനാ ഭേദഗതിയെ എതിർക്കുന്നു എന്നാണ് പ്രതിപക്ഷത്തിന്റെ നിലപാട്. കൂടുതൽ സ്ത്രീകളെ രാഷ്ട്രീയ മുഖ്യധാരയിൽ എത്തിക്കാനുള്ള താത്പര്യമല്ല, സംവരണത്തെ മറയാക്കി മണ്ഡല പുനർനിർണയത്തിലൂടെ രാഷ്ട്രീയ ലാഭമുണ്ടാക്കുകയാണ് ബി.ജെ.പിയുടെ ലക്ഷ്യമെന്ന് പ്രതിപക്ഷം വിമർശിക്കുന്നു. വനിതാ സംവരണമെന്ന തങ്ങളുടെ വാദം 2023-ൽ അംഗീകരിക്കാതിരുന്ന സർക്കാർ ഇപ്പോൾ കാട്ടുന്ന തിടുക്കം ദുരുദ്ദേശ്യപരമെന്ന് പ്രതിപക്ഷം കരുതുന്നു. തുല്യത അടിസ്ഥാനപ്രമാണമായ ഭരണഘടനയുള്ള രാജ്യത്ത് വനിതകൾക്ക് നിയമനിർമാണ ശ്രമം തുടങ്ങിയത് 1990-കളിൽ മാത്രമാണ്. ഇതര പിന്നാക്ക സംവരണം വേണമെന്നതുൾപ്പെടെയുള്ള വാദങ്ങളാൽ നിയമമുണ്ടാക്കൽ വീണ്ടും വൈകി. വിഷയത്തിൽ രാഷ്ട്രീയ ഐക്യം സാധ്യമായത് 2023-ലാണ്. ഇപ്പോൾ സംവരണം നടപ്പിലാക്കുന്നതിന്റെ രീതിയെച്ചൊല്ലിയാണ് തർക്കം.

വനിതാ സംവരണത്തിന്റെ മറവിൽ രാഷ്ട്രീയ നേട്ടങ്ങൾക്കായുള്ള മണ്ഡല പുനർനിർണയമെന്ന ഗൗരവമുള്ള ആരോപണത്തിന് അടിസ്ഥാനമാകുന്ന ആശങ്കകൾ പരിഹരിക്കാനുള്ള താത്പര്യം സർക്കാരിൽനിന്ന് രാജ്യം പ്രതീക്ഷിക്കുന്നു.

ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മണ്ഡലങ്ങൾ വർധിപ്പിക്കുന്നത് ജനസംഖ്യാ നിയന്ത്രണം മികച്ച രീതിയിൽ നടപ്പിലാക്കിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് വലിയ തിരിച്ചടിയാകുമെന്നാണ് പ്രധാന ആശങ്ക. ജനസംഖ്യയുടെ അടിസ്ഥാനത്തിലുള്ള മണ്ഡല പുനർനിർണയം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് നഷ്ടവും ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് അമിത പ്രാധാന്യമെന്ന സ്ഥിതിയുണ്ടാകുമെന്ന ആശങ്ക കുറച്ചുകാലമായി ഉന്നയിക്കപ്പെടുന്നതുമാണ്. എന്നാൽ, എല്ലാ സംസ്ഥാനത്തും 50 ശതമാനം എന്ന തോതിൽ സീറ്റ് വർധിപ്പിക്കുന്നതിനാൽ വിവേചനത്തിന്റെ പ്രശ്നം ഉണ്ടാകില്ലെന്നാണ് പ്രധാനമന്ത്രി ലോകസഭയിൽ വിശദീകരിച്ചത്. അതേസമയം മണ്ഡലങ്ങളുടെ ഭൂപരിധികൾ മാറ്റിവരക്കുമ്പോൾ രാഷ്ട്രീയ താത്പര്യങ്ങളുടെ സ്വാധീനമുണ്ടാകുമെന്ന ആശങ്ക ദൂരീകരിക്കാൻ സർക്കാർ ശ്രമിക്കുന്നില്ല. പാർട്ടികളുടെ സ്ഥാനാർഥി നിർണയത്തിലെ സൗമനസ്യത്തിലൂടെ സ്ത്രീകളുടെ അനുപാതം കൂടില്ലെന്നും അതിന് ഭരണഘടനാ ഭേദഗതിതന്നെ വേണമെന്നും വനിതാ നേതാക്കളും സ്ത്രീ സംഘടനകളും വാദിക്കാൻ തുടങ്ങി. 1996-ൽ കേന്ദ്രസർക്കാർ ഭരണഘടന ഭേദഗതിയിലൂടെ ലോകസഭയിലും നിയമസഭകളിലും 33 ശതമാനം സ്ത്രീസംവരണം കൊണ്ടുവരാൻ ബിൽ അവതരിപ്പിച്ചു. ആർ.ജെ.സി, സമാജ് വാദി തുടങ്ങിയ പിന്നാക്ക സമുദായ പാർട്ടികൾ അതിനെ ശക്തമായി എതിർത്തു. ജാതിതന്നെയായിരുന്നു പ്രശ്നം. സ്ത്രീ സംവരണത്തിൽ ഒ.ബി.സി സംവരണം വേണം എന്നായിരുന്നു അവരുടെ ആവശ്യം.

ഭരണഘടനാ ഭേദഗതി ബിൽ പാസാകണമെങ്കിൽ സഭയുടെ മൊത്തം അംഗബലത്തിന്റെ കേവല ഭൂരിപക്ഷംവേണം. വോട്ടു ചെയ്യുന്നതിൽ മൂന്നിൽ രണ്ടുപേർ പിന്തുണയ്ക്കുകയും വേണം. രാജ്യത്തെ ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ നിയമനിർമാണ സഭകളുടെ പ്രതിനിധികളുടെ അനുപാതം ഗുണപരമായ രീതിയിൽ മാറേണ്ടതുണ്ട്. ഫെഡറലിസത്തിന്റെ മര്യാദകൾ പാലിച്ചു കൊണ്ടുള്ള മണ്ഡല പുനർനിർണയത്തിനുള്ള വഴികൾ കണ്ടുപിടിക്കേണ്ടത് ഭരണ നേതൃത്വത്തിന്റെ ഉത്തരവാദിത്തമാണ്. വനിതാ സംവരണത്തിന്റെ മറവിൽ രാഷ്ട്രീയ നേട്ടങ്ങൾക്കായുള്ള മണ്ഡല പുനർനിർണയമെന്ന ഗൗരവമുള്ള ആരോപണത്തിന് അടിസ്ഥാനമാകുന്ന ആശങ്കകൾ പരിഹരിക്കാനുള്ള താത്പര്യം സർക്കാരിൽനിന്ന് രാജ്യം പ്രതീക്ഷിക്കുന്നു. രാജ്യത്തെ പകുതിയിൽ കൂടുതൽ വോട്ടർമാർക്ക് നിയമനിർമാണ സഭകളിൽ ഇന്ന് എട്ടിലൊന്നേ പ്രാതിനിധ്യം ഉള്ളൂ. ഈ നാണക്കേടിൽനിന്ന് മാറിവരാൻ സർക്കാർ മുൻകൈ എടുക്കണം. •


SACRED HEART CHURCH, NANTHENCODE
Latin Archdiocese of Trivandrum
50 Years
OF FAITH & BLESSINGS
GOLDEN JUBILEE
CELEBRATIONS
June 2025 – June 2026
With gratitude to God,
we joyfully celebrate 50 blessed years
of faith, unity and service.
Rooted in Faith • Growing in Love
THANK YOU ALL
Priests • Religious • Parishioners • Well-wishers • Benefactors


സെന്റ് ആന്റണീസ് ചർച്ച്
തിരുവനന്തപുരം ലത്തീൻ അതിരൂപത
കുലശേഖരം
ഇടവക മദ്ധ്യസ്ഥ തിരുനാൾ
2026 ജൂൺ 7 മുതൽ 16 വരെ
ഏവർക്കും തിരുനാൾ ആശംസകൾ

JEEVANUM VELICHAVUM

Pub. Date: 01.06.2026
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26

Total Pages 44
Rs. 30/-


# MARIAN EDU CITY

Latin Archdiocese of Trivandrum

NURTURING A HABIT OF EXCELLENCE

## MARIAN ENGINEERING COLLEGE (MEC)

Courses Offered

- Civil Engineering
- Mechanical Engineering
- Computer Science & Engineering
- Electronics & Computer Engineering
- Electrical & Electronics Engineering
- Artificial Intelligence & Machine Learning
- Electronics & Communication Engineering
- Electrical & Computer Engineering

## MARIAN BUSINESS SCHOOL (MBS)

## MARIAN COLLEGE OF ARCHITECTURE AND PLANNING (MCAP)

Courses Offered

Bachelor of Architecture B.Arch

## OUR NEW PROGRAMS

**B-Tech**
(Electrical & Computer)

**Integrated MCA**
(After +2 Commerce and Science Students)

**B. Des**
(Bachelor of Design)

KAZHAKUTTOM, THIRUVANANTHAPURAM-695582

www.marian.ac.in
educity@marian.ac.in

94957 07111, 94957 07222

m.CAP

MARIAN BUSINESS SCHOOL TRIVANDRUM

QUALITY EDUCATION | INNOVATION | ETHICS | EXCELLENCE


Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George